بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 8

ലക്കം 33

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 ആഗസ്റ്റ് 17/ ഹി.ശം 1402 ളുഹൂർ 17/ ഹി:ഖ 1444 മുഹർറം 29


## അല്ലാഹുവിന്റെ വചനം

وَالَّذِیۡنَ عَمِلُوا السَّیِّاٰتِ ثُمَّ تَابُوۡا مِنۡۢ بَعۡدِہَا وَاٰمَنُوۡۤا ۫ اِنَّ رَبَّکَ مِنۡۢ بَعۡدِہَا لَغَفُوۡرٌ رَّحِیۡمٌ ۝

(اعراف:154)

എന്നാൽ, തിന്മ പ്രവർത്തിക്കുകയും അതിനുശേഷം പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും ചെയ്തവരാരോ(അവർക്ക് ശിക്ഷ ഉണ്ടാകുകയില്ല). അതിന്(പശ്ചാത്താപത്തിനു)ശേഷം നിന്റെ നാഥൻ വളരെ പൊറുക്കുന്നവനും അത്യധികം കരുണ ചെയ്യുന്നവനുമാകുന്നു. (വിശുദ്ധ ഖുർആൻ 7:154)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിന സ്ത്വിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

### കളളസത്യം ചെയ്ത് ധനം അപഹരിക്കുന്നവനെ അല്ലാഹു വെറുക്കുന്നു

(2416–17)ഹദ്റത്ത് അബ്ദുല്ലാഹ് (ബിൻ മസ്ഊദ്)റളിയല്ലാഹു അൻഹു നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:വല്ലവനും അന്യായമായി ഒരു മുസ്‌ലിമിന്റെ ധനം തട്ടിയെടുക്കാൻ സത്യം ചെയ്താൽ പരലോകത്ത് കുപിതനായ നിലയിലായിരിക്കും അല്ലാഹുവിനെ അവൻ കണ്ടുമുട്ടുക. അല്ലാഹു ഇതു സംബന്ധിച്ചാണ് ഇപ്രകാരം അവതരിപ്പിച്ചത്. പറഞ്ഞു, ഹദ്റത്ത് അശ്അഥ്(റ)പറയാറുണ്ടായിരുന്നു. എന്റെ കാര്യത്തിലാണീവാക്യം അവതരിച്ചത്. എന്റെ പിതൃവ്യപുത്രന്റെ സ്ഥലത്ത് എനിക്കൊരു കിണറുണ്ടായിരുന്നു.(അതിന്റെ ഉടമസ്ഥാവകാശത്തെ കുറിച്ച് തർക്കമായി). നബി(സ)തിരുമേനി ചേദിച്ചു:നിനക്ക് സാക്ഷികളാരെങ്കിലുമുണ്ടോ? ഇല്ലെന്ന് ഞാൻ പറഞ്ഞു.എങ്കിൽ അവൻ സത്യം ചെയ്യുന്ന പക്ഷം അതു സ്വീകരിച്ചു കൊള്ളണം. നബി (സ)തിരുമേനി പ്രത്യുത്തരം നല്കി. ഞാൻ പറഞ്ഞു: മറ്റവൻ (കള്ള)സത്യം ചെയ്യാൻ മടിക്കുകയില്ല. അപ്പോഴാണ് നബി(സ) തിരുമേനിയുടെ വാക്കിനെ ശരിവെച്ചുകൊണ്ട് അല്ലാഹു മേൽപ്പറഞ്ഞ വാക്യം അവതരിപ്പിച്ചത്.

(സ്വഹീഹ് ബുഖാരി, വാല്യം 4, കിതാബുൽഖുസ്വൂമാത്ത്, പ്രസാധനം 2008 ഖാദിയാൻ)






## ഈ ലക്കത്തിൽ


ജുമുഅ ഖുത്വ്ബ 2023 ജൂലായ് 14 (സമ്പൂർണ തർജമ)

നാഷണൽ മജ്‌ലിസ് ആമില കാനഡയുമായി ഓൺലൈൻ കൂടിക്കാഴ്ച

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം


ഇന്നീ റസൂലുല്ലാഹി ഇലയ്ക്കും ജമീഅൻ എന്ന മഹത്തായ വാദം ആരും പുറപ്പെടുവിച്ചിട്ടില്ല. ഫക്കീദൂനീ ജമീഅൻ(11:56)അതിനാൽ നിങ്ങളെല്ലാവരും ഒത്തു ചേർന്നുകൊണ്ട് എനിക്കെതിരെ (തന്ത്രം)ആസൂത്രണം ചെയ്തുകൊള്ളുക എന്നു പറയാനും ആർക്കും തന്റേടവുമുണ്ടായില്ല. സയുഹ്സമുൽജംഉ വ യുവല്ലൂനദ്ദുബുറ(54:46)എന്നതും ആരുടെ വായിൽനിന്നും പുറത്തുവന്നില്ല. ആ വാക്കുകൾ അല്ലാഹുവിന്റെ തണലിനു കീഴെ ദൈവത്വത്തിന്റെ ചാദുറിൽ പുതയ്ക്കപ്പെട്ട ഒരേയൊരാളുടെ വായിൽനിന്നാണ് പുറത്തുവന്നത്.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

നമ്മുടെ നബികരീം(സ)എത്രമാത്രം പ്രബലമായ പ്രവൃത്തിയാണ് ചെയ്തത്. താനൊരു ജോലി ചെയ്യുന്നതിനാണ് വന്നിട്ടുള്ളതെന്ന് പറഞ്ഞ സമയം മുതൽ അൽയൗമ അക്മൽത്തുലക്കും ദീനക്കും (5:4)എന്നു കേൾക്കുന്നതുവരെ അവിടന്ന് ലോകത്തുനിന്ന് ഉയർന്നുപോയില്ല. ഇന്നീ റസൂലുല്ലാഹി ഇലയ്ക്കും ജമീഅൻ എന്ന് അദ്ദേഹം വാദിച്ചതുപോലെ.(7:159). ഈ വാദത്തിനു ചേർന്ന രീതിയിൽ അദ്ദേഹത്തിന്റെ എതിർപ്പിൽ മുഴവൻ ലോകത്തേയും കാപട്യരും വഞ്ചകരും ഐകകണ്ഠ്യേന അണിനിരക്കുന്നു. ആ മഹാത്മാവ് എത്രമാത്രം സഹിഷ്ണുതയോടും ധൈര്യത്തോടും കൂടിയാണ് എതിരാളികളെ സംബോധന ചെയ്ത പറയുന്നത്: ഫക്കീദൂനീ ജമീഅൻ(11:56)അതിനാൽ നിങ്ങളെല്ലാവരും ഒത്തു ചേർന്നുകൊണ്ട് എനിക്കെതിരെ(തന്ത്രം)ആസൂത്രണം ചെയ്തുകൊള്ളുക. പിന്നീട് എനിക്ക് ഇടനല്കുകയും വേണ്ട. സകല തന്ത്രങ്ങളും വഞ്ചനകളും ഉപയോഗിച്ചുകൊള്ളുക. വധിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചുകൊള്ളുക. പുറത്താക്കാനും തടവിലാക്കാനുമുള്ള സൂത്രങ്ങൾ ആസൂത്രണം ചെയ്തുകൊള്ളുക. എന്നാൽ, ഓർമവെച്ചുകൊള്ളുക സയുഹ്സമുൽജംഉ വ യുവല്ലൂനദ്ദുബുറ(54:46)(എന്നാൽ), ആ സൈന്യസമൂഹം അവരുടെ നിശ്ചയഅവധിയാണ്. ആ സമയം ഏറ്റവും ആപൽക്കരവും കടുത്ത തിക്തവുമായിരിക്കും. അവസാന വിജയം എന്റേതാണ്!നിങ്ങളുടെ എല്ലാ ഗൂഢപദ്ധതികളും മണ്ണോടുമണ്ണ് ചേരുന്നതായിരിക്കും. നിങ്ങളുടെ മുഴുവൻ സംഘങ്ങളും ചിന്നിച്ചിതറുകയും പൊട്ടിത്തകരുകയും ചെയ്യുന്നതായിരിക്കും. പിന്തിരിഞ്ഞോടുന്നതായിരിക്കും. ഇന്നീ റസൂലുല്ലാഹി ഇലയ്ക്കും ജമീഅൻ എന്ന മഹത്തായ വാദം ആരും പുറപ്പെടുവിച്ചിട്ടില്ല.ഫക്കീദൂനീ ജമീഅൻ(11:56) അതിനാൽ നിങ്ങളെല്ലാവരും ഒത്തു ചേർന്നുകൊണ്ട് എനിക്കെതിരെ(തന്ത്രം)ആസൂത്രണം ചെയ്തുകൊള്ളുക എന്നു പറയാനും ആർക്കും തന്റേടവുമുണ്ടായില്ല. സയുഹ്സമുൽജംഉ വ യുവല്ലൂനദ്ദുബുറ(54:46) എന്നതും ആരുടെ വായിൽനിന്നും പുറത്തുവന്നില്ല. ആ വാക്കുകൾ അല്ലാഹുവിന്റെ തണലിനു കീഴെ ദൈവത്വത്തിന്റെ ചാദുറിൽ പുതയ്ക്കപ്പെട്ട ഒരേയൊരാളുടെ വായിൽനിന്നാണ് പുറത്തുവന്നത്. (മൽഫൂദാത്ത് വാല്യം 1, പേജ് 469, പ്രസാധനം 2018 ഖാദിയാൻ)

അല്ലാഹു എല്ലാ മനുഷ്യർക്കും ആദരവ് പ്രദാനം ചെയ്തിരിക്കുന്നുവെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്; പ്രത്യേക ജനതകൾക്കെന്നല്ല. അതുകൊണ്ട് ജനതകൾ പരസ്പരം വീരവാദം മുഴക്കാതിരിക്കേണ്ടതാണ്.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സൂറ ബനീഇസ്‌റാഈലിലെ 71-ാമത്തെ വചനമായ വലഖദ് കർറംനാ ബനീ ആദമ വ ഹമൽനാഹും ഫിൽബർറി വൽബഹ്റി വറസഖ്നാഹും മ്മിനത്ത്വയ്യിബാത്തി വ ഫള്ളൽനാഹും അലാ കഥീരിൻ മിമ്മൻ ഖലഖ്നാ തഫ്ളീലൻ (തീർച്ചയായും ആദം സന്തതികളെ നാം ബഹുമാനിച്ചിരിക്കുന്നു. കരയിലും കടലിലും നാം അവരെ വാഹനത്തിൽ കയറ്റുകയും നല്ല വിഭവങ്ങളിൽനിന്ന് അവർക്ക് ആഹാരം നല്കുകയും നാം സൃഷ്ടിച്ച നിരവധി സൃഷ്ടികളെക്കാൾ അവരെ ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു) എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു: അല്ലാഹു എല്ലാ മനുഷ്യർക്കും ആദരവ് പ്രദാനം ചെയ്തിരിക്കുന്നുവെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്; പ്രത്യേക ജനതകൾക്കെന്നല്ല. അതുകൊണ്ട് ജനതകൾ പരസ്പരം വീരവാദം മുഴക്കാതിരിക്കേണ്ടതാണ്. ഇതുമുഖേന തങ്ങളാണ് ആദരണീയർ എന്നു പരസ്പരം മനസ്സിലാക്കുന്ന യഹൂദികളേയും ഖുറയ്ശികളേയും ഉപദേശിച്ചിരിക്കുകയാണ്. പറഞ്ഞു, അല്ലാഹു എല്ലാ ഓരോ ജനതയ്ക്കും ആദരവ് നല്കിയിട്ടുണ്ട്. എന്നാൽ, ചില ജനതകൾ ഈ ആദരവിൽനിന്ന് ഫലമെടുക്കുന്നില്ല. അല്ലാഹു തുറന്നിട്ടുള്ള വഴികളെ തങ്ങൾക്കായി അടയ്ക്കുന്നു. വ ഹമൽനാഹും ഫിൽബർറി വൽബഹ്റി എന്നു പറഞ്ഞുകൊണ്ട് ഇവിടെ സമുദ്രത്തേയും കരയേയും ഒരുപോലെ അല്ലാഹു മനുഷ്യന്റെ പുരോഗതിക്കായി നിശ്ചയിച്ചിരിക്കുന്നുവെന്ന് സൂചിപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് ഏതെങ്കിലും ജനത ആദരവ് കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവർ രണ്ടിൽനിന്നും ഒരുപോലെ പ്രയോജനമെടുക്കേണ്ടതാണ്.

വിശുദ്ധ ഖുർആൻ മുഹമ്മദ്(സ)ന്റെ സൃഷ്ടിയാണെന്ന് ആളുകൾ പറയുന്നു. ഇവിടെ പറഞ്ഞിരിക്കുന്ന ഇക്കാര്യങ്ങൾ അറേബ്യയിൽ വസിക്കുന്ന ഒരാളുടെ വായിൽനിന്ന് പുറപ്പെടാൻ സാധ്യതയുണ്ടോ? പ്രത്യേകിച്ചും ഒരിക്കലും വഞ്ചിയിൽ യാത്ര ചെയ്തിട്ടില്ലാത്ത ഒരാളുടെ വായിൽനിന്ന്!

(ശേഷം പേജ് 8 ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

ഇന്നവന്റെ മകൻ ഇന്നവനേ!അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിച്ചുകൊണ്ടു ജീവിച്ചിരുന്നെങ്കിൽ നന്നായിരുന്നേനെ എന്ന് ഇപ്പോൾ നിങ്ങൾക്ക് തോന്നുന്നുണ്ടോ? ഞങ്ങളുടെ നാഥൻ വാഗ്ദാനം ചെയ്തത് സത്യമായിത്തന്നെ ഞങ്ങൾക്ക് അനുഭവപ്പെട്ടു കഴിഞ്ഞു. അതേപ്രകാരം നിങ്ങളുടെ നാഥൻ നിങ്ങൾക്കു നൽകിയ താക്കീതും സത്യമായി അനുഭവപ്പെട്ടുകഴിഞ്ഞോ?

നബി(സ)തിരുമേനി പറഞ്ഞു:മുഹമ്മദിന്റെ ആത്മാവിനെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന അല്ലാഹുവിനെക്കൊണ്ട് സത്യം. എന്റെ സംസാരം കേൾക്കാൻ അവർക്കുള്ള കഴിവ് നിങ്ങൾക്കില്ല.

യഥാർഥത്തിൽ നബി(സ)തിരുമേനി ഫിദ്‌യ വാങ്ങാനുള്ള തീരുമാനമെടുത്തത് ദൈവേച്ഛ പ്രകാരമായിരുന്നു.

**ബദ്ർ യുദ്ധത്തെ ഉദ്ധരിച്ച് നബി(സ)തിരുമേനിയുടെ ചരിത്രത്തിന്റെ അനുഗൃഹീത ചർച്ച**

ഖുറയ്ശി നേതാക്കളുടെ മറമാടൽ, നബി(സ)തിരുമേനിയുടെ മുഅ്ജിസത്തുകൾ, ഗനീമത്ത് മുതലിന്റെ വിതരണം തുടങ്ങിയവയുടെ ചർച്ച. ഇപ്രകാരംതന്നെ തടവുകാരെ ഫിദ്‌യ വാങ്ങിമോചിപ്പിക്കുന്നതിനെ കുറിച്ചുള്ള പ്രസിദ്ധമായൊരു ഹദീഥിന്റെ പരിഹാരം.

ജമാഅത്തിന്റെ മുറബ്ബിയും നാഇബ് നാള്വിം മാൽ വക്‌ഫെ ജദീദ് പാക്കിസ്താനുമായ റാണ അബ്ദുൽഹമീദ് ഖാൻസാഹിബ് കാട്ടഗഢി, ജമാഅത്തിന്റെ മുറബ്ബി മുബശ്ശിർ അഹ്മദ് സാഹിബിന്റെ ഭാര്യ നുസ്റത്ത് ജഹാൻ സാഹിബ എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും

**ഖുത്ബ ജുമുഅ 2023 ജൂലായ് 14/1402 വഫാ 14**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ് യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ബദ്ർയുദ്ധ പശ്ചാത്തലത്തിൽ നബി(സ)തിരുമേനിയുടെ ജീവിതത്തേയും സംഭവവികാസങ്ങളേയും കുറിച്ചാണ് വിവരിച്ചത്. ബദ്ർയുദ്ധം അവസാനിച്ചപ്പോൾ അല്ലാഹു അവിശ്വാസികൾക്ക് അവരുടെ മോശമായ പര്യവസാനം കാണിച്ചുകൊടുത്തതിനെ കുറിച്ചും പറഞ്ഞിരുന്നു. 70 അവിശ്വാസികളാണ് വധിക്കപ്പെട്ടത്. അവരിൽ ഏറെയും പ്രമാണിമാരും മതനേതാക്കന്മാരുമായിരുന്നു. പ്രസ്തുത ഖുറയ്ശീ മൂപ്പന്മാരുടെ ഖബ്റടക്കത്തെ കുറിച്ച് ഇപ്രകാരം വിവരങ്ങൾ ലഭിക്കുന്നുണ്ട്. സ്വഹീഹ് ബുഖാരിയിൽ വന്നിരിക്കുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) നിവേദനം. നബി(സ)തിരുമേനി കഅ്ബ മന്ദിരത്തിന്നടുത്ത് നമസ്കരിക്കുകയായിരുന്നു. പഴയെ കാലത്തെ സ്ഥിതിഗതികളെ കുറിച്ചാണ് വിവരിക്കുന്നത്. മുമ്പേയുണ്ടായിരുന്ന അവസ്ഥകളുടെ വിവരണമാണിത്. നബി(സ)തിരുമേനി കഅ്ബ മന്ദിരത്തിനുസമീപം നമസ്കരിക്കുകയായിരുന്നു. അവരിൽ ചില ദുർഭഗന്മാർ നബി(സ)തിരുമേനിയുടെ രണ്ടു ചുമലുകൾക്കിടയിൽ ഒട്ടകത്തിന്റെ കുടൽമാല കൊണ്ടിട്ടു. അപ്പോൾ നബി(സ)തിരുമേനി സുജൂദിലായിരുന്നു. അവിടന്ന് സുജൂദിൽത്തന്നെ തുടരുകയും അവിടെയുണ്ടായിരുന്നവർ ആ മഹാത്മാവിനെ പരിഹസിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഹദ്റത്ത് ഫാത്വിമ(റ)യോടു ആരോ പറഞ്ഞപ്പോൾ അവർ ഓടി അവിടെയെത്തി. നബി(സ)തിരുമേനി സുജൂദിന്റെ അവസ്ഥയിൽത്തന്നെയായിരുന്നു. ഫാത്വിമ തന്റെ പിതാവിന്റെ ചുമലുകളിൽനിന്ന് ആ കനമുള്ള കുടൽമാല ഉന്തി താഴെയിട്ടു. അതിട്ടവരെ ഒരുപാട് കുറ്റപ്പെടുത്തുകയും ചെയ്തു. നബി(സ)തിരുമേനി നമസ്കരിച്ച ശേഷം ഇപ്രകാരം ദുആ ചെയ്തു: "അല്ലാഹുവേ!ഖുറയ്ശികളെ പിടികൂടിയാലും. അല്ലാഹുവേ!ഖുറയ്ശികളെ പിടികൂടിയാലും. അല്ലാഹുവേ!ഖുറയ്ശികളെ പിടികൂടിയാലും." തുടർന്ന് അവിടന്ന് പേരെടുത്തു പറഞ്ഞു:അല്ലാഹുവേ! അംറ് ബിൻ ഹിശാം, ഉത്ബ ബിൻ റബീഅ, ശെയ്ബ ബിൻ റബീഅ, വലീദ് ബിൻ ഉത്ബ, ഉമയ് ബിൻ ഖലഫ്, ഉഖ്ബ ബിൻ അബീ മുയീത്വ്, അമ്മാറ ബിൻ വലീദ് എന്നിവരെ പിടിച്ചാലും. ഹദ്റത്ത് അബ്ദുല്ലാഹ്(റ)പറയുന്നു:അല്ലാഹുവാണ!അവരെല്ലാവരും ബദ്ർ ദിവസം മരിച്ചുവീണത് ഞാനെന്റെ കണ്ണുകൊണ്ട് കണ്ടതാണ്. അതായത് നബി(സ)തിരുമേനി അന്ന് പേരെടുത്ത് ദുആ ചെയ്തവർ! അനന്തരം അവരെ വലിച്ചിഴച്ച് ബദ്റിലെ കുഴിമാടങ്ങളിലേക്ക് വലിച്ചെറിയുകയാണുണ്ടായത്. അതിനുശേഷം നബി(സ)തിരുമേനി പറഞ്ഞു:കുഴികളിലുള്ളവർക്കുമേൽ ശാപം ചൊരിയുമാറാകട്ടെ.(സ്വഹീഹുൽബുഖാരി, കിതബുസ്സ്വലാത്ത് നിവേദനം 520)

ഇപ്രകാരം ഒരു ചരിത്ര ഗ്രന്ഥത്തിൽ വന്നിരിക്കുന്നു, നബി(സ)തിരുമേനി പ്രസ്താവിച്ചു: അന്യാരാധകരുടെ ശവങ്ങളെ അവർ മരിച്ചു വീണിടത്തുനിന്നും നീക്കം ചെയ്തുകൊള്ളട്ടെ. അവിടന്ന് യുദ്ധം തുടങ്ങുന്നതിനു മുമ്പേതന്നെ അവരുടെ വധസ്ഥലികളെ കുറിച്ച് അടയാളപ്പെടുത്തി പറഞ്ഞുതന്നിരുന്നു. ഇതു സംബന്ധമായി ഹദ്റത്ത് ഉമർ(റ)ൽനിന്നു നിവേദനം. നബി(സ)തിരുമേനി ഞങ്ങൾക്ക് ബദ്റിൽ വധിക്കപ്പെടുന്ന അവിശ്വാസികളരുടെ വധസ്ഥലികൾ കാണിച്ചു തന്നിരുന്നു. നബി(സ)തിരുമേനി അതു ചൂണ്ടിക്കാണിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു:ഇൻശാഅല്ലാഹ് നാളെ ഇവിടെയായിരിക്കും ഉത്ബ ബിൻറബീഅയുടെ വധസ്ഥലി. ഇത് ശെയ്ബ ബിൻ റബീഅയുടെ വധസ്ഥലിയായിരിക്കും. ഇത് ഉമയ്യ ബിൻ ലഫിന്റെ വധസ്ഥലിയായിരിക്കും. ഇതു അബൂജഹ്ൽ ബിൻ ഹിശാമിന്റെ വധസ്ഥലിയായിരിക്കും. ഇത് ഇന്നയാളുടെ വധസ്ഥലിയായിരിക്കും. നബി(സ)തിരുമേനി തന്റെ തൃക്കൈ നിലത്തുവെച്ച് ഓരോ സ്ഥലവും അടയാളപ്പെടുത്തിക്കൊണ്ടിരുന്നു. പിന്നീട് അടുത്ത ദിവസം ബദ്ർ യുദ്ധത്തിൽ മരിച്ചവരുടെ മൃതദേഹങ്ങൾ ആ പറഞ്ഞിടത്തുനിന്ന് അണുവിട അങ്ങോട്ടുമിങ്ങോട്ടുമാറാതെ നബി(സ)തിരുമേനി കൈകൊണ്ടു അടയാളപ്പെടുത്തിയ സ്ഥലത്തുതന്നെ വീണു.(അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 245, ദാറുൽകുതുബുൽ ഇൽമിയ്യ 2002)

ഹദ്റത്ത് ആഇശാ(റ)നിവേദനം. യുദ്ധാനന്തരം നബി(സ) തിരുമേനി ഇപ്രകാരം കൽപിച്ചു: വധിക്കപ്പെട്ട എല്ലാ അവിശ്വാസികളേയും കുഴികളിൽ തള്ളിയിടുവിൻ. അങ്ങനെ എല്ലാവരും ഇടപ്പെട്ടു; ഉമയ്യ ബിൻ ഖലഫൊഴികെ. അയാളുടെ ജഡം തന്റെ പടച്ചട്ടയിൽ അഴുകിയിരുന്നു. അതിനെ പൊക്കാൻ തുടങ്ങിയപ്പോൾ അവന്റെ മാംസം താഴെ വീഴാൻ തുടങ്ങി. അതുകൊണ്ട് അവനെ ആ സ്ഥലത്തുതന്നെ മണ്ണും കല്ലുമിട്ട് മൂടുകയായിരുന്നു. (സീറത്ത് ഇബ്നു ഹിശാം, പേജ് 435, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)

അന്യാരാധകരുടെ ശവങ്ങൾ കുഴികളിലിടാൻ നബി(സ)തിരുമേനി കൽപിച്ചപ്പോൾ ഉത്ബ ബിൻ റബീഅയെ എടുത്ത് അതിൽ വലിച്ചെറിഞ്ഞു. അപ്പോൾ ഉത്ബയുടെ മകനായ അബൂഹുദയ്ഫയുടെ മുഖത്ത് ഇഷ്ടക്കേടിന്റെ ഭാവമാറ്റം നബി(സ)തിരുമേനി ശ്രദ്ധിച്ചു. അദ്ദേഹം മുസ്‌ലിമായിരുന്നു;പിതാവ് കാഫിറും. നബി(സ)തിരുമേനി പറഞ്ഞു: അബൂ ഹുദയ്ഫാ!താങ്കളുടെ മനസ്സിൽ പിതാവിനെ കുറിച്ച് എന്തോ ചിന്തയുള്ളതുപോലുണ്ടല്ലോ? അദ്ദേഹം പറഞ്ഞു: ഇല്ല. യാറസൂലല്ലാഹ്! എനിക്ക് പിതാവിന്റെ കാര്യത്തിലും സംശയമില്ല. അദ്ദേഹം വധിക്കപ്പെട്ട കാര്യത്തിലും സംശയമില്ല. എന്നാൽ, എനിക്കറിയാമായിരുന്നു, എന്റെ പിതാവ് ബുദ്ധിമാനും സൗമ്യശീലനും ആദരണീയനുമായിരുന്നു. ഇദ്ദേഹത്തിലുണ്ടായിരുന്ന ഇക്കാര്യങ്ങൾ, ഈ നന്മകൾ ഇദ്ദേഹത്തെ ഇസ്‌ലാമിലേക്ക് നയിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. എന്നാൽ, ഞാൻ അദ്ദേഹത്തിന്റെ പര്യവസാനം കണ്ടപ്പോൾ അദ്ദേഹത്തിന്റെ നിഷേധത്തെ കുറിച്ച് ഓർത്തുപോയി. എന്തെന്നാൽ അദ്ദേഹം മുസ്‌ലിമാകുമെന്നായിരുന്നു ഞാൻ പ്രതീക്ഷിച്ചിരുന്നത്. അക്കാര്യമാണ് എന്നെ വിഷമിപ്പിച്ചത്. നബി(സ)തിരുമേനി അദ്ദേഹത്തിനുവേണ്ടി പ്രാർഥിച്ചു. അതായത് അബൂഹുദയ്ഫയ്ക്കുവേണ്ടി. അതുപോലെ സമാശ്വസിപ്പിക്കുകയും ചെയ്തു.(സുബുലുൽ ഹുദാ വർറശാദ്, വാള്യം 4, പേജ് 56-57, ദാറുൽ കുതുബുൽ ഇൽമിയ്യ 1993)

ഹദ്റത്ത് അബൂത്വൽഹ(റ)പറയുന്നു: ബദ്ർ യുദ്ധ ദിവസം 24 ഖുറയ്ശി പ്രമാണിമാരുടെ ശവങ്ങൾ ഒരു പൊട്ടക്കിണറ്റിൽ ഇടുവാൻ നബി(സ)തിരുമേനി കൽപിച്ചു. ഒരു ജനതയെ യുദ്ധത്തിൽ പരാജയപ്പെടുത്തിയാൽ ആ യുദ്ധക്കളത്തിൽ മൂന്നു ദിവസം താമസിക്കുക നബി(സ)തിരുമേനിയുടെ പതിവായിരുന്നു. അപ്രകാരം ബദ്റിൽ താമസിച്ച മൂന്നാം ദിവസം യാത്രയ്ക്കുവേണ്ടി ഒട്ടകപ്പുറത്ത് ഒട്ടകക്കട്ടിൽ വെച്ചുകെട്ടാൻ നബി(സ)തിരുമേനി ഉപദേശിച്ചു. അതു കെട്ടി. ശേഷം നബി(സ)തിരുമേനി നടക്കാൻ തുടങ്ങി. അനുചരന്മാർ നബിയെ പിന്തുടർന്നു. നബി(സ)തിരുമേനി വാഹനത്തിൽ കയറാതെ നടക്കുന്നതുകണ്ടപ്പോൾ

ആ മഹാത്മാവിന് പ്രാഥമികാവശ്യം നിർവഹിക്കാനുണ്ടായിരിക്കുമെന്ന് സ്വഹാബാക്കൾക്കു തോന്നി. ഖുറയ്ശീ നേതാക്കന്മാരെ കബറടക്കം ചെയ്ത കിണറ്റിൻകരയിലെത്തിയപ്പോൾ അവരുടേയും അവരുടെ പിതാക്കളുടേയും പേരെടുത്തുവിളിച്ചുകൊണ്ട് ഇന്നവന്റെ മകൻ ഇന്നവനേ!അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിച്ചുകൊണ്ടു ജീവിച്ചിരുന്നെങ്കിൽ നന്നായിരുന്നേനെയെന്ന് ഇപ്പോൾ നിങ്ങൾക്ക് തോന്നുന്നുണ്ടോ? ഞങ്ങളുടെ നാഥൻ വാഗ്ദാനം ചെയ്തത് സത്യമായിത്തന്നെ ഞങ്ങൾക്ക് അനുഭവപ്പെട്ടു കഴിഞ്ഞു. അതേപ്രകാരം നിങ്ങളുടെ നാഥൻ നിങ്ങൾക്കു നൽകിയ താക്കീതും സത്യമായി അനുഭവപ്പെട്ടുകഴിഞ്ഞോ? ഹദ്റത്ത് ഉമർ(റ)ചോദിച്ചു:അല്ലാഹുവിന്റെ റസൂലേ! ആത്മാവില്ലാത്ത ശരീരങ്ങളോടു അങ്ങ് സംസാരിച്ചിട്ടെന്തു ഫലം? നബി(സ)തിരുമേനി പറഞ്ഞു:മുഹമ്മദിന്റെ ആത്മാവിനെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന അല്ലാഹുവിനെക്കൊണ്ട് സത്യം. എന്റെ സംസാരം കേൾക്കാൻ അവർക്കുള്ള കഴിവ് നിങ്ങൾക്കില്ല.(ബുഖാരി കിതാബുൽമഗാസി ബാബു ഖതല അബീജഹ്ൽ, ഹദീഥ് 3976)

സീറത്ത് ഇബ്നു ഹിശാമിൽ ഇങ്ങനെ പറയുന്നു:'അല്ലയോ കിണർവാസികളേ!നിങ്ങൾ പ്രവാചകന്റെ വളരെ മോശം ബന്ധുക്കളായിരുന്നു. നിങ്ങളെന്നെ വ്യാജപ്പെടുത്തി. ആളുകൾ എന്നെ സാക്ഷ്യപ്പെടുത്തി. നിങ്ങളെന്നെ സ്വന്തം വീട്ടിൽനിന്ന് പുറത്താക്കി. ജനങ്ങൾ എനിക്ക് അഭയം നല്കി. നിങ്ങളെന്നോടു യുദ്ധം ചെയ്തു. ജനങ്ങളെന്നെ സഹായിച്ചു.' തുടർന്നു പറഞ്ഞു:'ഹൽ വജദ്ത്തും മാ വഅദക്കും റബ്ബുക്കും ഹഖ്ഖൻ? നിങ്ങളുടെ നാഥൻ നിങ്ങളോടു ചെയ്ത വാഗ്ദാനം നിങ്ങൾ പ്രാപിച്ചുവോ?' (സീറത്ത് ഇബ്നുഹിശാം, പേജ് 435, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്2001)

സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ)ഇപ്രകാരം എഴുതിയിരിക്കുന്നു:"തിരിച്ചുവരുന്നതിനുമുമ്പേ നബി(സ)തിരുമേനി ഖുറയ്ശീ നേതാക്കന്മാർ ഖബ്റടക്കപ്പെട്ടിരുന്ന ആ കിണറിന്റെ അടുത്തുപോയി. പിന്നീട് അവരിൽ ഓരോരുത്തരുടേയും പേരെടുത്തുവിളിച്ചുകൊണ്ട് ചോദിച്ചു, 'ഹൽ വജദ്ത്തും മാ വഅദക്കും റബ്ബുക്കും ഹഖ്ഖൻ? ഫ ഇന്നീ വജദ്ത്തു മാ വഅ്ദനിയല്ലാഹു ഹഖ്ഖൻ'അല്ലാഹു ഞാൻ മുഖേന നിങ്ങളോടു ചെയ്ത വാഗ്ദാനം പുലർന്നത് നിങ്ങൾ കണ്ടുവോ? നിശ്ചയമായും എന്നോടു അല്ലാഹു ചെയ്ത വാഗ്ദാനം സത്യമായി പുലർന്നത് ഞാൻ കണ്ടിരിക്കുന്നു. തുടർന്നു പറഞ്ഞു:യാ അഹ്ലിൽ ഖലീബീ ബിഅ്സ അശീറത്തിന്നബിയ്യി കുൻതും ലി നബിയ്യിക്കും കദ്ദബ്ത്തുമൂനീ വ സ്വദഖനിയന്നാസു വ അഖ്റജത്തുമൂനീ വ അവാനിയന്നാസു വ ഖാത്തൽത്തുമൂനീ വ നസ്വറനിയന്നാസു അല്ലയോ കിണറിൽവീണു കിടക്കുന്നവരേ!നിങ്ങൾ നിങ്ങളുടെ നബിയുടെ വളരെ മോശം ബന്ധുക്കളായിത്തീർന്നു. നിങ്ങളെന്നെ വ്യാജനാക്കി. മറ്റുള്ളവരെന്നെ സത്യവാനാക്കി. നിങ്ങളെന്നെ പിറന്ന നാട്ടിൽനിന്ന് പുറത്താക്കി. മറ്റുള്ളവർ എനിക്ക് അഭയം നല്കി. നിങ്ങളെനിക്കെതിരിൽ യുദ്ധം ചെയ്തു. എന്നാൽ, മറ്റുള്ളവർ എന്നെ സഹായിച്ചു. ഹദ്റത്ത് ഉമർ(റ)പറഞ്ഞു:യാ റസൂലല്ലാഹ്! ഇവർ മരിച്ചുപോയവരാണല്ലോ? ഇവരെന്തു കേൾക്കാനാണ്? നബി(സ)തിരുമേനി പറഞ്ഞു:നിങ്ങളെക്കാൾ നന്നായി ഞാൻ പറയുന്നത് ഇവർ കേൾക്കുന്നുണ്ട്. അതായത് സകല സത്യങ്ങളും വെളിപ്പെടുകയും എല്ലാതരത്തിലുള്ള മറകളും നീങ്ങിപ്പോകുകയും ചെയ്യുന്ന ലോകത്ത് അവരെത്തിക്കഴിഞ്ഞിരിക്കുന്നു. മുകളിൽ വിവരിക്കപ്പെട്ട നബി(സ)തിരുമേനിയുടെ വാക്കുകൾ, അതാണിപ്പോൾ വിവരിച്ചത്, അത്ഭുതകരമായ വ്യഥകൾ ഉൾക്കൊള്ളുന്നതാണ്. ആ നേരത്ത് നബി(സ)തിരുമേനിക്കുണ്ടായ മാനസികാവസ്ഥയെ കുറിച്ച് അല്പമൊക്കെ ഇതിൽനിന്ന് മനസ്സിലാകുന്നുണ്ട്. മനസ്സിലാക്കാൻ സാധിക്കുന്നത് ആ നേരത്ത് ഖുറയ്ശികളുടെ എതിർപ്പിന്റെ ഗതകാല ചരിത്രം നബി(സ)തിരുമേനിയുടെ കൺമുമ്പിലുണ്ടായിരുന്നുവെന്നാണ്. അദ്ദേഹം അതിന്റെ താളുകൾ മറിച്ചുനോക്കുകയും ആ താളുകൾ വായിക്കുമ്പോൾ ഹൃദയം അസ്വസ്ഥഭരിതമാകുമായിരുന്നു. ഈ യുദ്ധപരമ്പരയുടെ തുടക്കത്തിന് ഉത്തരവാദികൾ പൂർണമായും മക്കനിഷേധികളായിരുന്നു എന്നതിന് നബി(സ)തിരുമേനിയുടെ വാക്കുകൾ പ്രബലമായ തെളിവാണ്. ഏതുപോലെ നബി(സ)തിരുമേനിയുടെ ഖാത്തൽത്തുമൂനീ വ നസ്വറനിയന്നാസു എന്ന വാക്കുകളിൽ പ്രകടമാണ്. അതായത് എന്റെ ജനതക്കാരേ! നിങ്ങളെന്നോടു യുദ്ധം ചെയ്തു, എന്നാൽ, മറ്റുള്ളവർ എന്നെ സഹായിക്കുകയും ചെയ്തു. കുറഞ്ഞപക്ഷം ഈ വാക്കുകളിൽനിന്ന് തീർച്ചയായും സ്ഥപിതമാകുന്നത്, ഈ യുദ്ധങ്ങൾക്ക് തുടക്കമുണ്ടായത് അവിശ്വാസികളുടെ ഭാഗത്തുനിന്നായിരുന്നുവെന്ന് നബി(സ)തിരുമേനിക്ക് ദൃഢഗാഢമായ വിശ്വാസമുണ്ടായിരുന്നു എന്നാണ്. അവിടന്ന് ആത്മാരക്ഷാർഥം പ്രതിരോധിക്കാൻവേണ്ടി ആയുധമെടുത്തുവെന്ന് മാത്രം."(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്ദ് സാഹിബ് എം.എ(റ),പേജ് 364 - 365)

ഈ യുദ്ധത്തിൽ നബി(സ)തിരുമേനിയുടെ മുഅ്ജിസത്ത് അഥവാ ദിവ്യാത്ഭുതങ്ങളെ കുറിച്ചുള്ള പരാമർശവുമുണ്ട്. അതിലെ ഒരു സംഭവം ചരിത്ര ഗ്രന്ഥങ്ങളിൽ ഇങ്ങനെ ലഭിക്കുന്നുണ്ട്. ഹദ്റത്ത് ഇബ്നു ഇസ്ഹാഖ്(റ) പറയുന്നു: ഉക്കാശ ബിൻ മിഹ്സ്വൻ ബദ്ർ ദിവസം തന്റെ വാളെടുത്ത് യുദ്ധം ചെയ്യവെ അദ്ദേഹത്തിന്റെ കൈയിൽനിന്ന് അത് പൊട്ടിവീണു. അദ്ദേഹം നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തിന് ഒരു മരക്കഷണം നല്കിക്കൊണ്ടു പറഞ്ഞു: ഉക്കാശേ!താങ്കൾ ഇതുമായി അവിശ്വാസികളോടു യുദ്ധം ചെയ്തുകൊള്ളുക. ഉക്കാശ അതു വാങ്ങി വീശിനോക്കിയപ്പോൾ ആ മരക്കഷണം അദ്ദേഹത്തിന്റെ കൈയിൽ വാളായി രൂപാന്തരപ്പെട്ടു. അത് നീളമുള്ളതായിരുന്നു. അതിന്റെ ഇരുമ്പ് വളരെ ശക്തമായിരുന്നു. അതിന്റെ നിറം വെളുപ്പായിരുന്നു. ഉക്കാശ അതുകൊണ്ട് പോരാടുകയും അവസാനം മുസ്ലിമീങ്ങൾക്ക് അല്ലാഹു വിജയം നല്കുകയും ചെയ്തു. നിവേദകൻ പറയുന്നു:ആ വാളിന്റെ പേര് 'ഔൻ'എന്നായിരുന്നു. തുടർന്നുള്ള യുദ്ധങ്ങളിലും അദ്ദേഹം ആ വാളെടുത്ത് സധൈര്യം പോരാടി. അവസാനം മുസയ്ലിമത്തുൽകദ്ദാബുമായുള്ള യുദ്ധത്തിൽ അദ്ദേഹം രക്തസാക്ഷിയായി. (സീറത്തു ഇബ്നു ഹിശാം പേജ് 434, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)

പിന്നെ ഒരു ദിവ്യാത്ഭുതത്തിന്റെ വർണത്തിൽ നബി(സ) തിരുമേനിയുടെ ഉമിനീരിനേയും പരിശുദ്ധ കരങ്ങളുടെ ശക്തിപ്രഭാവത്തിനേയും കുറിച്ചുള്ള വിവരണവും ലഭിക്കുന്നുണ്ട്. ഹദ്റത്ത് ഖത്താദ(റ)യിൽനിന്ന് (ഖത്താദത്തുബ്നുനുഅ്മാൻ)നിവേദനം. ബദ്ർയുദ്ധ ദിവസം അദ്ദേഹത്തിന്റെ കണ്ണിൽ ക്ഷതമേറ്റു. അദ്ദേഹത്തിന്റെ നേത്രകനീനിക കവിളിൽ പൊളിഞ്ഞുവീണു. അതായത് കൃഷ്ണമണി പുറത്തുവന്നു. അദ്ദേഹം അത് താഴേക്കെറിയാൻ തീരുമാനിച്ചു. സ്വഹാബാക്കൾ നബി(സ)തിരുമേനിയോടു ഇതു സംബന്ധിച്ച് ചോദിച്ചു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:അരുത്. അങ്ങനെ ചെയ്യാൻ പാടില്ല.നബി(സ)തിരുമേനി ഹദ്റത്ത് ഖത്താദയെ തന്റെയടുത്ത് വിളിപ്പിച്ചു. തന്റെ തൃക്കൈകൊണ്ട് അത് തൽസ്ഥാനത്ത് മടക്കിവെച്ചു. തന്റെ ഏതെങ്കിലും കണ്ണിന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായതായി തനിക്ക് ഓർമതന്നെയില്ലെന്നാണ് അദ്ദേഹം പറയുന്നത്. അങ്ങനെ കണ്ണ് ശരിയായി. അത് പുറത്തുവന്ന കണ്ണാണെന്ന ഒരു തോന്നലുപോലുമില്ല. മാത്രമല്ല ആ കണ്ണ് മറ്റേ കണ്ണിനെക്കാൾ കൂടുതൽ സുന്ദരമായും കാണപ്പെട്ടു.(സുബുലുൽ ഹുദാ വർറശാദ് ബാബു ഗസ്വത്തു ബദ്റുൽ കുബുറാ, വാള്യം 4, പേജ് 53, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റത്ത് 1993)

ചില ഗ്രന്ഥങ്ങളിൽ കണ്ണ് ശിഫയായ സംഭവമുണ്ടായത് ഉഹുദുയുദ്ധത്തിലാണെന്നും വന്നിരിക്കുന്നു. ചിലർ പറയുന്നത് ഖൻദഖ് യുദ്ധത്തിലാണെന്നാണ്. ഏതായാലും ബദ്റിന്റെ വിവരണത്തിലും ഈയൊരു ദിവ്യാത്ഭുതം വിവരിക്കപ്പെട്ടിട്ടുണ്ട്.

അവിശ്വാസികളുടെ പരാജയവാർത്ത മക്കയിലെങ്ങനെയാണ് എത്തിയതെന്നതിനെ സംബന്ധിച്ച് ഇപ്രകാരം വിവരം ലഭിക്കുന്നുണ്ട്. അന്യാരാധകർ ബദ്ർ മൈതാനത്തുനിന്ന് അണികൾതെറ്റി ചിതറി ഓടിക്കൊണ്ട് അസ്വസ്ഥരായി മക്കയിലെക്ക് മടങ്ങി. നാണക്കേടുകൊണ്ട് മക്കയിലെങ്ങനെ പ്രവേശിക്കുമെന്ന് അവർക്ക് മനസ്സിലാകുന്നുണ്ടായിരുന്നില്ല.

മക്കയിൽ ഖുറയ്ശികളുടെ പരാജയവാർത്തയുമായി ആദ്യമെത്തിയത് ഹയ്സമാൻ ബിൻ അയാസ് ബിൻ അബുദ്ല്ലാ ആയിരുന്നു. ഇയാൾ പിന്നീട് മുസ്ലിമായിരുന്നു. ആളുകൾ അദ്ദേഹത്തോടു ചോദിച്ചു:പിന്നിലുള്ള വാർത്തയെന്താണ്? ഉത്ബ ബിൻ റബീഅ, ശെയ്ബ ബിൻ റബീഅ, അബുൽഹികം ബിൻ ഹിശാം അതായത് അബൂജഹ്ൽ, ഉമയ്യ ബിൻ ഖലഫ് മറ്റുള്ള ചിലരുടെ പേരും പറഞ്ഞുകൊണ്ട് എല്ലാവരും വധിക്കപ്പെട്ടു എന്നു പറഞ്ഞു: അയാൾ വധിക്കപ്പെട്ടവരുടെ പേരുപറഞ്ഞുകൊണ്ട് നേതാക്കന്മാരുടെ പേരുകൾ എണ്ണാൻ തുടങ്ങിയപ്പോൾ അയാൾ പറഞ്ഞ കാര്യങ്ങൾ വിശ്വസിക്കാൻ ആളുകൾ തയ്യാറായില്ല. അപ്പോൾ ഹത്വീമിൽ ഇരുന്നിരുന്ന സ്വഫ്വാൻ ബിൻ ഉമയ്യ ഇതു കേട്ടുകൊണ്ട് പറഞ്ഞു: മനസ്സിലാകുന്നില്ല! ഇയാളെന്താ ഭ്രാന്തനായിപ്പോയോ? പരീക്ഷണമെന്ന നിലയിൽ അയാളോടു സ്വഫ് വാൻ ബിൻ ഉമയ്യ എവിടെയാണെന്ന് ചോദിക്കാൻ പറഞ്ഞു. അതായത് തന്നെ കുറിച്ച് അയാളോടു ചോദിക്കാൻ പറഞ്ഞു. സ്വഫ്വാൻ ഉമയ്യായ്ക്ക് എന്തുണ്ടായെന്ന് അയാൾ ചോദിച്ചു. അയാൾ പറഞ്ഞു, 'അങ്ങോട്ടുനോക്കുക! അവൻ ദാ ഹത്വീമിലിരിക്കുന്നു.' ഞാൻ ഭ്രാന്തനൊന്നുമായിട്ടില്ല. എനിക്കെല്ലാം കാണാൻ കഴിയുന്നുണ്ട്. അല്ലാഹവാണ! അവന്റെ പിതാവും സഹോദരനും വധിക്കപ്പെട്ടതായി ഞാനെന്റെ കണ്ണുകൊണ്ട് കണ്ടിട്ടുണ്ട്. അതുകേട്ടപ്പോൾ ഈയാൾ പറയുന്നത് സത്യമായ വാർത്തയാണെന്ന് അവർക്ക് വിശ്വാസം വന്നു. ഇങ്ങനെയാണ് മക്കവാസികൾക്ക് ബദ്ർ മൈതാനത്ത് തങ്ങൾക്കുണ്ടായ ദയനീയ പരാജയത്തെ കുറിച്ചുള്ള വാർത്ത ലഭിച്ചത്. അത് അവരുടെ പ്രകൃതത്തിൽ എത്രമാത്രം ദുഃസ്സ്വാധീനം ചെലുത്തിയെന്നാൽ, അവരുടെ ദുഃഖത്തിൽ മുസ്ലിമീങ്ങൾക്ക് സന്തോഷിക്കാനുള്ള അവസരം ലഭിക്കാതിരിക്കാൻ വധിക്കപ്പെട്ടവർക്കുവേണ്ടി ദുഃഖാചരണം നടത്തുന്നതുപോലും അവർ വിലക്കി.(അർറഹീഖുൽമഖ്ത്തൂം, പേജ് 307 - 308, അൽമക്തബ സ്സലഫിയ്യ)(ഉസുദുൽഗാബ, വാള്യം 2, പേജ് 102, പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2003)

മക്കയിലെ ഖുറയ്ശികളിൽ ചിലർ തങ്ങളുടെ ഉറ്റവരുടെ മരണത്തിൽ വിലാപം നടത്തിയപ്പോൾ അങ്ങനെ ചെയ്യരുതെന്ന് അവർ പറഞ്ഞു. അതായത് മറ്റുള്ളവർ അവരോടു പറഞ്ഞു, മുഹമ്മദും കൂട്ടുകാരും ഇതറിഞ്ഞാൽ നിങ്ങളുടെ ഈ അവസ്ഥയിൽ അവർ സന്തോഷിക്കുന്നതായിരിക്കും. തടവിലുള്ള നമ്മുടെ ആളുകളെ മോചിപ്പിക്കുന്നിനും നല്ലവണ്ണം ആലോചിക്കാതെ ആരേയും അയക്കരുത്. അതായത് മുഹമ്മദും കൂട്ടാളികളും ഫിദ്യയുടെ(മോചനദ്രവ്യ) കാര്യത്തിൽ നിങ്ങളുടെമേൽ ബലാൽക്കാരം ചെയ്യാതിരിക്കാൻ തടവിലുള്ള നമ്മുടെ ആളുകളെ മോചിപ്പിക്കുന്നതിന് ഒരു ശ്രമവും നടത്തരുത്. ദുഃഖമാചരിക്കുകയുമരുത്!(സീറത്ത് ഇബ്നുഹിശാം, പേജ് 441, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2001)

മദീനക്കാർക്ക് വിജയത്തെ കുറിച്ചുള്ള സുവാർത്ത ലഭിച്ചതെങ്ങനെ? അവരുടെ പ്രതികരണമെന്തായിരുന്നു? അതു സംബന്ധമായി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:'നബി(സ)തിരുമേനി, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയെ മദീനയുടെ മുകൾ ഭാഗത്തേക്കും ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയെ മദീനയുടെ താഴ്ഭാഗത്തേക്കും അല്ലാഹു തന്റെ റസൂലിന് എന്തു വിജയമാണ് നല്കിയതെന്ന സുവാർത്ത അറിയിക്കാൻ അയച്ചു.'(അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നിഹിശാം, പേജ് 437 - 438, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2001)

ഹദ്റത്ത് ഉസാമ ബിൻ സയ്ദ് വിവരിക്കുന്നു: "ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാനിന്റെ ഭാര്യഹദ്റത്ത് റുഖിയ്യ ബിൻത് റസൂലുല്ലായുടെ ഖബ്റിൽ മണ്ണ് സമമാക്കിക്കൊണ്ടിരുന്ന സമയത്താണ് ഞങ്ങൾക്ക് ഈ വാർത്ത കിട്ടിയത്. അവർ നേരത്തെ വഫാത്തായിരുന്നു. നബി(സ)തിരുമേനി എന്നേയും ഹദ്റത്ത് ഉഥ്മാനിന്റെ കൂടെ റുഖിയായെ ശുശ്രൂഷിക്കുന്നതിനുവേണ്ടി പിന്നിൽ വിട്ടിരുന്നു. ഞാനെന്റെ പിതാവ് ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയുടെ അടുത്ത് വന്നത് ആളുകൾ അദ്ദേഹത്തിനുചുറ്റും കൂടിനിൽക്കുമ്പോഴായിരുന്നു. അദ്ദേഹം പറയുന്നുണ്ടായിരുന്നു, ഉത്ബ ബിൻ റബീഅ, ശെയ്ബ ബിൻ റബീഅ, അബൂ ജഹ്ൽ ബിൻ ഹിശാം, സംഅ ബിൻ അസ്വദ്, അബുൽബഖ്ത്തരി, ആസ്വ് ബിൻ ഹിശാം, ഉമയ്യ ബിൻ ഖലഫ്, ഹജ്ജാജിന്റെ രണ്ടു മക്കളായ നുബയ്യ, മുനബ്ബ എന്നിവരെല്ലാം വധിക്കപ്പെട്ടിരിക്കുന്നു." (അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി ഹിശാം പേജ് 438, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2001)

എന്നാൽ, മദീനയിലെ സ്ഥിതി വേറൊന്നായിരുന്നു, കപടവിശ്വാസികളും യഹൂദികളും കിംവദന്തികളുടെ ചന്ത

ജോറാക്കി വെച്ചിരുന്നു. മുസ്‌ലിമീങ്ങൾ അമ്പേ പരാജയപ്പെട്ടു കഴിഞ്ഞിരിക്കുന്നു. നഊദുബില്ലാഹ് മുഹമ്മദും(സ) വധിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഈ കിംവദന്തികളുടെ അന്ധകാരങ്ങളിൽ ഹദ്റത്ത് സയ്ദ്(റ) നബി(സ)തിരുമേനിയുടെ ഒട്ടകത്തിനുമേൽ മദീനയിൽ പ്രവേശിച്ചപ്പോൾ കപടവിശ്വാസികളും യഹൂദികളും ശക്തമായി പ്രചരിപ്പിക്കാൻ തുടങ്ങി, നോക്കൂ മുഹമ്മദ്(സ)വധിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. മുഹമ്മദിന്റെ ഒട്ടകപ്പുറത്ത് സയ്ദാണ് വരുന്നത്. എന്നാൽ, ഉത്ബയും വധിക്കപ്പെട്ടു, ശെയ്ബയും വധിക്കപ്പെട്ടു, അബൂജഹ്‌ലും വധിക്കപ്പെട്ടു, ഉമയ്യായും വധിക്കപ്പെട്ടു എന്നിങ്ങനെ സയ്ദ് പറയാൻ തുടങ്ങിയപ്പോൾ ഇതെങ്ങനെ സംഭവിക്കാനാണെന്ന് മുനാഫിഖുകൾ ചോദിക്കാൻ തുടങ്ങി. മുസ്‌ലിമീങ്ങളുടെ പരാജയവും മുഹമ്മദിന്റെ വധവും കാരണത്തിൽ സയ്ദിന്റെ ബോധം മറിഞ്ഞിരിക്കുകയാണെന്നും അതുകൊണ്ടാണ് അയാൾ ഇങ്ങനെ പറയുന്നതെന്നും അവർ പറയാൻ തുടങ്ങി. സത്യനിഷേധികളുടെ പ്രതികരണം മക്കയിലുണ്ടായിരുന്നതുപോലെയായിരുന്നു യഹൂദികളുടെയും മുനാഫിഖുകളുടേയും മദീനയിലുണ്ടായത്. ഹദ്റത്ത് ഉസാമ ബിൻ സയ്ദ് പറയുന്നു:ഞാൻ ഈ എല്ലാ കാര്യങ്ങളും മദീനയിൽ കേൾക്കുന്നുണ്ടായിരുന്നു. അതുകൊണ്ട് ഞാനെന്റെ പിതാവ് സയ്ദിനെ ഒരു ഭാഗത്ത് കൊണ്ടുപോയി. ചോദിച്ചു: 'പിതാവേ!അങ്ങ് ഇപ്പറയുന്നത് സത്യംതന്നെയാണോ?' അദ്ദേഹം പറഞ്ഞു:'മകനേ!അല്ലാഹുവാണ! ഞാൻ പറഞ്ഞതുപോലെ തന്നെയാണ് സംഭവിച്ചിട്ടുള്ളത്. ഞാൻ പറയുന്നത് സത്യമാണ്.' മദീനക്കാർ ഈ വിവരം അറിഞ്ഞുടനെ വിജയശ്രീലാളിതരായി വരുന്ന നബിയുടെ സംഘത്തിന് ആശംസകളർപ്പിക്കുന്നതിന് സംഘടിച്ചു. ഈ വിജയത്തിൽ മുസ്‌ലിമീങ്ങൾഅവർ അതിരറ്റ സന്തോഷത്തിലായിരുന്നു. അവർ നബി(സ)തിരുമേനിയുടെ വരവുംകാത്ത് ആകാംക്ഷാഭരിതരായി കാത്തുനിന്നു. ഈ യുദ്ധത്തിൽ മുഴുവൻ മുസ്‌ലിമീങ്ങളും പങ്കെടുത്തിരുന്നില്ല. കാരണം മദീനയിൽ നിന്ന് പുറപ്പെട്ടപ്പോൾ യുദ്ധത്തെ കുറിച്ചുള്ള ചിന്തതന്നെ ഉണ്ടായിരുന്നില്ല. നബി(സ)തിരുമേനിയുടെ ആഗമനം കേട്ട് കുറച്ചു മുസ്‌ലിമീങ്ങൾ സ്വീകരിക്കുന്നതിന് മദീനയുടെ വെളിയിൽപ്പോയി. റൗഹാഅ് എന്ന സ്ഥലത്ത് നബി(സ) തിരുമേനിയെ അവർ കണ്ടുമുട്ടി. അവരുടെ സന്തോഷം കാണേണ്ടതുതന്നെയായിരുന്നു. അവർ നബി(സ)തിരുമേനിയുടെ അവിശ്വാസികളുടെമേലുള്ള വിജയത്തിന് ആശംസകൾ നേരാൻ തുടങ്ങി. പിന്നീട് നബി(സ)തിരുമേനി മക്കയിൽ വന്നു. അവിടെ ഉണ്ടായിരുന്ന സകല മുസ്‌ലിമീങ്ങളും നബി(സ)തിരുമേനിയെ സ്വീകരിച്ചു.(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹ്(സ)വാല്യം 6, പേജ് 233-234, ബസം ഇഖ്ബാൽ ലാഹോർ 2022, ഏപ്രിൽ)

ഈ യുദ്ധത്തിലെ ഗനീമത്തുമുതൽ അഥവാ സമരാർജിതസ്വത്തുക്കളെ സംബന്ധിച്ചുള്ള വിവരം ഇപ്രകാരമാണ്. ഈ വിജയം നിമിത്തം മുസ്‌ലിമീങ്ങൾക്ക് യുദ്ധമുതലായി 150 ഒട്ടകങ്ങളും 10 കുതിരകളും ലഭിച്ചു. അവയ്ക്കു പുറമെ എല്ലാത്തരം സാധനസാമഗ്രികളും ആയുധങ്ങളും വസ്ത്രങ്ങളും അനവധി തോലുകളും നിറംപൂശിയ മൃഗത്തോലുകളും പഞ്ഞിയും മറ്റുമുണ്ടായിരുന്നു. അന്യാരാധകർ തങ്ങളോടൊപ്പം കച്ചവടത്തിന് കൊണ്ടുവന്നതായിരുന്നു അവ.(അസ്സീറത്തുൽഹൽബിയ്യ, വാല്യം 2, പേജ് 252, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)

നബി(സ)തിരുമേനി തന്റെ വിഹിതവും സ്വഹാബത്തിന്റെ വിഹിതങ്ങൾക്ക് തുല്യമായിട്ടാണ് വെച്ചത്. ആയുധങ്ങളിൽ ഒരു വാൾ സ്വഹാബത്ത് നബി(സ)തിരുമേനിക്കുവേണ്ടി മാറ്റിവെച്ചിരുന്നു. അതേപോലെ അബൂജഹ്‌ലിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഒട്ടകങ്ങളിൽ ഒരെണ്ണവും നബി(സ)തിരുമേനിക്ക് ലഭിച്ചിരുന്നു. അതിന്റെ മൂക്കിലൊരു വെള്ളി വളയമുണ്ടായിരുന്നു.(ഗസ്‌വാത്തുന്നബിയ്യി(സ), മൗലാനാ അബുൽകലാം ആസാദ്, പേജ് 43-44, സിറ്റി ബുക് പോയന്റ് കറാച്ചി 2014)

ആ വാളിനും ഒട്ടകത്തിനും ചരിത്രഗ്രന്ഥങ്ങളിൽ വളരെ പ്രാധാന്യം നല്കിയിരിക്കുന്നു. അതിന്റെ വിശദീകരണം ഇപ്രകാരമാണ്. മുകളിൽ പറഞ്ഞ വാളിന്റെ പേര് 'ദുൽഫിഖാർ' എന്നായിരുന്നു. അതിന്റെ ഉടമസ്ഥൻ ഒരു അന്യാരാധകനായ ആസ്വിം ബിൻ മുന്നിബഃ അല്ലെങ്കിൽ മുന്നിബഃ ബിൻ ഹജ്ജാജ് ആയിരുന്നു. അയാൾ ബദ്ർ യുദ്ധത്തിൽ വധിക്കപ്പെട്ടിരുന്നു. ചില നിവേദനങ്ങൾ പ്രകാരം ആ വാൾ അബൂജഹ്‌ലിന്റേതായിരുന്നു. നബി(സ)തിരുമേനി അതിന്റെ പേര് ദുൽഫിഖാർ എന്നുതന്നെ നിലനിറുത്തി. ദുൽഫിഖാറിന് ആ പേരു വരാനുള്ള കാരണം അതിനു പല്ലുകളോ അല്ലെങ്കിൽ കൊത്തിയ വരകളോ ഉണ്ടായിരുന്നു എന്നതാണ്. (ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ് വാല്യം 1, പേജ് 377, ദിക്റു സുയൂഫി റസൂലുല്ലാഹി(സ),ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)(ഉർദു ദാഇറയെ മആരിഫ് ഇസ്‌ലാമിയ്യ, വാല്യം 10, പേജ് 46, പഞ്ചാബ് യൂണിവേഴ്സിറ്റി ലാഹോർ)(അസ്സീറത്തുൽഹൽബിയ്യ വാല്യം 2, പേജ് 254, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)

ഈ വാളിനെ കുറിച്ച് എഴുതിയിരിക്കുന്നു, ഈ വാൾ പിന്നീട് നബി(സ)തിരുമേനിയിൽനിന്ന് ഒഴിവായിട്ടില്ല. യുദ്ധങ്ങളിൽ നബി(സ)തിരുമേനി ഇത് തന്റെയടുത്തുതന്നെ സൂക്ഷിച്ചു. നബി(സ)തിരുമേനിയുടെ കാലശേഷം ഈ വാൾ അബ്ബാസി ഖലീഫമാരുടെ കൈവശമാണുണ്ടായിരുന്നത്. (ശറഹ് അസ്സുർഖാനീ വാല്യം 5, പേജ് 85-87, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

ഇപ്രകാരംതന്നെ ബദ്ർ യുദ്ധത്തിൽ നബി(സ)തിരുമേനിക്ക് ലഭിച്ച ഒട്ടകത്തേയും തന്റെ കൂടെ നിറുത്തി. ഹുദയ്ബിയ്യ സന്ധിയുടെ നേരത്ത് നബി(സ)തിരുമേനി അതിനെ ബലി കഴിക്കാൻ കൊണ്ടുപോയതായിരുന്നു. ഇതു സംബന്ധമായി ഒരു ഖിസ്സയുമുണ്ട്. ഈ ഒട്ടകം ഹുദയ്ബിയ്യായിൽ മേഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. അവിടെനിന്ന് അതോടിപ്പോയി. മക്കയിലെ അബൂജഹ്‌ലിന്റെ വീട്ടിലെത്തി. ഹദ്റത്ത് അംറ് ബിൻ അൻമഹ അൻസ്വാരി അതിനെ പിന്തുടർന്നു. എന്നാൽ, മക്കയിലെ ചില ക്ഷിപ്രകോപികളായവർ അതിനെ തിരിച്ചുകൊടുക്കാൻ തയ്യാറായില്ല. ഹുദയ്ബിയ്യ സന്ധിയുടെ നേരത്ത് ഖുറയ്ശീ പ്രതിനിധി സുഹയ്ൽ ബിൻ അംറ് അവരോടു ഒട്ടകത്തെ തിരിച്ചേൽപ്പിക്കാൻ കൽപിച്ചു. അങ്ങനെ അവർ അതിനെ തിരിച്ചു നല്കി. നിങ്ങൾ അതിനുപകരമായി നൂറു ഒട്ടകം ആവശ്യപ്പെടാൻ അയാൾ അവരോടു പറഞ്ഞു. മുസ്‌ലിമീങ്ങൾ അതു സമ്മതിക്കുകയാണെങ്കിൽമാത്രം ഈ ഒട്ടകത്തെ നിങ്ങൾ വെച്ചുകൊള്ളുക. ഇല്ലെങ്കിൽ ഇതിനെ മടക്കി നല്കേണ്ടിവരും. നബി(സ)തിരുമേനി പറഞ്ഞു, ഞങ്ങളിതിനെ ബലിമൃഗങ്ങളിൽപ്പെടുത്തിയിരുന്നില്ലെങ്കിൽ ഞങ്ങൾ തിരിച്ചു തരുമായിരുന്നു. പക്ഷേ, ഇത് ആദ്യമോതന്നെ ബലിമൃഗങ്ങളിൽ പ്രത്യേകപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് നല്കാൻ നിർവാഹമില്ല. അങ്ങനെ നബി(സ)തിരുമേനി അതിനെ മുസ്‌ലിമീങ്ങൾക്കുവേണ്ടി അറുത്തു.(സുബുലുൽ ഹുദാ വാല്യം 5, പേജ് 57, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റത്ത് 1993)(സുബുലുൽ ഹുദാ മുത്തർജിം വാല്യം 5, പേജ് 82-83, സാവിയ പബ്ലിഷേഴ്സ് ലാഹോർ)(ഗസ്‌വാത്തുന്നബി(സ), അല്ലാമ ഹൽബി, മുത്തർജിം ഉർദു, പേജ് 429, ദാറുൽഇശാഅത്ത് കറാച്ചി)

യുദ്ധമുതൽ വിതരണം ചെയ്തപ്പോൾ നബി (സ)തിരുമേനി ബദ്റിൽ ശഹീദായവരുടെ അനന്തരാവകാശികൾക്ക് ശുഹദാക്കളുടെ വിഹിതം നല്കി. അതുപോലെ മദീനയിൽ നിശ്ചയിക്കപ്പെട്ട നബി(സ)തിരുമേനിയുടെ പ്രതിനിധികൾക്കും വിവിധ ഉത്തരവാദിത്വങ്ങൾ ഏല്പിക്കപ്പെട്ട സ്വഹാബാക്കൾക്കും - അതുകൊണ്ടാണ് ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ അവർക്ക് സാധിക്കാതിരുന്നത് - വിഹിതം നല്കി. (ഗസ്‌വാത്തുന്നബി(സ), അല്ലാമ ഹൽബി, മുത്തർജിം ഉർദു, പേജ് 143-144, ദാറുൽഇശാഅത്ത് കറാച്ചി)

ബദ്ർ യുദ്ധത്തിലെ തടവുകാരിൽനിന്ന് ഫിദ്‌യാ അഥവാ മോചനദ്രവ്യം വാങ്ങുന്നതിനെ സംബന്ധിച്ചും സ്വഹാബാക്കളുടെ അഭിപ്രായങ്ങളെ പറ്റിയും ഇപ്രകാരം വന്നിരിക്കുന്നു. ബദ്ർ യുദ്ധത്തിലെ ബന്ദികളെ ഫിദ്‌യ വാങ്ങി മോചിപ്പിക്കുകയുണ്ടായി. ഫിദ്‌യ 1000 മുതൽ 4000 ദിർഹംവരെയായിരുന്നു നിശ്ചയിക്കപ്പെട്ടിരുന്നത്. എന്നാൽ, ഫിദ്‌യ നല്കാനാകാത്തവർക്ക് ഒരു ഉപാധി നല്കി. അവർ മദീനക്കാരായ കുട്ടികളെ എഴുത്തും വായനും പഠിപ്പിച്ചാൽ സ്വതന്ത്രരാകുന്നതാണ്. അതുപോലെ ചില ബന്ദികളെ ഫിദ്‌യ കുറച്ചുവാങ്ങിയും തീരെ വാങ്ങാതെയും മോചിപ്പിച്ചിട്ടുമുണ്ട്. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ),പേജ് 368-369)

ഫിദ്‌യയെ കുറിച്ചുള്ള ചില നിവേദനങ്ങൾ അതിവിചിത്രമായ സംശയമുളവാക്കുന്ന പരസ്പരഭിന്നങ്ങളായതാണ്. ഇതു സംബന്ധിച്ചും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ശരിയായ പരിഹാരവും കണ്ടെത്തിയിട്ടുണ്ട്. ഏതായാലും ആദ്യകാര്യങ്ങൾ മുഴുവനായും പറയാം. ചരിത്രങ്ങളിലും നബിചരിത്രങ്ങളിലും ഏതുവരെയെന്നാൽ ഹദീഥു ഗ്രന്ഥങ്ങളിലും ബദ്ർ യുദ്ധത്തിലും ബന്ദികളിൽനിന്ന് ഫിദ്‌യ വാങ്ങേണ്ടതു സംബന്ധിച്ച് നിലവിലുള്ള നിവേദനങ്ങളിൽ ചിലത് കൂട്ടിക്കലർത്തപ്പെട്ടിട്ടുണ്ട്.

യഥാർഥത്തിൽ നബി(സ)തിരുമേനി വാക്കാൽ തീരുമാനിച്ചത് ദൈവഹിതത്തിന് തീർത്തും അനുസൃതമായിരുന്നു. പൊതു നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഞാൻ ഹദ്റത്ത് ഉമറിനെക്കുറിച്ച് അനുസ്മരിച്ചതിൽ ഇക്കാര്യം പരാമർശിച്ചതാണെങ്കിലും ഇവിടേയും അത് പ്രതിപാദിക്കേണ്ടത് അനിവാര്യമായതിനാൽ ആവർത്തിക്കുകയാണ്. ഹദ്റത്ത് ഇബ്നുഅബ്ബാസ് നിവേദനം. അവർ ശത്രുക്കളെ ബന്ദികളാക്കിയപ്പോൾ അതായത് ബദ്ർ വേളയിൽ മുസ്‌ലിമീങ്ങൾ ശത്രുക്കളെ പിടിച്ച് ബന്ദികളാക്കിയപ്പോൾ നബി(സ)തിരുമേനി ഈ ബന്ദികളെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണെന്ന് ഹദ്റത്ത് അബൂബക്റിനോടും ഹദ്റത്ത് ഉമറിനോടും ചോദിച്ചു.ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു:അല്ലാഹുവിന്റെ നബിയേ!അവർ നമ്മുടെ പിതൃവ്യരിൽനിന്നുള്ള സഹോദരങ്ങളും കുടുംബക്കാരുമല്ലേ? അങ്ങ് അവരിൽനിന്ന് ഫിദ്‌യ വാങ്ങണമെന്നാണ് എന്റെ അഭിപ്രായം. അവർ ഈ അവിശ്വാസികളെ നേരിടുന്നതിൽ നമുക്ക് ശക്തിപ്പകരുന്നതിന് കാരണമാകും. അല്ലാഹു താമസിയാതെ അവരെ ഇസ്‌ലാമിലേക്ക് നയിച്ചെന്നും വരാം. നബി(സ)തിരുമേനി പറഞ്ഞു:അല്ലയോ ഇബ്നുഖത്ത്വാബ്!താങ്കളുടെ അഭിപ്രായമെന്താണ്? ഹദ്റത്ത് ഉമറിനോടു ചോദിച്ചു. അരുത് യാ റസൂലല്ലാഹ്! അല്ലാഹുവാണ!എനിക്ക് അബൂബക്റിന്റെ അഭിപ്രായത്തോടു യോജിപ്പില്ല. പ്രത്യുത എന്റെ അഭിപ്രായം അങ്ങ് അവരെ ഞങ്ങൾക്ക് ഏല്പിച്ചുതരിക. ഞങ്ങൾ അവരെ ഗളച്ഛേദം ചെയ്യാം. അവരെ വധിക്കുക. അഖീലിനെ അലിക്ക് ഏല്പിച്ചുകൊടുക്കുക. അദ്ദേഹം അയാളുടെ തലവെട്ടട്ടെ!ഇന്നയാളെ എനിക്കേല്പിച്ചുതരിക. അയാൾ ഹദ്റത്ത് ഉമറിന്റെ ബന്ധുവായിരുന്നു. ഞാൻ അയാളെ വധിക്കുന്നതാണ്. കാരണം ഇവരെല്ലാവരും അവിശ്വാസികളുടെ നേതാക്കന്മാരും അവരുടെ സർദാറുമാരുമാണ്. ഹദ്റത്ത് ഉമർ(റ)പറയുന്നു:നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്ർ പറഞ്ഞതിന് മുൻഗണന നല്കി. ഞാൻ പറഞ്ഞതിന് മുൻഗണന നല്കിയില്ല. വീണ്ടും ഹദ്റത്ത് ഉമർ(റ)പറയുന്നു:അടുത്ത ദിവസം ഞാൻ വന്നു. നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്റും ഇരുന്ന് കരയുകയായിരുന്നു. ഞാൻ

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം •**

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക (സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

**• കലാമുൽ ഇമാം •**

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

ചോദിച്ചു, യാ റസൂലല്ലാഹ്!ഏതുകാര്യമാണ് അങ്ങയേയും അങ്ങയുടെ കൂട്ടുകാരനേയും കരയിച്ചതെന്ന് എന്നോടു പറഞ്ഞാലും. എനിക്കു കരച്ചിൽവന്നാൽ ഞാനും കരയുന്നതാണ്. ഇല്ലെങ്കിൽ ഞാൻ നിങ്ങളിരുവരും കരയുന്നതുപോലെ അതേ അവസ്ഥ ഉണ്ടാക്കുന്നതാണ്. നബി(സ)തിരുമേനി പറഞ്ഞു:ഞാൻ കരയാൻ കാരണമെന്തെന്നാൽ നിങ്ങളുടെ കൂട്ടുകാർ എന്റെ മുമ്പിൽ അവരിൽനിന്ന് ഫിദ്‌യ വാങ്ങണമെന്ന് പറഞ്ഞിരുന്നു. എന്റെ മുമ്പിൽ അവരുടെ ശിക്ഷ ഈ വൃക്ഷത്തെക്കാളടുത്ത് സമർപിക്കപ്പെട്ടിരിക്കുന്നു. ആ വൃക്ഷം അല്ലാഹുവിന്റെ നബിയുടെ തൊട്ടടുത്തുതന്നെയായിരുന്നു. അപ്പോൾ അല്ലാഹു ഈ ആയത്തിറക്കി. മാകാന ലിനബിയ്യിൻ അൻയ്യകൂന ലഹൂ അസ്റാ ഹത്താ യുഥ്ഖിന ഫിൽഅർളി(യുദ്ധംചെയ്ത്)നാട്ടിൽ ശത്രുക്കളെ കീഴടക്കുന്നതുവരെ ഒരു നബിക്കും ബന്ധനസ്ഥനുണ്ടായിരിക്കുകയെന്നത് ചേർന്നതല്ല(8:68). പിന്നീട് അതിനടുത്ത രണ്ട് ആയത്ത് വിട്ടിട്ട് പറയുന്നു: ഫകുലൂ മിമ്മാ ഗനിംതും ഹലാലൻ ത്വയ്യിബൻ അതുകൊണ്ട് യുദ്ധത്തിൽ ജയിച്ചടക്കിയ ധനത്തിൽനിന്ന് അനുവദനീയതും നല്ലതുമായത് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക (8:70) അതുകൊണ്ട് അല്ലാഹു അവർക്ക് ഗനീമത്തുമുതൽ അഥവാ സമരാർജിത സ്വത്തുക്കൾ അനുവദനീയമാക്കിയിരിക്കുന്നു. ഇതു സ്വഹീഹ് മുസ്‌ലിമിലെ നിവേദനമാണ്.

(സ്വഹീഹ് മുസ്‌ലിം, കിതാബുൽജിഹാദ് വസ്സയ്ർ, ബാബു അൽഇംദാദി ബിൽമലാഇക്കത്തി ഫീ ഗസ്‌വത്തി ബദ്‌രിൻ വ അബാഹത്തുൽ ഗനാഇം ഹദീഥ് 4588)

ഈ ഹദീഥിന്റെ ആരംഭത്തിൽ പറഞ്ഞിട്ടുള്ള പദങ്ങൾ ഇപ്രകാരമാണ്. അതായത് നബി(സ)തിരുമേനിയും ഹദ്‌റത്ത് അബൂബക്‌റും കരയുകയായിരുന്നു എന്നുള്ളത്. പിന്നീട് വിശുദ്ധഖുർആനിലെ വചനങ്ങളാണ് കൊടുത്തിട്ടുള്ളത്. അവയിൽ പ്രതിപാദിച്ചിട്ടുള്ള വിഷയം ഈ നിവേദനത്തെ സംശയാസ്പദമാക്കുന്നു. അതിലെന്താണ് പറയുന്നതെന്ന് മനസ്സിലാകുന്നില്ല. കാര്യം സ്പഷ്ടമാകുന്നില്ല. ഏതായാലും ഈ നിവേദനത്തെ ശരിയെന്ന് ധരിച്ച് മിക്ക ചരിത്രഗ്രന്ഥങ്ങളിലും നബിചരിതങ്ങളിലും വ്യാഖ്യാനം വിവരിച്ചിരിക്കുന്നു. അതായത് ബദ്ർ യുദ്ധത്തിലെ ബന്ദികളിൽനിന്നും ഫിദ്‌യ വാങ്ങുന്നതിനുള്ള തീരുമാനത്തിൽ അല്ലാഹു വെറുപ്പ് പ്രകടിപ്പിച്ചെന്നും ഹ്ദറത്ത് ഉമറിന്റെ അഭിപ്രായത്തെ ഇഷ്ടപ്പെട്ടെന്നും പറയുന്നു. ഹദ്‌റത്ത് ഉമറിന്റെ ജീവചരിത്രം എഴുതുന്നവർ വേറിട്ടൊരു അധ്യായം എഴുതുമ്പോൾ അതായത് ഹദ്‌റത്ത് ഉമറിന്റെ അഭിപ്രായത്തിൽ ഏതേതെല്ലാം ഖുർആനിക വചനങ്ങളാണ് ഇറങ്ങിയതെന്ന് പറയുമ്പോൾ അവയിലൊന്ന് ഇതും രേഖപ്പെടുത്തുന്നു. അതായത് ബദ്ർ യുദ്ധത്തിലെ തടവുകാരെ സംബന്ധിച്ചുള്ള ഹദ്‌റത്ത് ഉമറിന്റെ അഭിപ്രായത്തിന് മുൻതൂക്കം നല്കിയെന്ന്. പക്ഷേ, ഇത് സംശയാസ്പദമായ കാര്യമാണ്. അതിനെ കുറിച്ചൊന്നും മനസ്സിലാകുന്നില്ല. ജീവിതചരിത്രകാരന്മാർക്കും വ്യാഖ്യാതാക്കൾക്കും അതു മനസ്സിലാക്കുന്നതിൽ തെറ്റുപറ്റിയെന്നാണ് തോന്നുന്നത്. എന്തായാലും ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതിന്റെ വിശദീകരണത്തിൽ എന്തെന്നാണോ വിവരിച്ചിട്ടുള്ളത് അത് അദ്ദേഹത്തിന്റെ പ്രസിദ്ധീകരിച്ചിട്ടില്ലാത്ത തഫ്സീറിന്റെ നോട്ടിൽനിന്ന് കിട്ടിയിരിക്കുന്നു. അത് ആ വിഷയം വിശദീകരിക്കുന്നുണ്ട്. ഈ നിവേദനങ്ങളെ ഖണ്ഡിക്കുന്നു. ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ വിശദീകരണമാണ് ശരിയെന്ന് തോന്നുന്നത്. അനാവശ്യമായി ഹദ്‌റത്ത് ഉമറിന്റെ സ്ഥാനത്തെ ഉയർത്തികാണിക്കുന്നതിനുവേണ്ടി ചില വ്യാഖ്യാതാക്കൾ ഈ നിവേദനങ്ങൾ ഉണ്ടാക്കിയതോ അല്ലെങ്കിൽ അതതെറ്റായി മനസ്സിലാക്കിയതോ ആണ്. ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ)സൂറത്ത് അൻഫാലിന്റെ 68-ാമത്തെ വചനത്തിന് തഫ്സീർ എഴുതിക്കൊണ്ടു പറയുന്നു: ഇസ്‌ലാമിനുമുമ്പേ അറബികൾക്ക് ഒരു സമ്പ്രദായമുണ്ടായിരുന്നു. എഴുതുന്നു:ലോകത്തിലെ ചില ഭാഗങ്ങളിൽ കഷ്ടമെന്നുപറയട്ടെ ഇപ്പോഴും ഇതു നടക്കുന്നുണ്ട്. അതായത് യുദ്ധമില്ലെങ്കിലും ആക്രമണങ്ങളില്ലെങ്കിലും ബന്ദികളെ പിടികൂടി അടിമകളാക്കുന്നു. ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഈ തഫ്സീറെഴുതുമ്പോഴുള്ള കാലത്തെ കാര്യമാണ് പറയുന്നത്. ഈ ആയത്ത് അത്തരം അനിഷ്ടകരമായ ആചാരത്തെ വിലക്കുന്നു. വ്യക്തമായ ഭാഷയിൽ അതു കൽപിക്കുന്നത് വെറും യുദ്ധാവസ്ഥയിൽ ഏറ്റുമുട്ടലിനുശേഷം മാത്രമെ ശത്രുപക്ഷത്തുനിന്നും ബന്ദികളാക്കാവൂ എന്നാണ്. പോരാട്ടമുണ്ടാകുന്നില്ലെങ്കിൽ ആരേയും ബന്ദിയാക്കാൻ അനുവാദമില്ല. ഈ ആയത്ത് വളരെയധികം ദുർവ്യാഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നു. അവർ പറയുന്നു:മുസ്‌ലിമീങ്ങൾ ബദ്ർ യുദ്ധവേളയിൽമക്കക്കാരിൽ ചിലരെ ബന്ദികളാക്കിക്കൊണ്ടുവന്നപ്പോൾ അവരെ എന്തു ചെയ്യണമെന്ന് നബി(സ)തിരുമേനി സ്വഹാബാക്കളോടു കൂടിയാലോചന നടത്തി. ഹദ്‌റത്ത് ഉമർ(റ)അവരെ വധിക്കണമെന്ന് അഭിപ്രായപ്പെട്ടു. അവരിൽനിന്ന് ഫിദ്‌യ വാങ്ങി വിട്ടയക്കണമെന്നാണ് ഹദ്‌റത്ത് അബൂബക്ർ(റ)അഭിപ്രായപ്പെട്ടത്. നബി(സ)തിരുമേനിക്ക് ഹദ്‌റത്ത് അബൂബക്റിന്റെ അഭിപ്രായം ബോധിച്ചു. സൂറ അൻഫാലിലെ 68-ാം വചനമാണിത്. അതിൽ പറഞ്ഞിരിക്കുന്ത് (യുദ്ധംചെയ്ത്) നാട്ടിൽ (ശത്രുക്കളെ) കീഴടക്കുന്നതുവരെ ഒരു നബിക്കും ബന്ധനസ്ഥരുണ്ടായിരിക്കുകയെന്നത് ചേർന്നതല്ലെന്നാണ്. ഏതായാലും ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഇതു വിശദീകരിച്ചുകൊണ്ടു പറയുന്നു:'അഭിപ്രായം തേടിയപ്പോൾ ഹദ്‌റത്ത് അബൂബക്റിന്റെ അഭിപ്രായം വ്യത്യസ്തമായിരുന്നു. ഹദ്‌റത്ത് ഉമറിന്റെ അഭിപ്രായം അതിൽനിന്ന് ഭിന്നമായിരുന്നു. നബി(സ)തിരുമേനിക്ക് ഹദ്‌റത്ത് അബൂബക്ർ(റ)ന്റെ അഭിപ്രായമാണ് ഇഷ്ടപ്പെട്ടത്.ഫിദ് യ വാങ്ങി ബന്ദികളെ വിട്ടയച്ചു. പക്ഷേ, ഖുർആൻ വ്യാഖ്യാതാക്കൾ പറയുന്നത് ഈ ആയത്ത് ഇറങ്ങിയതിലൂടെ അല്ലാഹു നബി(സ)തിരുമേനിയുടെ പ്രവർത്തിയെ ഇഷ്ടപ്പെട്ടില്ലെന്ന് വരുന്നുവെന്നാണ്. ഹദ്‌റത്ത് ഉമറിന്റെ(റ) വാക്കുകൾക്കു പ്രസക്തി നല്കാൻ അവരിങ്ങനെ നിവേദനമുണ്ടാക്കിയതാണ്. അതിലൂടെ നബി(സ)തിരുമേനിയുടെ പദവിക്ക് കോട്ടം വരുന്നുവെന്നത് അവർ വകവെച്ചില്ല. ഏതായാലും ഇവർ പറയുന്നു:നബി(സ)തിരുമേനിയുടെ പ്രവർത്തി അല്ലാഹുവിന് ഇഷ്ടപ്പെട്ടില്ല. ബന്ദികളെ വധിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. ഫിദ്‌യ വാങ്ങാൻ പാടില്ലായിരുന്നു. ഇതു ത്വബരിയുടെ തഫ്സീറാണ്. ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ)എഴുതുന്നു:ഈ വ്യാഖ്യാനം തെറ്റാണ്. ഒന്നാമത്തെ കാര്യം ബന്ദികളെ ഫിദ്‌യ വാങ്ങി വെറുതെ വിടരുതെന്ന് ആ നേരത്ത് ദൈവകൽപന ഇറങ്ങിയിട്ടില്ല. അതിനാൽ ഫിദ്‌യ വാങ്ങിയതിന്റെ പേരിൽ നബി(സ)തിരുമേനി കുറ്റാരോപിതനാകുന്നില്ല. രണ്ടാമത്തെ കാര്യം അതിനു മുമ്പേതന്നെ നബി(സ)തിരുമേനി നഖ്‌ലയിൽവച്ച് രണ്ടുപേരോടു ഫിദ്‌യ വാങ്ങി അവരെ വെറുതെ വിട്ടിരുന്നു. അല്ലാഹു നബി(സ)തിരുമേനിയുടെ ഈ പ്രവർത്തിയെ അനിഷ്ടകരമായി കണ്ടില്ല. മൂന്നാമത്തെ കാര്യം ഈ ആയത്തിനുശേഷം രണ്ടായത്തുകൾ കഴിഞ്ഞാൽ അല്ലാഹു യുദ്ധമുതൽ കിട്ടിയാൽ അത് കഴിച്ചുകൊള്ളുക, അതു നിങ്ങൾക്ക് അനുവദനീയവും പരിശുദ്ധവുമാണെന്ന് പറഞ്ഞ് മുസ്‌ലിമീങ്ങൾക്ക് അനുമതി നല്കുന്നുണ്ട്. ആ സ്ഥിതിയിൽ നബി(സ)തിരുമേനി ഫിദ്‌യ വാങ്ങുന്നത് അല്ലാഹുവിന് അനിഷ്ടകരമാകുമെന്ന് ഊഹിക്കാൻപോലും പറ്റുമായിരുന്നില്ല. കാരണം അങ്ങനെ കിട്ടുന്ന പണം ഹലാലും ത്വയ്യിബുമാണെന്ന് പറഞ്ഞിരിക്കുന്നു. അതുകൊണ്ട് അങ്ങനെ വ്യാഖ്യാനിക്കുന്നതുതന്നെ തെറ്റാണ്. അതുകൊണ്ടു ശരിയായ വ്യാഖ്യാനമിതാണ്, ഇവിടെ ഒരു നിയമമാണ് പറഞ്ഞിട്ടുള്ളത്. നിയത രൂപത്തിൽ യുദ്ധം നടക്കുകയും ശത്രുക്കളെ ശക്തമായി നേരിട്ട് പരാജയപ്പെടുത്തുകയും ചെയ്യാതെ ബന്ധികളാക്കാൻ പാടില്ല.'(ദുറൂസ് ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ)(പ്രസിദ്ധീകരിച്ചിട്ടില്ലാത്തത്),സൂറ അൻഫാൽ, രജിസ്റ്റർ നമ്പർ 36, പേജ് 968-969)

ഹദ്‌റത്ത് ഉമർ(റ)ഫിദ്‌യ വാങ്ങരുതെന്ന് അഭിപ്രായപ്പെട്ടതുമായി ഇതിന് ഒരു ബന്ധവുമില്ല. ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞതുതന്നെയാണ് ഖുർആൻ മുഫസ്സിരീങ്ങളിൽ അല്ലാമ ഇമാം റാസിയുടേയും വിഖ്യാത നബിചരിത്രകരാൻ അല്ലാമ ശിബ്‌ലി നുഅ്മാനിയുടേയും മതം(തഫ്സീറെ കബീർ അല്ലാമ റാസി വാള്യം 8. ഭാഗം 15, പേജ് 158, പ്രസാധനം ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2004)(സീറത്തുന്നബി(സ), ശിബ്‌ലി നുഅ്മാനീ, വാള്യം 1, പേജ് 194, പ്രസാധനം ആർ സൈഡപ്പാക്കേജസ് , ലാഹോർ,ഹിജ്റ 1408)

ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എം.എ. ഇതു സംബന്ധമായി എഴുതുന്നു: "മദീനയിലെത്തിയ നബി(സ)തിരുമേനി ബന്ദികളെക്കുറിച്ച് അവരെ എന്തു ചെയ്യണമെന്ന് കൂടിയാലോചന നടത്തി. പൊതുവിൽ അറേബ്യയിൽ ബന്ദികളെ വധിക്കുകയോ സ്ഥിരം അടിമകളാക്കുകയോ ആയിരുന്നു പതിവ്. എന്നാൽ, നബി(സ)തിരുമേനിയുടെ പ്രകൃതത്തിൽ ഇക്കാര്യം വളരെ അസഹനീയമായി തോന്നിയിരുന്നു. പോരാത്തതിന് അതുവരെ അതെക്കുറിച്ച് ഒരു ദൈവകൽപനയും ഇറങ്ങിയിരുന്നുമില്ല. ഹദ്‌റത്ത് അബൂബക്ർ(റ)പറഞ്ഞു:എന്റെ അഭിപ്രായത്തിൽ അവരിൽനിന്ന് ഫിദ്‌യവാങ്ങി വിടുകയാണ് വേണ്ടത്. കാരണം ഇവർ നമ്മുടെ ബന്ധുജനങ്ങൾതന്നെയല്ലേ? മാത്രമല്ല നാളെ ഇവരിൽനിന്ന് ഇസ്‌ലാമിന് ജീവാർപണം ചെയ്യുന്നവരുണ്ടായാലും അത്ഭുതപ്പെടേണ്ടതില്ല. എന്നാൽ, ഹദ്‌റത്ത് ഉമർ(റ) ഈ അഭിപ്രായത്തോടു വിയോജിച്ചുകൊണ്ടു പറഞ്ഞു, ദീനിന്റെ കാര്യത്തിൽ കുടുംബവും ബന്ധവുമൊന്നും നോക്കിക്കൂട. ഇവരാണെങ്കിൽ തങ്ങളുടെ പ്രവർത്തിയിൽ വധാർഹരുമാണ്. എന്റെ അഭിപ്രായത്തിൽ ഇവരെയെല്ലാം വധിച്ചുകളയണം. ശരിക്കും മുസ്‌ലിമീങ്ങളോടു അവരവരുടെ ബന്ധുക്കളെ വധിക്കാൻ കൽപിക്കുകയാണ് വേണ്ടത്. നബി(സ)തിരുമേനി തന്റെ സ്വതസിദ്ധമായ കാരുണ്യത്താൽ പ്രഭാവിതനായിക്കൊണ്ട് ഹദ്‌റത്ത് അബൂബക്റിന്റെ അഭിപ്രായത്തെ ഇഷ്ടപ്പെട്ടു. വധത്തിന്നെതിരിൽ തീരുമാനമെടുക്കുകയും ചെയ്തു. ഫിദ്‌യ നല്കുന്ന അന്വാരാധകരെ വിട്ടയക്കാൻ ഉത്തരവും നല്കി. പിന്നീട് ഇതനുസരിച്ചുതന്നെ ദൈവകൽപനയുമിറങ്ങി. ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ)എഴുതിയപോലെ ഫിദ്‌യ നല്കുന്നതു സംബന്ധിച്ച് ദൈവകൽപന ഇറങ്ങിയശേഷം പിന്നെ ഹദീഥിനെ ആധാരമാക്കി നബി(സ)തിരുമേനിയുടേയും ഹദ്‌റത്ത് അബൂബക്റിന്റേയും കരച്ചിലിനുകാരണം അതാണെന്ന് വരുത്തിവെക്കുന്നത് അതിവിചിത്രം തന്നെ. ഏതായാലും ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു:അപ്രകാരം ഓരോരുത്തരുടേയും സ്ഥിതഗതികളനുസരിച്ച് 1000 ദിർഹം മുതൽ 4000 ദിർഹംവരെ ഫിദ്‌യ നിശ്ചയിക്കപ്പെട്ടു. അങ്ങനെ ബന്ദികൾ മോചിതരായിക്കൊണ്ടിരുന്നു."(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്‌റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ), പേജ് 367-368) ബാക്കി ഇൻശാഅല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ജുമുഅക്കുശേഷം ഞാൻ രണ്ടു ജനാസ ഗായിബും നമസ്കരിപ്പിക്കുന്നതായിരിക്കും. ആദ്യത്തെ ജനാസ മുറബ്ബി സിൽസിലയും പാകിസ്താനിലെ നായിബ് നാളിം വഖ്ഫ് ജദീദുമായിരുന്ന റാണ അബ്ദുൽ ഹമീദ് ഖാൻ സാഹിബ് കാട്ട്ഗഡിയുടേതാണ്. കഴിഞ്ഞ ദിവസം ഇദ്ദേഹം 70-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിയൗൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയായിരുന്നു. ഇദ്ദേഹത്തിന്റെ പിതാവിന്റെ പേര് ചൗദ്‌രീ അബ്ദുൽ ലത്വീഫ് ഖാൻ കാട്ട്ഗഡി എന്നാണ്. മാതാവ് അമത്തുൽ ലത്വീഫ് സാഹിബയാണ്. ഇദ്ദേഹത്തിന്റെ പിതാവും വാഖിഫെ സിന്ദഗിയായിരുന്നു. ജമാഅത്തിന്റെ ഉദ്യോഗസ്ഥനായിരുന്നു. അബ്ദുൽ ഹമീദ് ഖാൻ സാഹിബിന്റെ പിതാമഹൻ ഹദ്‌റത്ത് ചൗദ്‌രീ അബ്ദുൽ മന്നാൻ ഖാൻ സാഹിബ് കാട്ട്ഗഡി, പിതാമഹന്റെ ജ്യേഷ്ഠൻ ഹദ്‌റത്ത് ചൗദ്‌രീ അബ്ദുസ്സലാം കാട്ട്ഗഡി എന്നിവരിലൂടെയാണ് ഇദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് ആരംഭിക്കുന്നത്. ഇവർ രണ്ടു പേർക്കും 1903-ൽ ഹദ്‌റത്ത് മസീഹ് മൗഊദ് (അ) ന്റെ കൈയിൽ ബയ്അത്ത് ചെയ്യാനുള്ള സൗഭാഗ്യം ലഭിച്ചു. അബ്ദുൽ ഹമീദ് ഖാൻ കാട്ട്ഗഡി മെയ് 1979-ൽ മുറബ്ബിയായി സേവനമനുഷ്ഠിക്കാൻ ആരംഭിച്ചു. പാകിസ്താനിലും വിദേശത്തും പല സ്ഥലങ്ങളിൽ അദ്ദേഹത്തിന് സേവനത്തിനുള്ള തൗഫീഖ് ലഭിക്കുകയുണ്ടായി. വക്കാലത്ത് തബ്ശീറിനു കീഴിൽ 1985 ഓഗസ്റ്റ് മുതൽ ഡിസംബർ 1986 വരെ ഉഗാണ്ടയിലുണ്ടായിരുന്നു. അതിനുശേഷം നള്ളാമത്ത് ഇർശാദ് വഖ്ഫുജദീദിനു കീഴിൽ വ്യത്യസ്ത സ്ഥലങ്ങളിൽ ജമാഅത്തിന്റെ മുറബ്ബി എന്ന നിലയിൽ സേവനത്തിനുള്ള തൗഫീഖ് ലഭിച്ചു. അല്ലാഹു അദ്ദേഹത്തിന് ഒരു മകനെയും ഒരു മകളെയും നൽകി അനുഗ്രഹിച്ചു. അദ്ദേഹത്തിന്റെ മകൻ ഡോക്ടർ അബുദുർറഊഫ് ഖാൻ സാഹിബ് ഇപ്പോൾ ഖുദാമുൽ അഹ്മദിയ്യ ഡെന്മാർക്കിന്റെ സ്വദ്റാണ്.

ഡോക്ടർ റഊഫ് ഖാൻ സാഹിബ് പറയുന്നു? "എന്റെ പിതാവ് എപ്പോഴും വഖ്ഫിനോടു കൂറു പുലർത്തി. ഉഗാണ്ടയിൽ കലാപകാരികൾ ഭരണം അട്ടിമറിച്ചതിനെത്തുടർന്ന് അവർ

വിദേശികളെ പുറത്താക്കിയ കാരണത്താലാണ് ഉഗാണ്ടയിൽ നിന്ന് പെട്ടെന്നു തിരിക്കേണ്ടിവന്നത്. ഏതായാലും, പറയുന്നു, ഉഗാണ്ടയിൽ സേവനത്തിന്നിടയിൽ അന്ന് അവിടെയുണ്ടായിരുന്ന മിഷണറി ഇൻചാർജ് മഹ്മൂദ് ഭട്ടി സാഹിബ് എന്റെ പിതാവിന് ഒരു വിശുദ്ധ ഖുർആൻ നൽകി കംപലാ എന്ന സ്ഥലത്തേക്ക് തബ്ലീഗിന് അയച്ചു. ഈ സമയത്ത് ആ പ്രദേശത്ത് ആഭ്യന്തര കലാപം ആരംഭിച്ചു. ജനങ്ങൾ പലായനം ചെയ്യാൻ നിർബന്ധിതരായി. പലായനത്തിനിടയിൽ എന്റെ പിതാവിന് അസുഖം ബാധിച്ചിരുന്നു. ആശുപത്രി അടുത്തെങ്ങും ഇല്ലാത്തതിനാലും മറ്റു സഹായങ്ങൾ ലഭ്യമല്ലാത്തതിനാലും ആളുകൾ അദ്ദേഹത്തെ ഒരു മുറിയിൽ ഉപേക്ഷിച്ചുപോയി. ഈ പ്രദേശത്ത് കലാപകാരികൾ നിയന്ത്രണമേറ്റെടുത്തു. ആ പ്രദേശത്തരെങ്കിലുമുണ്ടോ എന്ന് കലാപകാരികൾ തിരച്ചിൽ നടത്തി. അതിൽ ഒരാൾ ഹമീദ് സാഹിബ് കിടന്നിരുന്ന മുറിയിലുമെത്തി. അദ്ദേഹം അവിടെ കിടക്കുകയായിരുന്നു. അദ്ദേഹം മരിച്ചിരിക്കുന്നുവെന്ന് കരുതി അവർ അദ്ദേഹത്തെ ഉപേക്ഷിച്ചുപോയി. പറയുന്നു? എന്റെ പിതാവ് പറയുമായിരുന്നു, ഞാൻ ജനലിനു തൊട്ടു താഴെയാണ് കിടന്നിരുന്നത്. ജനലിലൂടെ വെടിയുണ്ടകൾ അപ്പുറത്തെ മതിലിൽത്തറച്ച് കൊണ്ടിരുന്നു. അവസ്ഥകൾ കുറച്ച് മെച്ചപ്പെട്ടപ്പോൾ ചില പരിചയക്കാരുമായി ബന്ധം സ്ഥാപിക്കാൻകഴിഞ്ഞു. അവർ പിതാവിനെ സുരക്ഷിതമായ സ്ഥലത്തെത്തിച്ചു. ഇങ്ങനെ അല്ലാഹു അദ്ദേഹത്തെ സംരക്ഷിച്ചു.

ഖിലാഫത്തുമായി അദ്ദേഹത്തിന് അളവറ്റ കൂറും സ്നേഹവുമായിരുന്നു. വളരെ സാധാരണക്കാരനും എല്ലാവരോടും ഇണങ്ങിയും സ്നേഹിച്ചും കഴിയുന്ന ആളുമായിരുന്നു. കാലത്തിന്റെ ഖലീഫ ഖുത്വ്ബകളിൽ പറയുന്ന ഓരോ കാര്യത്തിനും ലബ്ബയ്ക് പറയുന്ന വ്യക്തിയായിരുന്നു. ഒരു വിധ വ്യാഖ്യാനങ്ങൾക്കും തയ്യാറാകുമായിരുന്നില്ല. ആരെങ്കിലും ഖിലാഫത്തിന്റെ കല്പനകൾക്ക് ഇന്ന അർഥമാണ് അല്ലെങ്കിൽ ഇന്ന ഉദ്ദേശ്യമാണെന്ന് വ്യാഖ്യാനിക്കാൻ തുനിഞ്ഞാൽ ദ്വേഷപ്പെടുമായിരുന്നു. അദ്ദേഹത്തിന്റെ മകൻ പറയുന്നു, ഭാരവാഹികളെയും മുറബ്ബിമാരേയും ബഹുമാനിക്കുകയും എന്നോടു അപ്രകാരം ചെയ്യാൻ ഉപദേശിക്കുകയും ചെയ്യുമായിരുന്നു. ഞാൻ അത്വ്ഫാലിൽ ആയിരുന്ന സമയത്ത് എന്നോടു ഇപ്രകാരം പറഞ്ഞു: നീ ഭാരവാഹികളെയും മുൻതള്ളിം അത്ഫാലിനെയും അനുസരിക്കുന്നില്ലെ ങ്കിൽ ഭാരവാഹിത്വം ഒഴിവാക്കുക- ഇദ്ദേഹം ചിലപ്പോൾ ഏതെങ്കിലും കാര്യത്തിൽ അഭിപ്രായവ്യത്യാസം കാണിച്ചിരിക്കാം- അദ്ദേഹം പറയുമായിരുന്നു: ഖിലാഫത്തും ജമാഅത്ത് വ്യവസ്ഥിതിയും പരസ്പരം പൂരിതങ്ങളാണ്. ഒന്നിനെ അനുസരിക്കുകയും മറ്റൊന്നിനെ അനുസരിക്കാതിരിക്കുകയും ചെയ്യുന്നത് ശരിയല്ല. മറ്റുള്ളവരെ സഹായിക്കുകയും അനുയോജ്യമായ സമയത്ത് സ്വയം ശരിയാക്കി നന്നാക്കുന്നതും അദ്ദേഹത്തിന്റെ പ്രത്യേക ഗുണമായിരുന്നു. അദ്ദേഹം ആരെയെങ്കിലും തിരുത്തുകയും അയാൾ ദ്വേഷപ്പെടുകയും ചെയ്യുകയാണെങ്കിൽ അതിനെ ഗൗനിക്കാറില്ലായിരുന്നു. തെറ്റ് തിരുത്തുകയാണെങ്കിൽ അദ്ദേഹം അവരെ പ്രോത്സാഹിപ്പിക്കുമായിരുന്നു. തന്റെ ലക്ഷ്യം ഇസ്വ്ലാഹ് മാത്രമായിരുന്നുവെന്ന് പറയുമായിരുന്നു. വീണ്ടും എഴുതുന്നു: ജീവിതത്തിൽ പല തവണ സുഖലോലുപതയുടെ അവസരം വന്നെങ്കിലും അദ്ദേഹം എപ്പോഴും വഖ്ഫിനു മുൻഗണന നൽകി. സംസാരത്തിന്നിടയിൽ ഞാൻ പിതാവിനോട് എന്റെ അടുത്ത് ഡെന്മാർക്കിൽ വരൂ എന്ന് പറഞ്ഞപ്പോൾ അദ്ദേഹം നീരസത്തോടെ ഇപ്രകാരം പറഞ്ഞു, ഞാൻ ചില വർഷങ്ങളല്ല മറിച്ച് ജീവിതമാണ് വഖ്ഫ് ചെയ്തിരിക്കുന്നത്. എന്റെ എല്ലാം വഖ്ഫുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്.

അദ്ദേഹത്തിന്റെ മകൾ ഹാഫിള്വ ഹസൻ ആരാ പറയുന്നു: എന്റെ പിതാവ് അളവറ്റ കരുണയും വാത്സല്യവും നിറഞ്ഞ വ്യക്തിയും അതിഥി സൽക്കാര പ്രിയനുമായിരുന്നു. ദുആകളുടെ ഒരു നിധി തന്നെയായിരുന്നു. അല്ലാഹുവിന്റെ അസ്തിത്വത്തിനുമേലുള്ള അദ്ദേഹത്തിന്റെ തവക്കുലും പരിപൂർണ വിശ്വാസവും വിശ്വസ്തതയും അദ്ദേഹത്തിന്റെ പ്രത്യേക ഗുണമായിരുന്നു. അല്ലാഹുവിനുശേഷം ഖിലാഫത്തിനോടുള്ള അദ്ദേഹത്തിന്റെ സ്നേഹവും അദ്ദേഹത്തിന്റെ പ്രത്യേകതയുമായിരുന്നു. മറ്റെല്ലാ ബന്ധങ്ങളെക്കാളും ഖിലാഫത്തിനോടു പ്രത്യേക സ്നേഹമായിരുന്നു. അദ്ദേഹത്തിന്റെ ചിന്തകളുടെ അച്ചുതണ്ടും സംസാരത്തിന്റെ തുടക്കവും ഒടുക്കവുമെല്ലാം കാലത്തിന്റെ ഖലീഫയോടുള്ള സ്നേഹത്തെ കുറിച്ച് ഉപദേശിച്ചു കൊണ്ടായിരിക്കും. ഇവിടെ യു.കെ. യിൽ ഇടക്കുവരുമ്പോൾ ഞാൻ ചില സമയങ്ങളിൽ (പിതാവിനോടുള്ള സ്നേഹത്തിൽ) വികാരത്തിന് അടിപ്പെട്ടു പോകുമ്പോൾ അദ്ദേഹം ഇപ്രകാരം പറയുമായിരുന്നു. ഈ ലോകത്തെ എല്ലാ ബന്ധങ്ങളും നശ്വരമാണ്. നീ അല്ലാഹുവുമായി നിന്റെ ബന്ധം സുദൃഢമാക്കുക. മറ്റെല്ലാ ബന്ധങ്ങളും ഒഴിവാക്കൂ. എന്തെന്നാൽ എന്നെന്നും നിലനിൽക്കുന്ന അസ്തിത്വം അല്ലാഹുവിന്റേതു മാത്രമാണ്. അവനൊരിക്കലും നമ്മെ തനിയെ വിട്ടുകളയുകയില്ല. അതിനുശേഷം അദ്ദേഹം പറഞ്ഞു: പിന്നെ ഖിലാഫത്തോനോടു സുദൃഢമായ ബന്ധം സ്ഥാപിക്കുക. വളരെ സാധാര ണ പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. താനൊരു വഖ്ഫ് സിന്ദഗിയാണെന്നും തന്റെ മുഴുവൻ ജീവിതവും വഖഫുമായി ബന്ധപ്പെട്ടതാണെന്നും എപ്പോഴും പറയുമായിരുന്നു. തന്റെ അവസാന സമയംവരെ വഖ്ഫു പൂർത്തിയാക്കണമെന്ന് അദ്ദേഹമെപ്പോഴും ആഗ്രഹം പ്രകടിപ്പിക്കുമായിരുന്നു.

നാള്വിംമാൽ വഖ്ഫുജദീദ് ഹാഫിള്വ് ഖാലിദ് ഇഫ്തിഖാർ സാഹിബ് എനിക്കെഴുതുന്നു:അബ്ദുൽ ഹമീദു ഖാൻ സാഹിബിനോടൊപ്പം ഏതാണ്ട് 20 വർഷം ജോലി ചെയ്യാൻ എനിക്ക് അവസരം കിട്ടിയിട്ടുണ്ട്. എപ്പോഴും ഒരു യഥാർഥ വഖ്ഫെ സിന്ദഗിയുടെ മാതൃക അദ്ദേഹം കാഴ്ചവെച്ചു. പ്രായവും അനുഭവ സമ്പത്തുകൊണ്ടും എന്നെക്കാൾ മുതിർന്ന വ്യക്തിയായിരുന്നു. എന്നാൽ. ഖിലാഫത്തിനോടും ജമാഅത്ത് വ്യവസ്ഥിതിയോടും അനുസരണം കാണിക്കുന്നതിന് അങ്ങേയറ്റത്തെ കൃത്യനിഷ്ഠ കാണിക്കുന്ന ആളായിരുന്നതിനാൽ ഒരിക്കലും തന്റെ ഉയർന്ന പദവി പ്രകടിപ്പിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ നാഇബായിരുന്നു. പറയുന്നു, നിസ്വാർഥവും നിർലോഭവുമായി എന്നോടൊപ്പം അദ്ദേഹം പ്രവർത്തിച്ചു. പറഞ്ഞു: പറഞ്ഞു മനസ്സിലാക്കുന്ന രീതിയും ചന്ദയ്ക്കുവേണ്ടി ആഹ്വാനം ചെയ്യുന്ന ശൈലിയും വളരെ ഉദാത്തമായിരുന്നു. യുക്തിപൂർവം പ്രവർത്തിക്കുന്ന രീതി നവാഗതരായ ജമാഅത്ത് ജീവനക്കാർക്കും മുബല്ലിഗ് മുഅല്ലിമുമാർക്കും പറഞ്ഞു മനസ്സിലാക്കിക്കൊടുത്തിരുന്നു. തന്നിലർപിതമായ ഉത്തരവാദിത്വങ്ങൾ പൂർണ അനുസരണത്തോടെ നിറവേറ്റുമായിരുന്നു. അഭിപ്രായമുള്ള ആളായിരുന്നു. സേവനത്തിന്റെ രീതി മൗനവും നിസ്വാർഥവുമായിരുന്നു. 30-ൽ അധികം വർഷം വഖ്ഫുജദീദ് ഓഫീസ് അദ്ദേഹത്തെ പ്രയോജനപ്പെടുത്തുകയുണ്ടായി. ജീവിതത്തിലെ അവസാന ഏതാനും വർഷങ്ങൾ പലപ്പോഴും ആരോഗ്യം മോശമായിരുന്നപ്പോൾ വിദേശത്തുള്ള മക്കൾ ഏതെങ്കിലും മക്കളുടെ അടുത്തുപോകാൻ പറഞ്ഞാൽ വികാരഭരിതനായി പറയും:ഞാൻ ജീവിതം വഖ്ഫു ചെയ്തതാണ്. അവസാനനമിഷംവരെ സേവനം ചെയ്യുന്നതാണ്. ആ പ്രതിജ്ഞ അവസാന സമയംവരെ പൂർത്തിയാക്കാൻ അല്ലാഹു അദ്ദേഹത്തിന് തൗഫീഖ് നല്കുമാറാകട്ടെ.

നല്വാമത്തെ മാലിലെ ജമാഅത്തിന്റെ മുറബ്ബി മുബശ്ശിർ അഹ്മദ് സാഹിബ് പറയുന്നു: 2013-ൽ വഖ്ഫു ജദീദിലെ സാമ്പത്തിക വകുപ്പിൽ എനിക്ക് നിയമനം ലഭിച്ചു. അബ്ദുൽഹമീദ് ഖാൻ സാഹിബ് അടിസ്ഥാനപരമായി രണ്ടു ഉപദേശങ്ങളാണ് എനിക്കു നല്കിയത്. അതുരണ്ടും നോട്ടു ബുക്കിൽ കുറിച്ചിടാൻ പറഞ്ഞു. ഇതായിരുന്നു ആദ്യത്തേത്. എല്ലാ അനുഗ്രഹങ്ങളുടേയും ഉറവിടം ഖിലാഫത്താണ്. സകല അവസ്ഥകളിലും ഖിലാഫത്തിനോടു കൂറു പുലർത്തണം. രണ്ടാമത്തേത് ജോലിയിൽ മടിയുണ്ടായാൽ അതു പൊറുക്കപ്പെടാം. എന്നാൽ, തെറ്റായ വിവരണം കളവ് എന്നിവ മാപ്പാക്കപ്പെടുകയില്ല. അതുകൊണ്ട് തെറ്റായ ന്യായം ഉന്നയിക്കുകയോ കളവ് പറയുകയോ ചെയ്യരുത്. ഈ രണ്ടു അടിസ്ഥാനകാര്യങ്ങൾ മുറുകെ പിടിക്കുക. ഇതു നമ്മൾ ഓരോരുത്തരും പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. അല്ലാഹുവിനോടു ഇക്കാര്യത്തിൽ ഈമാനും ദൃഢവിശ്വാസവമുണ്ടാകാനായി സഹായമർഥിക്കുകയും ദുആ ചെയ്തുകൊണ്ടിരിക്കുകയും വേണം. പറയുന്നു:ഞാൻ അദ്ദേഹത്തോടൊപ്പം പര്യടനവേളകളിലുമുണ്ടാകുമായിരുന്നു. അടിക്കടി എന്നെ ഉണർത്തിക്കൊണ്ടിരുന്ന കാര്യം ഒരാൾക്ക് വഖ്ഫുജദീദിന്റെ പ്രാധാന്യവും ആവശ്യകതയും മനസ്സിലാക്കിക്കൊടുക്കുന്നത് അവർ ത്യാഗം ചെയ്യുമ്പോൾ അസ്വസ്ഥതതോന്നാത്ത അളവിൽ മാത്രമായിരിക്കണം. പണം മാത്രം ആവശ്യപ്പെടാതെ ചന്ദയുടെ പ്രാധാന്യം അവരുടെ ഹൃദയത്തിലുളവാക്കണം. അവരിൽ ജമാഅത്തിനോടുള്ള മനോവേദന ഉണ്ടാക്കണം. പിന്നീട് അവരോടു അവരുടെ കഴിവനുസരിച്ച് ആവശ്യപ്പെടണം. അതിൽ ലജ്ജിക്കേണ്ട കാര്യമൊന്നുമില്ല. കാരണം നമ്മുടെ ജോലി ജമാഅത്തിനെ സേവിക്കലാണ്. ജമാഅത്തിനെ സഹായിക്കുകയാണ്. ജമാഅത്തിന്റെ സ്വത്തുക്കൾ നല്ലവണ്ണം സംരക്ഷിക്കുമായിരുന്നു. അതിനെപ്പോഴും ഉപദേശിക്കുമായിരുന്നു. ജമാഅത്തംഗങ്ങളുടെ ത്യാഗഫലമായാണ് ചന്ദ ശേഖരിക്കപ്പെടുന്നത്. അങ്ങനെയുള്ള ചന്ദപ്പണം ചെലവഴിക്കുമ്പോൾ നമ്മളൊരിക്കലും ധൂർത്ത് കാണിക്കരുത്. ആവശ്യമുള്ളത് ചെയ്യുകതന്നെവേണം. അതു വാങ്ങേണ്ടതാണെങ്കിൽ വാങ്ങണം. എന്നാൽ, ആവശ്യത്തിലധികം ചെലവഴിക്കരുത്. അദ്ദേഹം പറയുമായിരുന്നു, ഞാനെന്റെ മകനോടും പറഞ്ഞിട്ടുള്ളതാണ് നീ ജമാഅത്തിനോടു വിശ്വസ്തതപുലർത്തുന്നതുവരെ നീ എന്റെ മകനാണ്. അല്ലെങ്കിൽ നിനക്കു ഞാനുമായി ഒരുബന്ധവുമില്ല. ഞാനൊന്നും ആവശ്യപ്പെടുന്നുമില്ല.

അല്ലാഹു അദ്ദേഹത്തോടു മഗ്ഫിറത്തോടും മർഹമത്തോടും കൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ പദവികളുയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ നന്മകൾ പിന്തുടരാൻ മക്കൾക്കും തൗഫീഖ് നല്കുമാറാകട്ടെ.

അടുത്ത അനുസ്മരണം ജമാഅത്തിന്റെ മുറബ്ബിയായ അമേരിക്കയിലെ മുബശ്ശിർ അഹ്മദ് സാഹിബിന്റെ ഭാര്യ നുസ്വ്റത്ത് ജഹാൻ അഹ്മദ് സാഹിബയുടേതാണ്. കഴിഞ്ഞ ദിവസമാണ് ഇവർ വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിയൂൻ. 1972-ലാണ് പരേത തന്റെ ഭർത്താവിനും മൂന്നു മക്കൾക്കുമൊപ്പം അമേരിക്കയിൽ ചേക്കേറിയത്. വാഷിംഗ്ടണിലായിരുന്നു താമസം. 1988-ൽ അമേരിക്കയിൽ മുബശ്ശിർ അഹ്മദ് സാഹിബിന് ജീവിതം വഖ്ഫുചെയ്യാനുള്ള സൗഭാഗ്യം ലഭിച്ചു. പരേത ജീവിതം മുഴുവൻ വിനയത്തോടും അല്ലാഹുവിന് ശുക്റുചെയ്തും കഴിച്ചുകൂട്ടി. മുബശ്ശിർ അഹ്മദ് സാഹിബ് വഖ്ഫു ചെയ്തതുമുതൽ മുറബ്ബിയായി സേവനമനുഷ്ഠിക്കുകയാണ്. വളരെ ലാളിത്യത്തോടും നന്ദി ഭാവത്തോടുംകൂടി അവർ ജീവിച്ചു. പരേത അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയ്യ ആയിരുന്നു. കൃത്യമായി ചന്ദകളിൽ മുൻപന്തിയിൽ നില്ക്കുകയും ഖിലാഫത്തിനോടു അതിരറ്റ സ്നേഹബഹുമാനങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തു. 1977 മുതൽ 2007 വരെ

(ശേഷം പേജ് 8 ൽ)

## • കലാമുൽ ഇമാം •

**‘നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!’(മൽഫൂദാത്ത് വാള്യം 3, പേജ് 38)**


SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

## • കലാമുൽ ഇമാം •

**“ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല.”(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

നല്ലവണ്ണം മനസ്സിലാക്കിക്കൊള്ളുക, ദുആകൾ കൂടാതെ പ്രവർത്തനത്തിൽ ബർക്കത്തുണ്ടാകുകയില്ല.

ഒരു സാധാരണ മുസ്‌ലിം നൂറുശതമാനവും നമസ്കരിക്കുന്നവനായിരിക്കണം. ഞങ്ങളിൽ ഇത്ര ശതമാനമാളുകൾ നമസ്കരിച്ചുവെന്നു മജ്‌ലിസെ ആമില അംഗങ്ങൾ പറഞ്ഞാൽ അത് നല്ല റിസൽട്ടല്ല.

ആദ്യം മുസ്‌ലിമല്ലാതിരുന്ന നൗമുബാഇയീനെ സൂറ ഫാതിഹായും അതിന്റെ തർജമയും പഠിപ്പിക്കേണ്ടതാണ്. നമസ്കാരവും അവരെ പഠിപ്പിക്കേണ്ടതാണ്.

ദീനീസേവനത്തിന് വികാരമുള്ളവരെ അന്വേഷിച്ച് കണ്ടെത്തുക. വെറും സംസാരിക്കുന്നവരാകരുത്.

ഖുദ്ദാമുൽഅഹ്‌മദിയ്യായിൽ ചെയ്തുവന്നതുപോലെ നിങ്ങളുടെ ആക്ടിവിറ്റീസ് എപ്പോഴും പുതുമയോടെ നിലനിറുത്തുക. അതു അൻസ്വാറുല്ലായിലും തുടർന്നുകൊണ്ടുപോകുക.

## ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബി നസ്വ്‌രിഹിൽ അസീസിനോടൊപ്പം നാഷണൽ ആമില മജ്‌ലിസ് അൻസ്വാറുല്ലാ കാനഡയുടെ ഓൺലൈൻ കൂടിക്കാഴ്ചയും ഹുദൂർ അൻവറിന്റെ ഉപദേശ നിർദേശങ്ങളും

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 2021 നവംബർ 6ന് നാഷണൽ ആമില മജ്‌ലിസ് അൻസ്വാറുല്ലാഹ് കാനഡയുമായി ഓൺലൈൻ കൂടിക്കാഴ്ച നടത്തി. ഹുദൂർ ഈ കൂടിക്കാഴ്ചയ്ക്കുവേണ്ടി ഇസ്‌ലാമാബാദിലെ(ടിൽഫോർഡ്)എം.ടി.എ സ്റ്റുഡിയോയിൽ സന്നിഹിതരായി. മജ്‌ലിസെ ആമില അംഗങ്ങൾ ഐവാനെ ത്വാഹിർ പീസ് വില്ലേജിൽനിന്ന് ഓൺലൈനിൽ പങ്കെടുത്തു. ഈ കൂടിക്കാഴ്ച ആരംഭിച്ചത് വിശുദ്ധ ഖുർആൻ പാരായണത്തോടെയാണ്. അതിനുശേഷം ഹുദൂർ അൻവർ ഇതിൽ പങ്കെടുത്തവരുമായി സംസാരിച്ചു. അവരുടെ ഉത്തരവാദിത്വത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചു. അവരുടെ വകുപ്പുകളുദ്ധരിച്ച് അവർക്ക് മാർഗനിർദേശങ്ങൾ നല്കി.

ഹുദൂർ മജ്‌ലിസെ ആമില അംഗങ്ങളോടു, മറ്റുള്ളവരിൽനിന്ന് പ്രതീക്ഷിക്കുന്നതിനുമുമ്പേ അവർ തങ്ങളുടെ മാതൃകാപരമായ പ്രവർത്തനം മുഖേന മജ്‌ലിസ് അൻസ്വാറുല്ലായുടെ എല്ലാ പരിപാടികളിലും പങ്കെടുക്കേണ്ടതാണെന്നു പറഞ്ഞു. ഹുദൂർ പറഞ്ഞു:എല്ലാ മേഖലകളിലും മജ്‌ലിസെ ആമില അംഗങ്ങൾ പരിപാടികളിൽ പങ്കെടുക്കുകയാണെങ്കിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിൽ നല്ല വർധന ഉണ്ടാകുന്നതായിരിക്കും. മറ്റംഗങ്ങൾ കൂടുതൽ പ്രവർത്തനക്ഷമതയുള്ളവരായിത്തീരുകയും ചെയ്യും.

എല്ലാ തലങ്ങളിലുമുള്ള അംഗങ്ങൾ അഞ്ചുനേരത്തെ നമസ്കാരം ജമാഅത്തോടുകൂടി നമസ്കരിക്കേണ്ടതിനെ സംബന്ധിച്ച് ഹുദൂർ പറഞ്ഞു:ദുആകൾ കൂടാതെ പ്രവർത്തനത്തിൽ ബർക്കത്തുണ്ടാകുകയില്ല. അവരുടെ വിചാരം തങ്ങളുടെ സ്വന്തം കഴിവുകൾകൊണ്ടും അറിവുകൊണ്ടും അധ്വാനംകൊണ്ടും പ്രവർത്തനത്തിലെന്തെങ്കിലും ബർക്കത്തുണ്ടാകുമെന്നാണെങ്കിൽ ഒപ്പം ദുആകളില്ലാതെകണ്ട് അതുണ്ടാകുകയില്ല. ഇക്കാര്യം നല്ലപോലെ മനസ്സിലാക്കുക. ഖാഇദ് സാഹിബ് തർബിയ്യത്ത് പറഞ്ഞു: ജീ ഹുദൂർ!ഞങ്ങൾ മുൻതളിമിനോടൊപ്പവും റീജ്യണൽ നാളിം സാഹിബിനോടൊപ്പവും മുടങ്ങാതെ മീറ്റിംഗ് നടത്താറുണ്ട്.

ഹുദൂർ പറഞ്ഞു:ഫലം മുമ്പിൽ വരാത്തിടത്തോളം മീറ്റിംഗുകൾകൊണ്ട് നേട്ടമൊന്നുമില്ല. നൂറുശതമാനവും നമസ്കരിക്കുന്നവരുണ്ടാകണം. ഒരു സാധാരണ മുസ്‌ലിം നൂറുശതമാനവും നമസ്കരിക്കുന്നവനായിരിക്കണം. ഞങ്ങളിൽ ഇത്ര ശതമാനമാളുകൾ നമസ്കരിച്ചുവെന്നു മജ്‌ലിസെ ആമില അംഗങ്ങൾ പറഞ്ഞാൽ അത് നല്ല റിസൽട്ടല്ല. നിങ്ങളൊരിക്കൽ ഇവിടെ ഇജ്തിമാ നടക്കുമ്പോൾ വന്നിരുന്നു. അപ്പോൾ ആ ഇജ്തിമായിലെ സമാപന പ്രഭാഷണത്തിൽ നിങ്ങളോടു നമസ്കാരങ്ങളിൽ ശ്രദ്ധിക്കാൻ പറഞ്ഞിരുന്നുവെന്നാണ് എന്റെ ധാരണ. ഓർമയുണ്ടോ? ഖാഇദ് സാഹിബ് തർബിയ്യത്ത് പറഞ്ഞു:ഓർയുണ്ട് ഹുദൂർ.2015-ൽ. ഹുദൂർ പറഞ്ഞു: ആ പ്രസംഗം വീണ്ടും കേൾക്കുക.

നൗമുബാഇയീനിന്റെ ധാർമികപരമായ തർബിയ്യത്തിന്റെ ഉത്തരവാദപ്പെട്ടവരായ ഖാഇദ് തർബിയ്യത്ത് നൗമുബാഇയീനോടു സംസാരിച്ചുകൊണ്ട് ഹുദൂർ പറഞ്ഞു: ആദ്യം മുസ്‌ലിമല്ലാതിരുന്ന നൗമുബാഇയീനെ സൂറ ഫാതിഹായും അതിന്റെ തർജമയും പഠിപ്പിക്കേണ്ടതാണ്. നമസ്കാരവും അവരെ പഠിപ്പിക്കേണ്ടതാണ്.

ഖാഇദ് തബ്‌ലീഗിനോടു സംസാരിച്ചുകൊണ്ട് ഹുദൂർ പറഞ്ഞു:അവരുടെ ടാർഗറ്റ് വളരെ ഉയർന്നതായിരിക്കേണ്ടതാണ്. എന്നാൽ മാത്രമെ അവരുടെ ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കാൻ സാധിക്കുകയുള്ളു.

മജ്‌ലിസ് അൻസ്വാറുല്ലായുടെ ഒരംഗം ചോദിച്ചു:ചില സ്നേഹിതന്മാർക്ക് എന്തെങ്കിലും ഉത്തരവാദിത്വം നല്കാൻ ശ്രമിക്കുമ്പോൾ അയാൾ ഒഴികഴിവു പറയുന്നു.

ഹുദൂർ പറഞ്ഞു:താങ്കൾ ഉത്തരവാദിത്വം ഏല്പിക്കാൻ ശ്രമിക്കുന്നു. അവർ ഒഴികഴിവ് പറയാൻ ശ്രമിക്കുന്നു. ഇതാണ് നിങ്ങളുടെ മുമ്പിലുള്ള വെല്ലുവിളി. അതായത് ആരുടെ പരിശ്രമമാണ് വിജയിക്കുന്നതെന്ന്! കാര്യമെന്താണെന്നാൽ മനുഷ്യനെന്തെങ്കിലും ഉത്തരവാദിത്വം നിറവേറ്റാൻ പ്രാപ്തനാണോ എന്ന് ആദ്യം നോക്കുക. കഴിവില്ലാത്തവരായി ആരെങ്കിലും കിടപ്പുണ്ടോ എന്ന് നോക്കുക. ആളുകളുടെ കുറവുണ്ടോ എന്ന് നോക്കുക. കാനഡയിൽ ആളുകളെ തിരയുക. നന്നായി സംസാരിക്കുന്ന ചിലയാളുകളെ നിങ്ങൾ കാണുന്നുണ്ടാകും. അവരെ ഉത്തരവാദിത്വമേല്പിക്കാമെന്ന് നിങ്ങൾ മനസ്സിലാക്കുകയും ചെയ്യും. സംസാരംകൊണ്ടു മാത്രം നടക്കുന്ന ചിലരുണ്ടാകും. മറ്റുള്ളവരുടെ പ്രവർത്തനത്തെ വിമർശിക്കുകയും അങ്ങനെ ആവേണ്ടതാണ്, ഇതിങ്ങനെചെയ്യേണ്ടതാണെന്നൊക്കെ അഭിപ്രായം പറയുകയും ചെയ്യുക എന്നതാണ് അവരുടെ ജോലി. സഹോദരാ മുന്നിൽവരിക, പ്രവൃത്തിക്കുക എന്ന് അവരോടു പറയുമ്പോൾ അയ്യോ ഇല്ലില്ല ഇല്ലില്ല എനിക്കു സമയമില്ലെന്ന് അവർ പറയും. അവരുടെ ശീലമാണത്. അവർക്ക് സംസാരിക്കണം, അത്രമാത്രം! അതുകൊണ്ട് നിങ്ങൾ വിഷമിക്കേണ്ടതായ ഒരു ആവശ്യവുമില്ല. അതേ! പുതിയ പുതിയ ആളുകളെ തേടുക. പുതിയതായി വരുന്നവരെ അന്വേഷിക്കുക. ഇവിടേയും ഞാൻ കണ്ടിട്ടുണ്ട്, ചില അൻസ്വാർ സ്വഫെ ദോമിൽപ്പെട്ടവരായിരിക്കും. പ്രായമുള്ളവർ വരുന്നില്ലെങ്കിൽ സ്വഫെ ദോമിൽപ്പെട്ടവരോടു, അവർ മുന്നിൽവരാൻ പറയുക. അവരെക്കൊണ്ടു പ്രവർത്തിപ്പിക്കുക. നിങ്ങളുടെ പിൻനിരയും തയ്യാറായി വരും. അവരുടെ ട്രൈനിംഗും നടക്കും. ഇപ്രകാരം നിങ്ങൾ അധീഷണലാക്കിയിട്ടുള്ളവരോടൊപ്പം ഒരുപാട് നാഇബുമാരേയും വെക്കാവുന്നതാണ്. ഇങ്ങനേയും തർബിയ്യത്തു നടക്കുന്നതായിരിക്കും. ഭാവിയിൽ നിങ്ങൾക്ക് പ്രവർത്തകരെ ലഭിക്കുകയും ചെയ്യും. ശക്തിചെലുത്തി നിങ്ങൾക്ക് ആരേയുംകൊണ്ടു പ്രവർത്തിപ്പിക്കാൻ കഴിയുകയില്ല. താങ്കളുടെ നിലവാരമെന്താണ്? നിർബന്ധപൂർവം അടിച്ചേൽപിക്കാൻ നിങ്ങളെന്തിനാണ് ശ്രമിക്കുന്നത്? ദീനീസേവനം ചെയ്യാൻ താൽപര്യംതന്നെ ഇല്ലാത്തവരെക്കൊണ്ട് നിങ്ങൾക്ക് സേവനം ചെയ്യിക്കാൻ കഴിയുകയില്ല. അതുകൊണ്ട് ദീനീസേവനത്തിന് വികാരമുള്ളവരെ അന്വേഷിച്ച് കണ്ടെത്തുക.

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ. (ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**



ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

വെറും സംസാരിക്കുന്നവരാകരുത്. നിങ്ങൾ സംസാരങ്ങളിൽ ആകർഷിക്കപ്പെടുന്നവരാണ്. സംസാരങ്ങളിൽ ആകർഷിക്കപ്പെടരുത്. ജനങ്ങളെ, എല്ലാ ഓരോരുത്തരേയും ആദ്യം നല്ലവണ്ണം ആഴത്തിൽച്ചെന്ന് ചിന്തിച്ചു പഠിക്കുക. പിന്നീട് അവരെ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് നോക്കുകയും അതിനുശേഷം അവരെക്കൊണ്ട് പണിയെടുപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുക.

ഖാഇദ് സാഹിബ് സ്വിഹ്ഹത്തെ ജിസ്മാനി ചോദിച്ചു: അല്പമൊരു വെല്ലുവിളിയുണ്ട്. അതായത് ഖുദ്ദാമുൽഅഹ്മദിയ്യ ദോമിൽനിന്ന് വരുന്ന അൻസ്വാറിൽനിന്ന് സമ്മർദമുണ്ടാകുന്നു, ഖുദ്ദാമുൽ അഹ്മദിയ്യാ സ്പോർട്ട്സ് ടീമിൽ തങ്ങൾ കളിച്ചുകൊണ്ടിരുന്നതുപോലുള്ള എന്തെങ്കിലും സംവിധാനം തങ്ങൾക്ക് ഇവിടേയും ലഭ്യമാക്കണമെന്ന ആവശ്യമുണ്ടാകുന്നു. ഇതു സംബന്ധമായി ഹുദൂറിന്റെ എന്തെങ്കിലും അഭിപ്രായം?

ഏർപാടുണ്ടാകേണ്ടതാണ്. കാരണമെന്താണെന്നാൽ അവർ വരുകയും കളിക്കാനാഗ്രഹിക്കുകയും ചെയ്യുന്നു. അപ്പോൾ ഖുദ്ദാമുൽ അഹ്മദിയ്യായെപ്പോലെ അവർക്ക് ഗ്രൗണ്ടിനുള്ള സംവിധാനം ചെയ്തുകൊടുക്കേണ്ടത് അൻസ്വാറുല്ലായുടെ ജോലിയാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)തനിക്ക് മനസ്സിലാകുന്നില്ലെന്ന് പറഞ്ഞത് ഇതുതന്നെയാണ്. ഒരാൾ ഖുദ്ദാമിലായിരിക്കുമ്പോൾ വലിയ ആക്ടീവായിരിക്കുന്നു. പണിയെടുത്തുകൊണ്ടിരിക്കുന്നു. അങ്ങനെ അയാൾക്ക് 40 വയസാകുമ്പോൾ അൻസ്വാറുല്ലായിൽ അംഗമാകുന്നു. അപ്പോൾ അയാളിൽ അലസത ഉണ്ടാകാൻ തുടങ്ങുന്നു. തനിക്ക് മടിയും അലസതയും ഉണ്ടാകരുതെന്ന് അയാൾ ആഗ്രഹിച്ചാലും അൻസ്വാറുല്ലായിലെ കുത്തിയിരിക്കുന്ന വൃദ്ധന്മാർ അവരെ അലസരാക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നു. 48 വയസ്സ് ഒരു വയസ്സൊന്നുമല്ല. അയാൾ പറയുകയാണ് തനിക്ക് കളിക്കാൻ മനസ്സു തോന്നുന്നില്ലെന്ന്. ആളുകൾ 55,55 60,60 വയസ്സുവരേയും ഏതെങ്കിലുമൊക്കെ കളിയിൽ പങ്കെടുത്തുകൊണ്ടിരിക്കും. ഏതെങ്കിലുമൊക്കെ ഗയിം, ഫുട്ട്ബോൾ കളിക്കാൻ കഴിയുന്നില്ലെങ്കിൽ ബാഡ്മെന്റൺ കളിക്കുക. അതല്ലെങ്കിൽ സൈക്കിൾ ചവിട്ടുക. നടക്കാൻ പോകുക. സ്വഫെ ദോം ഉണ്ടാക്കിയിട്ടുള്ളതുതന്നെ ഇതിനുവേണ്ടിയാണ്. അവരുടെ ടീമുകൾ ഉണ്ടാക്കുക. അവരുടെ ഫുട്ട് ബോൾ ടീമുകളുണ്ടാക്കുക. മറ്റു കളികളുടെ ടീമുകളുണ്ടാക്കുക. അവരെക്കൊണ്ട് കളിപ്പിക്കുക. അതിനുവേണ്ടുന്ന സാധനസാമഗ്രികൾ ലഭ്യമാക്കുക. ഇത് സ്വദ്ർ സാഹിബ് സ്വഫെ ദോമിന്റെയും ജോലിയാണ്. മൗലാനാ സാഹിബ് താങ്കളും കുറച്ച് വീർ കാണിക്കുക. അവർക്ക് ലഭ്യമാക്കുക. അവർക്ക് സൗകര്യങ്ങൾ ലഭ്യമാക്കുക. ഇതു നിങ്ങളുടെ ജോലിയാണ്. നിങ്ങളവരെ അലസരാക്കുകയാണ്. ഇപ്പോൾ നിങ്ങൾ യുവാക്കളാണ്. നിങ്ങൾക്ക് നാൽപതു വയസ്സായെന്നും കിഴവന്മാരായെന്നും നിങ്ങൾ എത്രവേഗമാണ് ചിന്തിച്ചത്? നിങ്ങൾ കിഴവന്മാരായിട്ടില്ല. അതുകൊണ്ടാണ് സ്വഫെ ദോം ഉണ്ടാക്കിയത്. 55, 60 വയസ്സുവരെ നിങ്ങൾ കിഴവന്മാരല്ല. നിങ്ങൾ കിഴവന്മാരായിട്ടുണ്ടോയെന്ന് 55 വർഷത്തിനു ശേഷം ചിന്തിക്കുന്നതായിരിക്കും. അതുകൊണ്ട് യുവാക്കളുടെ യുവാവായിരിക്കേണ്ടതാണ്. അതുകൊണ്ട് ഖുദ്ദാമുൽഅഹ്മദിയ്യായിൽ ചെയ്തുവന്നതുപോലെ നിങ്ങളുടെ ആക്ടിവിറ്റീസ് എപ്പോഴും പുതുമയോടെ നിലനിറുത്തുക. അതു അൻസ്വാറുല്ലായിലും തുടർന്നുകൊണ്ടു പോകുക.

സ്വിഹ്ഹത്തെ ജിസ്മാനീ ഖാഇദ് സാഹിബ് പറഞ്ഞു:ഹുദൂർ ഇൻശാ അല്ലാഹ്

---

**(പേജ് 1ൽനിന്ന്)**

അഹോകഷ്ടം! മുസ്‌ലിമീങ്ങൾ കഴിഞ്ഞ കുറച്ചു നൂറ്റാണ്ടുകൾകൊണ്ട് ഈ ഉപദേശത്തെ മറപ്പിച്ചു കളയുകയും അവരുടെ ശക്തി ക്ഷയിക്കുകയും ചെയ്തു. അവർ സമുദ്രയാനങ്ങളെ ഗൗനിച്ചിരുന്നുവെങ്കിൽ ഇസ്‌ലാമൊരിക്കലും ഇപ്പോളുള്ളതുപോലെ ഇത്രമാത്രം ദുർബലമാകുമായിരുന്നില്ല. ഫള്ളൽനാഹും അലാ കഥീരിൻ മിമ്മൻ ഖലഖ്നാ എന്നതുകൊണ്ട് ചിലയാളുകൾ വാദിക്കുന്നത് മനുഷ്യൻ ചിലതരത്തിലുള്ള സൃഷ്ടികളെക്കാൾ ശ്രേഷ്ഠമാണെന്നാണ്. എല്ലാത്തരത്തിലുള്ള സൃഷ്ടികളെക്കാളും ശ്രേഷ്ഠരല്ലത്രെ!എന്നാൽ, ഈ വാദം ശരിയല്ല. കാരണം ഇവിടെ ആദം സന്തതികളെ കുറിച്ച് പറഞ്ഞിട്ടുള്ളത് സംഘമെന്ന നിലയിലാണ്. എല്ലാ മനുഷ്യരും എല്ലാ സൃഷ്ടികളെക്കാളും ശ്രേഷ്ഠരല്ലെന്നതിൽ എന്തു സംശയമാണുള്ളത്? മനുഷ്യരിൽ ചിലർ അങ്ങേയറ്റം വൃത്തികെട്ടവരാണ്. മൃഗങ്ങളെക്കാൾ അധഃപതിച്ചവരാണ്. ചിലർ നിസ്സാരരായ മനുഷ്യരാണ്. മൃഗങ്ങളെക്കാൾ നല്ലവരാണ്. ചിലർ വളരെ നല്ലവരാണ്. സാധാരണ മലക്കുകളെക്കാൾ നല്ലവരാണ്. ചിലർ ഉന്നതസ്ഥാനത്തുള്ളവരാണ്. ഉന്നതരായ മലക്കുകളെക്കാൾ ഉന്നതരാണ്. ചുരുക്കത്തിൽ എല്ലാ മനുഷ്യരും എല്ലാ സൃഷ്ടികളെക്കാളും ശ്രേഷ്ഠരല്ല. പ്രത്യുത ചില മനുഷ്യർ എല്ലാ സൃഷ്ടികളെക്കാളും നല്ലവരാണ്. മനുഷ്യൻ മനുഷ്യനെന്ന നിലയിൽ ഭൂരിഭാഗം സൃഷ്ടികളിലും നല്ലവരാണ്. കാരണം സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, കുതിരകൾ, കാളകൾ, ഒട്ടകങ്ങൾ, ആടുകൾ ഇവയെല്ലാം അവിശ്വാസികൾക്കും സത്യവിശ്വാസികൾക്കും ജോലി ചെയ്യുന്നു. എല്ലാവരുടേയും സേവനത്തിൽ നിയോഗിതരാണ്. അതുകൊണ്ട് മനുഷ്യൻ വർഗത്തിന്റെ അടിസ്ഥാനത്തിൽ ഭൂരിഭാഗം സൃഷ്ടികളെക്കാൾ ശ്രേഷ്ഠരാണ്. മനുഷ്യൻ പൂർണതയുടെ അടിസ്ഥാനത്തിൽ എല്ലാ സൃഷ്ടികളെക്കാളും ശ്രേഷ്ഠനാണ്.(തഫ്സീറെ കബീർ, വാല്യം 4, പേജ് 365, പ്രസാധനം ഖാദിയാൻ 2010)

---

**(പേജ് 6 ൽനിന്ന്)**

ലജ്ന ഇമാഇല്ലായുടെ വിവിധനിലകളിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. ലോക്കൽ നാഇബ് സ്വദ്ർ, ലോക്കൽ സ്വദ്ർ, റീജ്യണൽ സ്വദ്ർ എന്നീ സ്ഥാനങ്ങളിൽ സേവനം ചെയ്തു. ഇസ്‌ലാം- അഹ്മദിയ്യത്ത് പ്രചരിപ്പിക്കുന്നതിനുവേണ്ടി കഠിനാധ്വാനം ചെയ്യുകയും തബ്‌ലീഗുപരമായ പരിപാടികൾ ക്രമീകരിക്കുകയും ചെയ്തു. ലജ്നയുടേയും നാസ്വിറാത്തിന്റേയും തഅ്‌ലീം തർബിയ്യത്തിനുവേണ്ടിയും വിവിധ പരിപാടികൾ സംഘടിപ്പിച്ചു. തന്റെ കുട്ടികൾക്കും നല്ല രീതിയിൽ ദീനീപരമായ ശിക്ഷണം നല്കി. ഇപ്രകാരം അവരുടെ ഭൗതികവിദ്യഭ്യാസവും ശ്രദ്ധിച്ചു. സന്തപ്തകുടുംബത്തിൽ ഭർത്താവിനുപുറമെ രണ്ടു ആൺകുട്ടികളും രണ്ടു പെൺമക്കളുമുണ്ട്. പരേതയുടെ നാലു മക്കളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന്റെ കർമനിരതരായ അംഗങ്ങളാണ്. ദീനീസേവനത്തിന് അവർക്ക് തൗഫീഖും കിട്ടിക്കൊണ്ടിരിക്കുന്നു. അല്ലാഹു പരേതയോടു പൊറുക്കലോടും കരുണയോടുംകൂടി പെരുമാറട്ടെ. അവരുടെ മക്കളേയും അവരുടെ ദുആകൾക്കും അവരുടെ നന്മകൾക്കും അനന്തരാവകാശികളാക്കുമാറാകട്ടെ.

---

**128-ാമത് ഖാദിയാൻ ജൽസസാലാന 2023 ഡിസംബർ 29,30,31 (വെള്ളി, ശനി, ഞായർ)തിയതികളിൽ സംഘടിപ്പിക്കുന്നതാണ്.**

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹ് 128-ാമത് ഖാദിയാൻ ജൽസസാലാന 2023 ഡിസംബർ 29,30,31 (വെള്ളി, ശനി, ഞായർ)തിയതികളിൽ സംഘടിപ്പിക്കുന്നതിന് അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽത്തന്നെ ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കുന്നതിന് ദുആയോടുകൂടി നിയ്യത്ത് വെച്ച് തയ്യാറെടുപ്പുകൾ നടത്തുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽ പങ്കെടുക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ഈ ജൽസസാലാന എല്ലാ വിധത്തിലും വിജയപ്രദവും അനുഗൃഹീതവുമാകുന്നതിനും ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തമാകുന്നതിനും ദുആ തുടർന്നുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹു അഹ്സനൽ ജസാഇ(നാള്വിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)

**ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്**

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്ക് അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെത്തന്നെ ദുആക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. അയക്കേണ്ട വിലാസം:

മുഹമ്മദു ഇസ്മായീൽ ആലപ്പുഴ, ബൈത്തുൽ ഇസ്റ വണ്ണാം തടം, അടുത്തില,
പഴയങ്ങാടി, കണ്ണൂർ 670303 ismayeel.ha@gmail.com

**• അല്ലാഹുവിന്റെ കലാം: •**

**നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)**




tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM



ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശവുമെടുത്ത് ആ മഹാത്മാവിന്റെ യഥാർഥ ഇസ്‌ലാമികാധ്യാപനങ്ങൾ മുന്നിൽവെച്ചുകൊണ്ട് ഓരോ രാജ്യത്തും ഈ സന്ദേശമെത്തിക്കുക.

അഹ്മദിയ്യ ഖിലാഫത്തിനോടു പൂർണമായ കൂറും ബന്ധവും നമ്മുടെ ഈമാനിന്റെ അഭിവൃദ്ധിക്കുവേണ്ടി വ്യക്തിപരമായ നിലയിലും കൂട്ടായിട്ടും അങ്ങേയറ്റം പ്രാധാന്യമർഹിക്കുന്നതാണ്. അതുകൊണ്ട് നമ്മൾ നമ്മുടെ എല്ലാ പരിശ്രമങ്ങളും ഈ ഖിലാഫത്ത് വ്യവസ്ഥിതിക്കുവേണ്ടി വഖ്ഫു ചെയ്യേണ്ടതാണ്.

പതിവായി ഖുത്ബകൾ കേൾക്കുകയും അതിൽ നല്കപ്പെടുന്ന ഉപദേശങ്ങളനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നത് എല്ലാ ഖാദിമും തങ്ങളുടെമേൽ നിർബന്ധമാക്കേണ്ടതാണ്.

**ബംഗ്ലാദേശ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ വാർഷിക സമ്മേളനത്തിന്റെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസിന്റെ പ്രത്യേക സന്ദേശത്തിന്റെ മലയാള സംക്ഷിപ്തം**

ബംഗ്ലാദേശ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായിലെ പ്രിയപ്പെട്ട അംഗങ്ങളേ!

അസ്സലാമുഅലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു

50-ാമത് നാഷണൽ ഇജ്തിമായുടെ അനുഗൃഹീത അവസരത്തിൽ സന്ദേശമയക്കാൻ നിങ്ങളുടെ സ്വദ്ർ സാഹിബ് അപേക്ഷിച്ചിരിക്കുകയാണ്.

ഈ അനുഗൃഹീത അവസരത്തിൽ എനിക്കു നല്കാനുള്ള സന്ദേശം, മനുഷ്യ നിർമിതമായ നിയമങ്ങൾ, വ്യാജമായ വിശ്വാസാദർശങ്ങൾ, അനാചാരങ്ങൾ, സന്ദേഹപൂജകൾ എന്നിവയ്ക്ക് വിധേയമായി കഴിഞ്ഞിരിക്കുന്ന ഇസ്‌ലാമിന്റെ, യഥാർഥ ചൈതന്യത്തെ വീണ്ടും ജീവിപ്പിക്കുന്നതിനുവേണ്ടി അല്ലാഹു നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ച് ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചിരിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)മനുഷ്യകുലത്തിനുമുമ്പിൽ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം സമർപിച്ചു. സത്യമായ മാർഗത്തിന്റെ അന്വേഷികളായിട്ടുള്ളവരെ ശരിയായ ദിശയിൽ സന്മാർഗത്തിന്റെ വെളിച്ചത്താൽ പ്രശോഭിതരാക്കി. അവിടത്തെ വഫാത്തിനുശേഷം ഖിലാഫത്തിന്റെ അനുഗൃഹീത സംവിധാനം അതേ മഹത്തായ ഉദ്ദേശ്യസാക്ഷാത്കാരത്തിന് സ്ഥാപിതമായി. അഹ്മദിയ്യ ഖിലാഫത്തുമുഖേന ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ അധ്യാപനം ഇന്ന് ലോകത്തിന്റെ അറ്റങ്ങളോളം പൂർണമായ ശക്തിയോടുകൂടി വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)കൊണ്ടുവന്ന അതേ സന്മാർഗം ഇന്ന് ലോകത്തിന്റെ അറ്റങ്ങളോളമെത്തിക്കൊണ്ടിരിക്കുന്നു. ബംഗ്ലാദേശ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ അംഗങ്ങളെന്ന നിലയിൽ നിങ്ങളുടെ ചുമലുകളിൽ ഒരു മഹത്തായ ചുമതലയുണ്ട്. അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശവുമെടുത്ത് ആ മഹാത്മാവിന്റെ യഥാർഥ ഇസ്‌ലാമികാധ്യാപനങ്ങൾ മുന്നിൽവെച്ചുകൊണ്ട് ഓരോ രാജ്യത്തും ഈ സന്ദേശമെത്തിക്കുക. നിങ്ങൾ ആത്മീയവും ധാർമികവുമായ അഭിവൃദ്ധിയുടെ ഉന്നതമായ നിലവാരം കരസ്ഥമാക്കുമ്പോഴാണ് ഇതു പൂവണിയുന്നത്; വിശുദ്ധ ഖുർആനിന്റേയും നബി(സ)തിരുമേനിയുടേയും മാതൃക നമ്മെ പഠിപ്പിക്കുന്നതുപോലെ. ആത്മാവിന്റെ  സംസ്കരണം അഹ്മദിയ്യത്ത് പ്രചരിപ്പിക്കുന്നതിനുള്ള ഒരു ഉന്നതമായ മാർഗമാണ്. ഇസ്‌ലാം എല്ലാ പ്രയാസങ്ങൾക്കും ഒരാത്മീയമായ പരിഹാരം സമർപിക്കുകയും ആത്മസംസ്കരണത്തിന്റെ ഫോർമുല പറയുകയും ചെയ്തിട്ടുണ്ട്. നിത്യവുമുള്ള നമസ്കാരം മുഖേന അല്ലാഹുവിനെ ആരാധിക്കുക, വിശുദ്ധഖുർആനിന്റെ പാരായണം, അതിന്റെ എല്ലാ ഓരോ കൽപനയുമനുസരിച്ച് കർമങ്ങൾ ചെയ്യുക, ആത്മസംസ്കരണത്തിനും മനസ്സിൽ മാറ്റമുണ്ടാക്കുന്നതിനും ഏറ്റവും ഫലപ്രദമായ മാർഗമാകുന്നു. എന്നല്ല ഇതു നമ്മുടെ ദീനിന്റെ സുപ്രധാനമായ ഭാഗവുമാണ്. ഇത് എല്ലാ അഹ്മദികളും നല്ല രീതിയിൽ നിറവേറ്റേണ്ടതാണ്.

അതുപോലെതന്നെ അഹ്മദിയ്യ ഖിലാഫത്തിനോടു പൂർണമായ കൂറും ബന്ധവും നമ്മുടെ ഈമാനിന്റെ അഭിവൃദ്ധിക്കുവേണ്ടി വ്യക്തിപരമായ നിലയിലും കൂട്ടായിട്ടും അങ്ങേയറ്റം പ്രാധാന്യമർഹിക്കുന്നതാണ്. അതുകൊണ്ട് നമ്മൾ നമ്മുടെ എല്ലാ പരിശ്രമങ്ങളും ഈ ഖിലാഫത്ത് വ്യവസ്ഥിതിക്കുവേണ്ടി വഖ്ഫു ചെയ്യേണ്ടതാണ്. എന്നല്ല അതിന്റെ അനുഗൃഹീത തണലിൽ ഐക്യത്തിന്റേയും പരസ്പരബന്ധങ്ങളുടേയും ശോഭയും സാഹോദര്യബന്ധവും കാണുമാറാകുംവിധം ഒരു അന്തരീക്ഷവും സ്ഥാപിക്കേണ്ടതാണ്.

പതിവായി ഖുത്ബകൾ കേൾക്കുകയും അതിൽ നല്കപ്പെടുന്ന ഉപദേശങ്ങളനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നത് എല്ലാ ഖാദിമും തങ്ങളുടെമേൽ നിർബന്ധമാക്കേണ്ടതാണ്. കാരണം ഈ ഖുത്ബകൾ നമ്മുടെ ആത്മീയാഭിവൃദ്ധിക്കുള്ള ഉറവിടമാണ്. അതു മതപരമായ അടിസ്ഥാനത്തിൽ നമ്മുടെ ആത്മീയപരവും ധാർമികപരവുമായ വളർച്ചയ്ക്ക് ആവശ്യമായതു പൂർത്തീകരിക്കുന്നു.

നമ്മൾ പരസ്പരം സുഹൃത്ബന്ധം സ്ഥാപിക്കേണ്ടതും നിർബന്ധമാണ്. പരസ്പരും സ്നേഹത്തോടും അനുരക്തിയോടുംകൂടി താമസിക്കുക. അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നതിനും അവന്റെ തൃപ്തിക്കും വേണ്ടിമാത്രം നമ്മൾ ശ്രമിക്കുകയും അല്ലാഹു പ്രദാനം ചെയ്തിരിക്കുന്ന ഖിലാഫത്തിന്റെ തണലിൽ  മനുഷ്യകുലത്തിന് സേവനം ചെയ്യുകയും വേണ്ടതാണ്.

എന്റെ ഈ സന്ദേശം നിങ്ങളുടെ ഈമാനിൽ അഭിവൃദ്ധിക്ക് നിമിത്തമാകുന്നതായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ ഈ സന്ദേശം നിങ്ങളുടെ രാജ്യത്തെ യുവാക്കൾവരെ മാത്രമല്ല എത്തുക പ്രത്യുത മറ്റു സൊസൈറ്റികളിലും വ്യാപിച്ചുകൊണ്ടുപോകുന്നതായിരിക്കും.

അല്ലാഹു നിങ്ങളുടെ ഇജ്തിമായെ എല്ലാവിധത്തിലും അനുഗ്രഹിക്കുമാറാകട്ടെ. അതിന്റെ എല്ലാ പരിപാടികളിൽനിന്നും പ്രവൃത്തികളിൽനിന്നും നിങ്ങൾ പ്രയോജനമെടുക്കുന്നവരാകട്ടെ. അല്ലാഹു എപ്പോഴും നിങ്ങളോടൊപ്പം ഉണ്ടാകുമാറാകട്ടെ. നിങ്ങളെ അവന്റെ സ്നേഹത്തിന്റെ മടിത്തട്ടിൽ വെക്കുമാറാകട്ടെ. ആമീൻ.

വസ്സലാം
വിനീതൻ
(ഒപ്പ്)മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽമസീഹ് അൽഖാമിസ്
(അൽഫള്ൽ ഇന്റർനാഷണൽ2022 നവംബർ 15)

## • ഹദീഥുന്നബ്വി(സ) •

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

## • കലാമുൽ ഇമാം: •

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാല്യം 1, പേജ് 220)

ത്വാലിബെ ദുആ:
K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

## (2015 മെയ്, ജൂൺ)

വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

**2015 ജൂൺ 08 തിങ്കളാഴ്ച**
**വാല്യം 8 ലക്കം 29 പേജ് 10 കോളം 3-ൽ നിന്ന് തുടർച്ച......**

ഹുദൂർ അൻവർ രാവിലെ 04.30ന് സുബ്ഹി നമസ്കാരത്തിന് നേതൃത്വം നല്കി. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ രാവിലെ ഓഫീസ് സംബന്ധമായ കത്തുകളും റിപ്പോർട്ടുകളും കത്തുകളും പരിശോധിച്ചു. ആവശ്യമായ ഉപദേശനിർദേശങ്ങൾ നല്കി.മസിഡോണിയൻ സംഘം ഹുദൂറിനെ കാണുന്നു:

വിവിധ രാജ്യങ്ങളിൽനിന്നുവന്ന അതിഥികളുമായുള്ള കൂടിക്കാഴ്ചാ ദിനമായിരുന്നു ഇന്ന്. 10.55ന് ഹുദൂർ മസ്ജിദിന്റെ പുരുഷന്മാരുടെ ഹാളിലെത്തി. മസിഡോണിയയിൽ നിന്നു വന്ന അതിഥികൾ ഹുദൂറുമായി കൂടിക്കാഴ്ചക്ക് അവിടെ ഉപവിഷ്ടരായിരുന്നു.

മസിഡോണിയയിൽനിന്നു 62 പേരടങ്ങുന്ന സംഘമാണ് ജർമനി ജൽസാസാലാനയിൽ പങ്കെടുക്കാനെത്തിയിരുന്നത്. 14 ക്രൈസ്തവ സുഹൃത്തുക്കളും 27 അനഹ്മദി മുസ്‌ലിമീങ്ങളും 21 അഹ്മദീ മുസ്‌ലിമീങ്ങളും ഈ സംഘത്തിന്റെ ഭാഗമായിരുന്നു. എല്ലാ അതിഥികളുടേയും സുഖവിവരങ്ങൾ ഹുദൂർ ചോദിച്ചറിഞ്ഞു.

ജൽസയെ സംബന്ധിച്ചുള്ള അവരുടെ പ്രതികരണങ്ങളെക്കുറിച്ച് ഹുദൂർ അൻവർ അന്വേഷിച്ചു.

ഒരു ടെലിവിഷന്റെ പ്രതിനിധിയായിവന്ന അതിഥി:മസിഡോണിയായുടെ ഭാഗത്തുനിന്ന് ഹുദൂർ അൻവറിന്റെ തിരുസമക്ഷത്തിൽ ഞങ്ങൾ സലാം അറിയിക്കുന്നു. ജൽസക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും സഹവർത്തിത്വത്തിന്റേയും നിങ്ങളുടെ ജമാഅത്തിൽ ദർശിച്ച കാര്യങ്ങൾ ഞങ്ങൾ മറ്റെവിടേയും കണ്ടിട്ടില്ല. ജൽസയുടെ എല്ലാ സംവിധാനങ്ങളും വളരെ മികച്ചതായിരുന്നു. ഓരോ പ്രവൃത്തിയും മികവാർന്ന അച്ചടക്കത്തിലാണ് നടന്നത്.

മധ്യപൂർവ്വ ദേശത്തുനിന്നും സിറിയയിൽ നിന്നും പാക്കിസ്താൻ, അഫ്ഘാനിസ്താൻ രാജ്യങ്ങളിൽ നിന്നും ആയിരക്കണക്കിന് അഭയാർഥികൾ ഗ്രീസിലും മസിഡോണിയായിലുമെത്തിയിട്ടുണ്ട്. പിന്നീട് ഇവർ യൂറോപ്യൻ രാജ്യങ്ങളിലുംമെത്തുന്നു. ഇവിടുത്തെ പാർല്യമെന്റംഗങ്ങൾ അവരെ ഇവിടെ വരാൻ സഹായിക്കുമോ?

ഹുദൂർ അൻവർ:നമ്മുടെ അംഗങ്ങളുമെത്തുന്നുണ്ട്. വിവിധ മനുഷ്യാവകാശ സംഘടനകളുമായി ഞങ്ങൾ ബന്ധപ്പെടുന്നു. സ്വന്തം അംഗങ്ങൾക്കു വേണ്ടി അവരെ സമീപിക്കുന്നു. എല്ലാവരേയും ഈ സംഘടനകൾ സഹായിക്കേണ്ടതാണ്.

ഞങ്ങളുടെ അടുക്കൽ ഭരണകൂടമില്ല. ചില രാഷ്ട്രീയ നേതാക്കളുടെ ശ്രദ്ധ ഞങ്ങൾ ധാർമികമായി ക്ഷണിക്കുന്നു. അവകാശങ്ങൾക്കുവേണ്ടി പോരാടുന്ന ഒരു പ്ലോറ്റുഫോമും നമുക്കില്ല.

ജേർണലിസ്റ്റ്:യൂറോപ്പിൽ താമസിക്കുന്ന യുവാക്കൾ ഇവിടുത്തെ കൽച്ചറിൽ ലയിക്കരുതെന്ന് ഹുദൂർ ഇന്നലത്തെ പ്രഭാഷണത്തിൽ പറഞ്ഞു. ഇതുകൊണ്ട് ഹുദൂർ എന്താണ് ഉദ്ദേശിച്ചത്?

ഹുദൂർ അൻവർ:അവരെല്ലാവരേയും ഉന്നതമായ ഇസ്‌ലാമിക മൂല്യങ്ങളിൽ കൊണ്ടു വരണമെന്നാണ് ഞാൻ പറഞ്ഞത്. അതുകൊണ്ട് ലോകരുടെ ശ്രദ്ധ ഇസ്‌ലാമിലേക്ക് ക്ഷണിക്കുന്ന തരത്തിലുള്ള അവസ്ഥകൾ സൃഷ്ടിക്കേണ്ടതാണ്. ഇസ്‌ലാമിക ലോകത്തോടും അമുസ്‌ലിമീങ്ങളോടും യഥാർഥ ഇസ്‌ലാമിക അധ്യാപനത്തെ കുറിച്ച് പറയേണ്ടതാണ്.

ഇന്റഗ്രേഷനെക്കുറിച്ച് മുമ്പേ ഞാൻ പറഞ്ഞു വന്നതാണ്. ഏതു രാജ്യത്ത് പോകുന്നവോ അവിടെ താമസമാക്കേണ്ടതാണ്. അവിടുത്തെ പൗരത്വം നേടുക. ശേഷം ആ രാജ്യത്തിന് സേവനം സമർപ്പിക്കേണ്ടത് അനിവാര്യമാണ്. പ്രസ്തുത രാജ്യത്തിലെ വ്യക്തിയായിരിക്കുമ്പോൾ കൂറോടുകൂടി ആ രാജ്യത്തിന്റെ പുരോഗതിക്കു വേണ്ടി ശ്രമിക്കുക.

ഒരതിഥി:അഹ്മദീ മുസ്‌ലിമീങ്ങളും ഇതരരും തമ്മിലുള്ള വ്യത്യാസമെന്താണ്?

ഹുദൂർ അൻവർ: നബി(സ)തിരുമേനി 1400 വർഷം മുമ്പേ പ്രവചിച്ച വാഗ്ദത്ത മഹ്ദീ മസീഹിൽ അഹ്മദീ മുസ്‌ലിമീങ്ങൾ വിശ്വസിക്കുന്നു. ആ മഹാത്മാവ് വരുമ്പോൾ അദ്ദേഹത്തെ സ്വീകരിക്കണമെന്നും സലാമെത്തിക്കണമെന്നും മഞ്ഞുകട്ടയിന്മേൽ മുട്ടിട്ട് ഇഴഞ്ഞു പോകേണ്ടി വന്നാലും അത് ചെയ്യണമെന്നും നബി(സ)തിരുമേനി പറഞ്ഞിരുന്നു. പ്രവചനമനുസരിച്ച് വാഗ്ദത്ത മഹ്ദീ മസീഹ് (അ) നിയോഗിതരായി. ഞങ്ങൾ അദ്ദേഹത്തെ സ്വീകരിച്ചു.

ഹദ്റത്ത് ഈസാ നബി (അ) ആകാശത്തിൽ ഉടലോടെ പോയ്ട്ടില്ലെന്ന് ഞങ്ങൾ ദൃഢമായും വിശ്വസിക്കുന്നു. ആകാശത്തുനിന്നു ആരും വരിക സാധ്യവുമല്ല. എന്നല്ല, മുസ്‌ലിമീങ്ങളിൽ നിന്നു തന്നെ ഏതെങ്കിലും വ്യക്തി മസീഹീ ഗുണങ്ങളോടുകൂടി നിയോഗിതരാകേണ്ടിയിരുന്നു. അദ്ദേഹത്തിനു അനുരൂപനായി വരേണ്ടിയിരുന്നു. വരേണ്ടിയിരുന്ന മസീഹ് വന്നിരിക്കുന്നു. അദ്ദേഹം മഹ്ദിയും ആകേണ്ടിയിരുന്നു. മസീഹും മഹ്ദിയും ഒരേ വ്യക്തിയായിരിക്കുമെന്ന് നബി(സ)തരുമേനിയുടെ ഹദീഥിൽ നിന്നു സ്ഥാപിതമാണ്. കൂടാതെ വിശുദ്ധ ഖുർആനും നബി(സ)തിരുമേനിയും മഹ്ദീ മസീഹിന്റെ വരവിനെ സംബന്ധിച്ച് അടയാളങ്ങൾ വിവരിച്ചിട്ടുണ്ട്. സൂര്യനും ചന്ദ്രനും ഒരേ റമളാനിൽ ഗ്രഹണമുണ്ടകുമെന്നത് ഒരു അടയാളമായിരുന്നു. മറ്റു വളരെയധികം അടയാളങ്ങളുമുണ്ട്. ഇതെല്ലാം പൂർത്തിയാകുന്നതായി കണ്ടപ്പോൾ ഞങ്ങള് അദ്ദേഹത്തിൽ വിശ്വസിച്ചു. മറുഭാഗത്ത്, ഇപ്പോൾ മസീഹ് വന്നിട്ടില്ലെന്നും അദ്ദേഹം ആകാശത്തു നിന്നാണ് ഇറങ്ങേണ്ടതെന്നും പറയുന്ന മറ്റുമുസ്‌ലിമീങ്ങൾ മസീഹിന്റെ വരവിനെ പ്രതീക്ഷിച്ചിരിക്കുകയാണ്. അദ്ദേഹം വന്നുവെന്നും അദ്ദേഹത്തിന്റെ വരവുമായി ബന്ധപ്പെട്ട അടയാളങ്ങളെല്ലാം പൂർത്തിയായെന്നും ഇതെല്ലാം അദ്ദേഹത്തിന്റെ സത്യതക്കുള്ള സാക്ഷ്യമാണെന്നും മറുവശത്ത് ഞങ്ങൾ പറയുന്നു.

നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീനാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. വിശുദ്ധ ഖുർആൻ അവസാന ഗ്രന്ഥമാണ്. വിശുദ്ധ ഖുർആനിനുശേഷം ഒരു പുതിയ ശരീഅത്തും വരികയില്ല. വിശുദ്ധ ഖുർആനിന്റെ കൽപനകളും അധ്യാപനങ്ങളും മുന്നോട്ട് നയിക്കുന്ന ദൗത്യമാണ് വരാനിരിക്കുന്ന മഹ്ദീ മസീഹിന്റേത്. വിശുദ്ധ ഖുർആനിന്റെ ശരീഅത്ത് അനുസരിച്ചുതന്നെ അദ്ദേഹം പ്രവർത്തിക്കുകയും പ്രവർത്തിപ്പിക്കുകയും വേണം.

ഒരു അതിഥി:ആദ്യമായാണ് ഞാൻ ജൽസയിൽ പങ്കെടുക്കുന്നത്. ഇത്ര വിശാലമായ സംവിധാനമു ണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. എല്ലാ സംവിധാനവും വളരെ മികച്ചതായിരുന്നു. എന്തെങ്കിലും ആവശ്യം വന്നാൽ അതുടൻതന്നെ നല്കപ്പെട്ടിരുന്നു. മൂന്നു ദിവസം ഞങ്ങളിവിടെ താമസിച്ചു. നിങ്ങളുടെ സിസ്റ്റം കണ്ടപ്പോൾത്തന്നെ ഞാൻ വളരെ വിസ്മയത്തിലായിപ്പോയി. നിങ്ങളുടെ എല്ലാ സംവിധാനവും അത്ഭുതം ഉളവാക്കുന്നതാണ്.

അതിഥി: ജമാഅത്തിലെ അംഗങ്ങൾ കൂടുതൽ എവിടെയാണുള്ളത്?

ഹുദൂർ അൻവർ:പാക്കിസ്താനിലാണ് കൂടുതലുള്ളത്. അതേപോലെത്തന്നെ ആഫ്രിക്കയിലും വലിയ വലിയ ജമാഅത്തുകളുണ്ട്. ഘാനയിൽ ലക്ഷക്കണക്കിന് അഹ്മദികളുണ്ട്. അല്ലാഹു അനുഗ്രഹിക്കുന്നവർ ജമാഅത്ത് സ്വീകരിക്കുന്നു. എല്ലായിടത്തും ഞങ്ങൾ സന്ദേശമെത്തിക്കുന്നു. താനിച്ഛിക്കുന്നവർക്ക് അല്ലാഹു മാർഗദർശനം നല്കുന്നു. അവർ ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. എല്ലാവരുടേയും ഹൃദയം തുറക്കുമാറാകട്ടെ എന്നാണ് അല്ലാഹുവിനോടുള്ള ഞങ്ങളുടെ പ്രാർഥന. നബി(സ)തിരുമേനിയുടെ ദീർഘദർശനമനുസരിച്ച് വന്ന മഹ്ദി മസീഹിനെ ജനങ്ങൾക്ക് സ്വീകരിക്കാൻ കഴിയുമാറാകട്ടെ.

മറ്റൊരു അതിഥി: മുസ്‌ലിം രാജ്യങ്ങളിൽ ജമാഅത്തിന് സെന്ററോ കേന്ദ്രമോ ഇല്ലാത്തതെന്തുകൊണ്ടാണ്?

ഹുദൂർ അൻവർ: മഹ്ദി വരുമെന്നുള്ള സുവാർത്ത നബി(സ)തിരുമേനി നല്കിയപ്പോൾ അറബികളിൽനിന്നു വരുമെന്ന് പറഞ്ഞിട്ടില്ല. വ ആഖരീന മിൻഹും ലമ്മാ യൽഹഖൂ ബിഹിം എന്ന വചനം നബി(സ)തിരുമേനി സൂചിപ്പിച്ചപ്പോൾ ഇപ്പോൾ അല്ലെങ്കിലും സ്വഹാബികളുടെ പദവിയാർജിക്കുന്ന അവർ ആരാണെന്ന് ഒരു അനുചരന്മാർ അന്വേഷിച്ചു. ഹദ്റത്ത് സൽമാനുൽ ഫാരിസിയുടെ തോളിൽ കൈവെച്ചുകൊണ്ട് നബി(സ)തിരുമേനി പറഞ്ഞു:വിശ്വാസം കാർത്തിക നക്ഷത്രത്തിലെത്തിയാലും അതായത് ഭൂമിയിൽ നിന്നു അപ്രത്യക്ഷമായാലും ഇവരിൽനിന്നു ഒരാളോ കുറച്ചു പേരോ അതിനെ മടക്കിക്കൊണ്ടു വരുന്നതായിരിക്കും. ഹദ്റത്ത് സൽമാൻ അനറബിയായിരുന്നു. ഇതിലൊരു ദീർഘദർശനമുണ്ടായിരുന്നു. വരാനിരിക്കുന്ന മഹ്ദി മസീഹ് അറബികളിൽ നിന്നല്ലെന്നാണ് അതി.

അറബികൾക്ക് അല്ലാഹു നല്കിയ ഖിലാഫത്ത് എന്ന അനുഗ്രഹം അവരുടെ പ്രവർത്തികൾ കാരണത്താൽ അവരിൽനിന്നു നീക്കപ്പെട്ടു. അറബികൾ ഈ അനുഗ്രഹത്തെ നഷ്ടപ്പെടുത്തി. അതുകൊണ്ട് പുറത്തുനിന്നുള്ള സമൂഹത്തിൽനിന്നു അല്ലാഹു മഹ്ദിയെ നിയോഗിച്ചു. ഇതുകൊണ്ടുതന്നെയാണ് മുസ് ലിമീങ്ങൾ മറ്റു രാജ്യത്ത് വന്നിരിക്കുന്ന പ്രസ്തുത മസീഹിനെ സ്വീകരിക്കാത്തത്. അഹ്മദികളെ അവർ വ്യാജരെന്ന് പറയുന്നു. ഈ വിഷയങ്ങളിൽ ഞങ്ങളുമായി ചർച്ചക്ക് അവർ തയ്യാറാകുന്നില്ല. സംസാരിക്കുന്നില്ല. എന്നല്ല, അവർ സ്വന്തം പണ്ഡിതന്മാരുടെ കൈകളിലെ കളിപ്പാട്ടമായിരിക്കുന്നു. വിശുദ്ധ ഖുർആനിലെ വചനങ്ങൾക്കും ഇമാം മഹ്ദിയുടെ വരവിനെ സംബന്ധിച്ചുള്ള നബി(സ)തിരുമേനിയുടെ തിരുമൊഴികൾക്കും ഇവരുടെ പണ്ഡിതന്മാർ നല്കിയ വ്യാഖ്യാനമനുസരിച്ചതുതന്നെ ഇവർ നടക്കുന്നു.

പാക്കിസ്താനും ഇന്തൊനേഷ്യയും മുസ്‌ലിം രാജ്യങ്ങളാണ്. ഇവിടെ ലക്ഷക്കണക്കിന് അഹ്മദികളുണ്ട്. ഇന്തൊനേഷ്യയിൽ വലിയ

ഉവിലുണ്ട്. നമ്മുടെ ദൗത്യം പ്രചാരണമാണ്. ദൈവിക ജമാഅത്തുകൾ സന്ദേശമെത്തിച്ചു കൊണ്ടിരിക്കുന്നു. അവർ വർധിച്ചു കൊണ്ടിരിക്കുന്നു. നമുക്ക് എം.ടി.ഏ-3 എന്ന അറബി ചാനലുമുണ്ട്. എല്ലാ പരിപാടികളും അറബിയിൽ സംപ്രേഷണം ചെയ്യുന്നു. ഓരോ വർഷവും അറബ് രാജ്യങ്ങളിൽനിന്ന് ആളുകൾ ജമാഅത്തിൽ പ്രവേശിക്കുന്നുണ്ട്.

ഒരു അതിഥി:ഞാൻ അഹ്മദിയാണ്. ആദ്യമായാണ് വരുന്നത്. മസിഡോണിയയിൽ വളരെ പ്രശ്നങ്ങളുണ്ട്. മസിഡോണിയയിൽ അഹ്മദിയ്യത്ത് കൂടുതൽ വേഗത്തിൽ വ്യാപിക്കാൻ ദുആ ചെയ്യുക.

ഞങ്ങൾ പ്രചാരണവും നടത്തുന്നുണ്ട്. ദുആയും ചെയ്യുന്നുണ്ട്. എവിടെയെല്ലാം പ്രതിബന്ധങ്ങളുണ്ടോ അവിടേയും ശ്രമിക്കുന്നുണ്ട്. അല്ലാഹു ഇഹ്ദിനസ്സിറാത്വൽ മുസ്തഖീം എന്ന പ്രാർഥന പഠിപ്പിക്കുന്നു. ശരിയായൊരു മാർഗമുണ്ടെങ്കിൽ അല്ലാഹു അതിലേക്ക് മാർഗദർശനം നല്കാനും അത് സ്വീകരിക്കാനും തുണയ്ക്കുന്നതിനുവേണ്ടി പ്രാർഥിക്കുക. ഭരണകൂടത്തിന് തടസ്സങ്ങൾ നീക്കാൻ അല്ലാഹു അവസരം ഒരുക്കിക്കൊടുക്കാനും മസിഡോണിയായിലെ അഹ്മദികൾ ദുആ ചെയ്യേണ്ടതുണ്ട്. വഴിയിൽ തടസ്സങ്ങളിടപ്പെടാത്ത ഒരു നബിയും വന്നിട്ടില്ല. തടസ്സങ്ങളുണ്ടാകുന്നുണ്ടെങ്കിലും നീങ്ങിപ്പോകുന്നു. നിങ്ങൾ ദുആ ചെയ്യുക.

ഒരു അതിഥി:രാഷ്ട്രീയരംഗമാണ് എന്റെ പ്രവർത്തന മണ്ഡലം. പ്രശ്നങ്ങളുണ്ടെങ്കിൽ അവ പരിഹരിക്കുമെന്ന് ഗ്യാരന്റി നല്കുന്നു.

ഹുദൂർ അൻവർ:പൗരന്മാരുടെ കടമകൾ നിർവഹിക്കാനൻ ശ്രമിക്കുക എന്നത് വിശ്വസ്തതയുടെ തേട്ടമാണ്. അപ്രകാരം ചെയ്താൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് പാത്രമാകും.

ഒരു നവഅഹ്മദി:ഞാൻ ഇന്നലെയാണ് ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചത്. നമ്മൾ അഹ്മദി ഗ്രൂപ്പിനെ ആരാണ് ശഫാഅത്ത് ചെയ്യുന്നത്?

ഹുദൂർ അൻവർ: ശഫാഅത്ത് അഥവാ ശിപാർശ ചെയ്യാനുള്ള അവകാശം അല്ലാഹു നബി(സ) തിരുമേനിയ്ക്കാണ് നല്കിയിട്ടുള്ളത്. അഹ്മദികൾ മുസ്‌ലിമീങ്ങളാണ്. വിശുദ്ധ ഖുർആനും നബി(സ)തിരുമേനിയും പറഞ്ഞതനുസരിച്ച് നമ്മൾ നല്ലവരാകുകയും സൽക്കർമങ്ങൾ ചെയ്യുകയുമാണെങ്കിൽ അതു നമുക്കുണ്ടാകും. സൽകർമങ്ങളെല്ലാം നമ്മൾ ചെയ്യുന്നവരാണെങ്കില് അത് സ്വർഗത്തിന്റെ അവകാശികളാക്കുന്നതാണ്.

ശേഷിക്കുന്ന കാര്യം ശിപാർശയാണ്. അതിന്റെ അവകാശം നബി(സ)തിരുമേനിയ്ക്കാണ്. അല്ലാഹുവിന്റെ അനുമതിയോടെയാണ് അത്. നബി(സ)തിരുമേനി അവസാന പ്രവാചകനാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ)പറയുന്നു:ഞാൻ നബി(സ) തിരുമേനി യുടെ ദാസനെന്നന്ന നിലയിലാണ് വന്നിട്ടുള്ളത്. ഞാൻ നേടിയ ശ്രേഷ്ഠതകളെല്ലാം അവിടത്തെ ദാസത്വത്തിൽനിന്നുമാണ്. എല്ലാം അങ്ങയിൽ നിന്നുതന്നെയാണ് കരസ്ഥമാക്കിയിട്ടുള്ളത്.

ഒരു മൗലവിക്കും ശിപാർശ ചെയ്യാൻ കഴിയില്ല. ഒരു ഖാജക്കും സയ്യിദിനും ആർക്കു വേണ്ടിയും ശിപാർശ ചെയ്യാൻ സാധിക്കില്ല.

ഹദ്റത്ത് ഖലീഫത്തുല് മസീഹ് അവ്വൽ(റ) ഒരു പീർസയ്യിദിനെ കുറിച്ച് പറയാറുണ്ടായിരുന്നു. ഒരു സ്ത്രീയോട് അദ്ദേഹം പറഞ്ഞു:നിങ്ങൾ പാപം ചെയ്ത് വന്നിരിക്കുന്നു. ഞാൻ സയ്യിദാണ്. ഞാൻ നബി(സ)തിരുമേനിയുടെ കുടുംബ പരമ്പരയിൽപെട്ടയാളാണ്. ഞാൻ നിങ്ങൾക്കുവേണ്ടി ശിപാർശ ചെയ്യാം. അല്ലാഹു നിങ്ങളോട് ചോദിച്ചാൽ സയ്യിദ് കുടുംബത്തിലുള്ള ഒരു വ്യക്തിയുടെ അനുയായിയാണ് താനെന്ന് പറഞ്ഞേക്കുക. നബി(സ)തിരുമേനി എത്ര ബുദ്ധിമുട്ടുകളാണ് സഹിച്ചത്. ഇതിന്മേൽ നിങ്ങൾ സ്വർഗത്തിൽ പ്രവേശിക്കാൻ അല്ലാഹു പറഞ്ഞുകൊള്ളും. സയ്യിദാണെന്നും നബി(സ)തിരുമേനിയുടെ കുടുംബത്തിൽ പെട്ടതാണെന്നും ഞാൻ വരുമ്പോൾ അല്ലാഹുവിനോടു പറയും. അപ്പോൾ അല്ലാഹു എന്നേയും പോകാൻ വിടും. ഇതൊക്കെയാണ് ഇവരുടെ വർത്തമാനങ്ങൾ.

അല്ലാഹു ഒരു പീറിനും ഖാജക്കും സയ്യിദിനും മൗലവിക്കും ശിപാർശാവകാശം നല്കിയിട്ടില്ല.

സ്വന്തം പ്രവർത്തിയിലേക്ക് മനുഷ്യർ ശ്രദ്ധിക്കേണ്ടതുണ്ട്. സൽകർമവും നന്മകളും ചെയ്യേണ്ടതാണ്. അല്ലാഹുവിൽനിന്ന് അവന്റെ അനുഗ്രഹം തേടുക.

ബഖറ എന്ന അധ്യായത്തിലെ 256-ാം വചനത്തിൽ ഇതുതന്നെയാണ് അല്ലാഹു വിശദമാക്കുന്നത്; അല്ലാഹുവിന്റെ അനുമതി കൂടാതെ ആർക്കും ശിപാർശ ചെയ്യാനുള്ള അവകാശമില്ലെന്ന്!

ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ന്റെ സാത്വികനായ ഒരു സ്വഹാബിയുടെ മകന് കഠിനമായ രോഗം പിടിപ്പെട്ടു. ഏകദേശം മരണാവസ്ഥിലെത്തി. ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) അദ്ദേഹത്തിന്റെ ആയുരാരോഗ്യത്തിനുവേണ്ടി പ്രാർഥിച്ചു. അല്ലാഹു അദ്ദേഹത്തെ മരണത്തിന്റെ വായിൽനിന്ന് പുറത്തു കൊണ്ടുവരാൻ അദ്ദേഹം പ്രാർഥിച്ചു. എന്നാൽ, ഈ പ്രാർഥന സ്വകരിച്ചില്ല. അപ്പോൾ ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)വീണ്ടും അല്ലാഹുവിനോടു പറഞ്ഞു: പ്രാർഥന സ്വീകൃതമല്ലെങ്കിൽ എന്റെ ശിപാർശ സ്വീകരിച്ചാലും. അപ്പോൾ അല്ലാഹുവിന്റെ ഭാഗത്തുനിന്നു വെളിപാടുണ്ടായി:'എന്റെ അനുമതിയില്ലാതെ ശിപാർശ ചെയ്യുന്നവനാരാണ്?'

ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) പറയുന്നു:ഞാൻ വിറച്ചു പോകുന്ന കാഠിന്യത്തോടെയാണ് എനിക്ക് വെളിപാടുണ്ടായത്. അപ്പോൾ അല്ലാഹുവിനോടു ഞാൻ വളരെയധികം ഇസ്തിഗ്ഫാർ ചെയതു. അങ്ങനെ അല്ലാഹുവിൽനിന്ന് വെളിപാടുണ്ടായി:'നിനക്ക് അനുമതി നല്കപ്പെടുന്നു.' അങ്ങനെ അല്ലാഹുവിന്റെ അനുമതിയോടെ ആ മഹാത്മാവ് ശിപാർശ ചെയ്തു. ആ കുട്ടി സുഖം പ്രാപിച്ചു. മരണത്തിന്റെ വായിൽ നിന്നു പുറത്തു വന്നു.

ചില കാര്യങ്ങളിൽ അല്ലാഹു അനുമതി നല്കുമ്പോൾ അവൻ തന്റെ മറ്റു പ്രിയപ്പെട്ടവർക്കും അനുമതി കൊടുക്കാവുന്നതാണ്. എന്നാൽ, അല്ലാഹുവിന്റെ അനുമതി നിബന്ധനയാണ്.

ശിപാർശക്കുള്ള അടിസ്ഥാനപരമായ അനുമതി അല്ലാഹു നബി(സ)തിരുമേനിക്കു മാത്രമാണ് നല്കിയത്. ഉമ്മത്തിനുവേണ്ടി ചെയ്യാവുന്ന ശിപാർശയ്ക്ക് മറ്റാർക്കും അനുമതി നല്കിയിട്ടില്ല. അവസാന നാളിൽ നബി(സ)തിരുമേനിയുടെ അസ്തിത്വമാണ് ശിപാർശ ചെയ്യുക, മാറ്റാരുമല്ല.

ചോദ്യ കർത്താവ്:ഹുദൂർ പറയുന്ന കാര്യങ്ങൾ എന്റെ നെഞ്ചകത്തിലിറങ്ങുന്നു. ഞാനിപ്പോൾ കരയുമെന്ന സ്ഥിയിലാകുന്നതുപോലെ തോന്നുന്നു.

ഹുദൂർ അൻവർ: താങ്കൾ ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥം വായിക്കുക. വിശുദ്ധ ഖുർആനിനും നബി(സ)തിരുമേനിയുടെ തിരുമൊഴികൾക്കും പുറമെ മറ്റൊന്നുംതന്നെ ആ മഹാത്മാവിന്റെ അധ്യാപനങ്ങളിൽ പറയപ്പെട്ടിട്ടില്ല. ഇതുതന്നെയാണ് അടിസ്ഥാനം. അല്ലാഹു കൂടുതൽ ആത്മാർഥതയും ബന്ധവും നല്കുമാറാകട്ടെ. തന്റെ അനുഗ്രഹങ്ങൾ പ്രദാനം ചെയ്യുമാറാകട്ടെ.

ഒരു അഹ്മദി പെൺകുട്ടി ജൽസാ സാലാനയ്ക്കുവേണ്ടി ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)നെ കുറിച്ച് ഒരു കവിത രചിച്ചിരുന്നു. ഹുദൂറുമായുള്ള കൂടിക്കാഴ്ചാ അവസരത്തിൽ ഉർദുവിൽ പ്രസ്തുത കവിത മാധുര്യത്തോടെ ആലപിച്ചു. കവിതയുടെ ആദ്യ വരി ഇങ്ങനെയാണ്.

*വൊ ദേഖ്ത്താ ഹെ ഗയ്റോം സെ ക്യൂൻ ദിൽ ലഗാത്തെ ഹൊ*

*ജോ കുച്ച് ബുത്തോം മെ പാത്തെ ഹൊ ഉസ് മെ വൊ ക്യാ നഹീം.*

(അവൻ നോക്കുന്നു, മറ്റുള്ളവരെ എന്തിനാണ് സ്നേഹിക്കുന്നത്. അവനിലില്ലാത്തതെന്താണ് ബിംബങ്ങളിൽ നിങ്ങൾ കാണുന്നത്.)

മസിഡോണിയയിൽനിന്നുവന്ന ദമ്പതിമാർ സിക്കാർസ്കി ജോർഡാൻ(ഇശസമൃസെശ ഖീൃറമി) സാഹിബയും ലിഡിജ സാഹിബയും അവരുടെ വികാരങ്ങൾ ഇങ്ങനെ പ്രകടിപ്പിച്ചു:

മൂന്നാമത്തെ പ്രാവശ്യമാണ് ഞങ്ങൾ ജർമനി ജൽസാ സാലാനയിൽ പങ്കെടുക്കുന്നത്. ഇപ്പോൾ ഞങ്ങൾ ഞങ്ങളെ ജമാഅത്തിന്റെ ഭാഗമെന്ന് മനസ്സിലാക്കുന്നു. ജൽസയുടെ അന്തരീക്ഷം ഞങ്ങളെ സ്വാധീനിച്ചു. ഇവിടെ സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും സാഹചര്യമാണ്. ഞങ്ങൾ വളരെ സന്തോഷത്തോടെ അടുത്ത ജൽസയിൽ പങ്കെടുക്കാനാഗ്രഹിക്കുകയാണ്. ഖലീഫയുടെ പ്രഭാഷണങ്ങൾ ശ്രവിച്ചപ്പോൾ വളരെയധികം ആകർഷണമുണ്ടായി. വിശിഷ്യാ, കാര്യങ്ങൾ മനസ്സിലാക്കി തരാൻ അദ്ദേഹം സ്വീകരിച്ച രീതി വളരെ നല്ലതായിരുന്നു.

ഒരു അതിഥി കോറാൻ സിതം ബൊലേസ്കി സാഹിബ് പറയുന്നു:വളരെ മികച്ചതായിരുന്നു ജൽസയുടെ സംവിധാനം. വിശിഷ്യാ, ജൽസയുടെ പ്രധാന ഹാളിൽ നടന്ന പ്രോഗ്രാം ഞങ്ങളെ വളരെ ആകർഷിച്ചു. വളരെ നല്ല രീതിയിൽ എല്ലാ സംവിധാനങ്ങളും ചെയ്യപ്പെട്ടു. തങ്ങളുടെ ഖലീഫയോടുള്ള സ്നേഹം എത്രയാണെന്നും

**• കലാമുൽ ഇമാം: •**

'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാല്യം 3, പേജ് 38)

**• അല്ലാഹുവിന്റെ കലാം: •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3, പേജ് 38)**

**തൊഴിലാളികളെ ആവശ്യമുണ്ടോ?**

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732

താലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 17 August 2023 Issue-33

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

ജമാഅത്തിലെ അംഗങ്ങളുടെ പെരുമാറ്റത്തിൽ നിന്നു പ്രകടമായിരുന്നു. ഈ സ്നേഹാദരവ് ഞങ്ങളെ ആശ്ചര്യപ്പെടുത്തി. ഞങ്ങളുടെ എല്ലാ പരിചയക്കാർക്കും മസിഡോണിയയിൽ മടങ്ങി എത്തിയതിനുശേഷം ഈ വിവരങ്ങൾ ഞങ്ങൾ നല്കുന്നതാണ്.

മസിഡോണിയയിൽനിന്നു വന്ന ഒരു അതിഥി കൈറോദി മത്രോസ്കി സാഹിബ് പറയുന്നു: അങ്ങയുടെ ജമാഅത്തിനെ കുറിച്ച് ഞാൻ വളരെ പ്രഭാവിതനാണ്. ജീവിതത്തിലാദ്യമായാണ് ഇത്ര നല്ല വ്യക്തികളെ ഞാൻ കാണുന്നത്. എന്നെ ഏറ്റവുമധികം പ്രഭാവിതനാക്കിയത് ഇവിടെനിന്നു ലഭിച്ച ഇസ്‌ലാമിന്റെ സന്ദേശമാണ്. ചുമരുകളിൽ എഴുതപ്പെട്ട സന്ദേശങ്ങൾ കേവലം വാക്കുകളല്ല, നിങ്ങളത് യഥാർഥ രൂപത്തിൽ പ്രാവർത്തികമാക്കുന്നുണ്ട്. നിങ്ങൾ സ്നേഹം നല്കുന്നു, സമാധാനം പ്രകടമാക്കുന്നു. ഇതെല്ലാം ഞങ്ങളുടെ മനസ്സിനെ ആഴത്തിൽ സ്വാധീനിച്ചു.

മസിഡോണിയയിൽനിന്നു ഒരു അതിഥി ഏർച്ച് നജാത്ത് സാഹിബ് പറയുന്നു:ജൽസയുടെ വളരെ വലിയ സ്വാധീനം എന്നിലുണ്ടായി. ജൽസയിലെ പ്രഭാഷണങ്ങൾ വളരെ നല്ലതായിരുന്നു. അതിന്റെ ചുരുക്കം സമാധാനവും ഇതര മതത്തിനോടുള്ള ആദരവും പരസ്പര സ്നേഹവും സമാധാന സ്ഥാപനവുമാണ്. അഹ്മദിയ്യാ ജമാഅത്ത് സ്നേഹവും സമാധാനവും സർവ്വ ജനതക്കുവേണ്ടിയും കാണിച്ചു കൊടുക്കുന്നുവെന്നത് ദൃശ്യമാണ്. ആരോടും ഈ ജമാഅത്ത് വെറുപ്പ് വെച്ചു പുലർത്തുന്നില്ല. ഈ ജമാഅത്ത് എല്ലാവരേയും സ്നേഹത്തിലേക്ക് നയിക്കുന്നു. എല്ലാവരേയും ആദരിക്കണമെന്നതാണ് ഇസ്‌ലാമിക അധ്യാപനവും.

മസിഡോണിയയിൽനിന്നു വന്ന മറ്റൊരു വനിത അതിഥി ജൂലിജാ കോണിയോസ്കാ സാഹിബാ പറയുന്നു: ഹുദൂറിനെ കണ്ടപ്പോൾ ഞാൻ വളരെ ആകർഷിതയായി. ഹുദൂർ ഞങ്ങളെ സ്വീകരിച്ചത് എന്നെ വളരെ ആശ്ചര്യപ്പെടുത്തി. അദ്ദേഹത്തിന്റെ അറിവിന്റെ വിശാലത എന്നെ അത്ഭുതപ്പെടുത്തി.അറിവിന്റെ മേൽ അദ്ദേഹത്തിന് നല്ല അവഗാഹമുണ്ട്. അദ്ദേഹത്തിന്റെ വ്യക്തിത്വം സമാധാനപൂരിതമാണ്. എല്ലാവരുടേയും ശ്രദ്ധാകേന്ദ്രമാകുന്ന ആത്മീയ ശക്തി ഖലീഫയിലുണ്ട്. ഓരോ ചോദ്യത്തിനും മറുപടി നല്കുക എന്നതും അതിനുവേണ്ടി തയ്യാറായി ഇരിക്കുക എന്നതും ഡോക്ടർ മറുപടി നല്കാൻ വിഷമിക്കുന്ന ചോദ്യങ്ങൾപോലും കൈകാര്യം ചെയ്യുക എന്നതും ഖലീഫയിലെ ആത്മീയ ശക്തിയാണ്. സർവ വിധേനയും ഖലീഫ ഞങ്ങളെ പരിഗണിച്ചു. പൂർണ ശ്രദ്ധ ഞങ്ങൾക്കു നല്കി.

സാമൂഹികപ്രവർത്തകൻ എന്ന നിലയിലാണ് ഞാൻ പ്രവർത്തിക്കുന്നത്. ഈ ജൽസാ സകല ലോകത്തേയും മുസ്‌ലിമീങ്ങളെ ഐക്യപ്പെടുത്തി എന്ന് ഞാൻ പറയും. ഞാൻ മതപരമായി ക്രിസ്ത്യാനിയാണ്. എന്നിട്ടും ഈ നാളുകളിൽ ഞാൻ വളരെയധികം സന്തോഷം അനുഭവിക്കുന്നു. വളരെ സന്തോഷവതിയാണ് ഈ നാളുകളിൽ. ആദ്യമായാണ് ഇത്തരത്തിലുള്ള ഒരു പ്രോഗ്രാമിന്റെ ഭാഗമാകുന്നത്. വളരെയധികം സ്വാധീനങ്ങൾ ഈ ജൽസ ഇട്ടുതന്നിരിക്കുന്നു. എല്ലാവരെ കുറിച്ചും ശ്രദ്ധ വെക്കുന്ന ഇത്തരത്തിലുള്ള അനഭവങ്ങളിലൂടെ ആദ്യമായാണ് ഞാൻ കടന്നു പോകുന്നത്. ഇവിടെ ഉണ്ട് എന്നതിൽ എനിക്ക് ആഹ്ലാദമുണ്ട്. നിങ്ങളുടെ വളരെ നല്ല ഭാവി ഞാൻ ആഗ്രഹിക്കുന്നു.

മസിഡോണിയയിൽനിന്നു വന്ന ഒരു അതിഥി ടോണി അജ്ടൈൗസ്കി സാഹിബ് പറയുന്നു:ഞാനൊരു പത്ര പ്രവർത്തകനാണ്. ജൽസയിൽ ഈ വർഷം പങ്കെടുക്കാൻ സാധിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. എനിക്കിത് ഒരു പുതു അനുഭവമാണ്. വിവിധ പരിപാടികളിൽ പത്ര പ്രവർത്തകൻ എന്ന നിലയിൽ ഞാൻ പങ്കെടുത്തിട്ടുണ്ട്. എന്നാലിത് ഏറ്റവും നല്ല പരിപാടിയായിരുന്നു. വളരെയധികം വ്യക്തികൾ ഇതിന്റെ ഭാഗമായി. വളരെ നല്ല രീതിയിൽ എല്ലാ പരിപാടികളും സംവിധാനിച്ചു. ഇവിടെ പൂർണ അച്ചടക്കമുണ്ടായിരുന്നു. അല്ലാഹുവിന്റെ മുമ്പിൽ എല്ലാവരും തുല്യരാണെന്നത് എന്നെ ഏറ്റവും പ്രഭാവിതനാക്കിയ കാര്യമാണ്. മതം, വർഗം, ഭാഷ എന്നിവ കാരണത്താൽ പരസ്പരം ഭിന്നിപ്പില്ല. ഒരു അമുസ്‌ലിം എന്ന നിലയിൽ ഇതെനിക്ക് സുപ്രധാനമാണ്.

'സ്നേഹം എല്ലാവരോടും, വെറുപ്പ് ആരോടുമില്ല' എന്ന നിങ്ങളുടെ മുദ്രാവാക്യം മനുഷ്യകുലത്തിന്റെ പരസ്പര ബന്ധങ്ങളെ സ്ഥാപിക്കുന്നതിന് സഹായിക്കുന്നതാണ്. അതുമുഖേന മാത്രമേ മനുഷ്യത്വം നിലനില്ക്കുകയുള്ളൂ. ഈ ലക്ഷ്യം എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ഭാവിയിൽ നിങ്ങൾക്ക് വിജയം ആശംസിക്കുന്നു.

മസിഡോണിയാ സംഘാംഗത്തിലെ ഒരു അതിഥി അക്കി അക്കിയോവ് സാഹിബ് പറയുന്നു: ഈ ജൽസയുടെ ഭാഗമായി വളരെയധികം പ്രഭാവിതനായി. എന്റെ പ്രതീക്ഷകൾ പൂർത്തിയായി. ഞാൻ മുസ്‌ലിമാണ്. ഇനി ഞാൻ അഹ്മദിയ്യാ ജമാഅത്തിൽ ചേരാനാഗ്രഹിക്കുന്നു.

മസിഡോണിയയിൽനിന്നു വന്ന ഒരു അതിഥി സബീനാ രാമദാനോവ സാഹിബ പറയുന്നു:ഞാൻ ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. സേവനം ചെയ്തിരുന്ന ജമാഅത്തിന്റെ പ്രവർത്തകരാണ് എനിക്കുണ്ടായ ഇവിടുത്തെ പ്രഥമ ആകർഷണം. ഓരോരുത്തരേയും അവർ ശ്രദ്ധിച്ചിരുന്നു. വളരെ നല്ല രീതിയിൽ ആതിഥേയത്വം നിർവഹിച്ചിരുന്നു.

താമസത്തിനുള്ള സംവിധാനങ്ങളും മികച്ചതായിരുന്നു. എന്നാൽ, ജൽസ നടക്കുന്ന സ്ഥലം ദൂരത്തായിരുന്നു. ഞങ്ങൾക്ക് കുറേ നേരം കാത്തിരിക്കേണ്ടി വന്നു. താമസസ്ഥലം സമീപത്തായിരുന്നെങ്കിൽ ഞങ്ങൾ ചൂടിൽ ഇത്രയധികം അസ്വസ്ഥരാകുകയില്ലായിരുന്നു. പ്രഭാഷണങ്ങൾ കൂടുതൽ ശ്രദ്ധയോടെ കേൾക്കാമായിരുന്നു. ക്ഷീണിതരാകുകയില്ലായിരുന്നു. കാരണം, ഹാളിലെത്തിയതിനുശേഷം ഫ്രഷാകണമെന്നും എന്തെങ്കിലും കഴിക്കണമെന്നും കുടിക്കണമെന്നും തോന്നിയിരുന്നു.

ജൽസയിലേക്ക് ആദ്യമായി വരുന്നവർക്ക് സവിശേഷ ശ്രദ്ധ കൊടുക്കേണ്ടതുണ്ട്. അവർക്ക് എല്ലാ കാര്യങ്ങളും നല്ലവണ്ണം പറഞ്ഞു കൊടുക്കണം. ഇസ്‌ലാമിനെ കുറിച്ച് അവർക്ക് ആദ്യം പരിചയപ്പെടുത്തണം. തുടർന്ന് ഇസ്‌ലാം സ്വീകരിക്കാനുതകുംവിധം അവർക്ക് കൂടുതൽ വിശദാംശങ്ങൾ മനസ്സിലാക്കി കൊടുക്കുകയും വേണം.

മസിഡോണിയയിൽനിന്നു വന്ന ഒരു അതിഥി ഡ്രാഗൺ ജിയോഗീവ് പറയുന്നു:ആദ്യമായാണ് ഞാൻ ജൽസയുടെ ഭാഗമാകുന്നത്. വളരെ ഗംഭീരമാണ് ഇവിടുത്തെ എല്ലാമെല്ലാം. വളരെയധികം ജനങ്ങൾ അവിടെയുണ്ടായിരുന്നു. ആദ്യമായാണ് മുസ്‌ലിമീങ്ങളുമായി ഇത്രയടുത്ത് പരിചയപ്പെടാൻ എനിക്ക് സാധിക്കുന്നത്. ഇസ്‌ലാമികാധ്യാപനങ്ങളെ സംബന്ധിച്ചുള്ള പ്രസംഗങ്ങൾ കേട്ടു. ഞങ്ങളെ പണ്ടേ അറിയുന്നവരെ പോലെയായിരുന്നു ഇവിടുത്തെ മുസ്‌ലിമീങ്ങൾ ഞങ്ങളെ സ്വീകരിച്ചത്. ജൽസയുടെ നിലവാരം വളരെ ഉന്നതമായിരുന്നു. ജനങ്ങളുടെ ആവശ്യങ്ങളെല്ലാം യഥാസമയം ശ്രദ്ധിച്ചിരുന്നു. ആഹാരം, വെള്ളം തുടങ്ങിയവ. എനിക്ക് അവസരം ലഭിച്ചാൽ വീണ്ടും തീർച്ചയായും ഞാൻ ജൽസയിൽ പങ്കെടുക്കും.

ഒരു അതിഥി സക്കലീന പനോസ്കാ അനൊട്സെല്കൊവി പറയുന്നു:ഉന്നത നിലവാരത്തിലാണ് ജൽസയുടെ സംഘാടനം നടന്നത്. ജനങ്ങളുടെ ആധിക്യം എന്നെ വളരെ ആകർഷിച്ചു. സുരക്ഷയുടെ സംവിധാനവും ഉന്നത ശ്രേണിയിലായിരുന്നു. ഹുദൂറിന്റെ പ്രഭാഷണവും ഇതര പ്രഭാഷണങ്ങളും മികവുറ്റതായിരുന്നു. ഹുദൂറുമായുള്ള കൂടിക്കാഴ്ച വളരെ സംതൃപ്തി നല്കി. ഞങ്ങൾക്കുവേണ്ടി സ്വന്തം സമയത്തിൽനിന്നു കുറച്ച് നീക്കിവെച്ച് അവസരം നൽകിയതിൽ ഞാൻ നന്ദി പറയുന്നു. വളരെ നല്ല കൂടിക്കാഴ്ചയായിരുന്നു. മഹനീയമായ വളരെ നല്ല അനുഭവമായിരുന്നു എനിക്കു ലഭിച്ചത്. കൂടിക്കാഴ്ചയിലുണ്ടായിരുന്ന എല്ലാവർക്കും ഹുദൂർ നല്കിയ മറുപടികൾ സംതൃപ്തി പ്രദാനം ചെയ്തിരുന്നു. ഹുദൂറിന്റെ ഭാഗത്തുനിന്നു നല്കിയ ആദരവിൽ വളരെ തൃപ്തരായിരുന്നു ഞങ്ങൾ.

മസിഡോണിയയിൽ നിന്നുവന്ന ഒരു അതിഥി അർബെൻ ഫെജ്സുലായി പറയുന്നു:ആദ്യമായാണ് ഞാൻ ജൽസയുടെ ഭാഗമാകുന്നത്. ഇതെല്ലാം എനിക്ക് പുതിയതായിരുന്നു. ഇത്തരത്തിലുള്ള ഒരു ജമാഅത്ത് ഇസ്‌ലാമിലുണ്ടെന്ന് എനിക്കറിയില്ലായിരുന്നു. വൈജ്ഞാനികമായി വളരെ വലിയ പുരോഗതി ജൽസക്കുശേഷം എനിക്ക് അനുഭവിക്കാൻ സാധിക്കുന്നു. അഹ്മദിയ്യത്തിനെ കുറിച്ച് എനിക്ക് കൂടുതൽ അറിവും പരിചയവും കരസ്ഥമായി. ഈ ജമാഅത്തിന്റെ ഭാഗംതന്നെയാണ് ഞാനെന്ന് തോന്നി. ഇത്രയധികം പേർ ഒരുമിച്ചു കൂടുന്നതും എല്ലാവരുടേയും ആവശ്യങ്ങൾക്ക് പരിഗണന നല്കുക എന്നതും വളരെ വലിയൊരു ദൗത്യമാണ്.

ഹുദൂറിന്റെ പ്രഭാഷണങ്ങൾ ശ്രവിക്കുമ്പോൾ ഇവർ പരസ്പരം പുലർത്തുന്ന സ്നേഹം എനിക്ക് അനുഭവവേദ്യമായിരുന്നു. പരസ്പരം ആദരിക്കുന്ന ഇവർ ആർക്കും ഒരു കോട്ടവും വരണമെന്ന് ആഗ്രഹിക്കുന്നില്ല. കൂടിക്കാഴ്ചയിൽ ഇന്ന് ഹുദൂറിൽനിന്ന് കേട്ടതിനെക്കുറിച്ച് ഞാൻ ഗഹനമായി ചിന്തിക്കുന്നതാണ്. ഞങ്ങൾക്കും അഹ്മദികൾക്കുമിടയിലുള്ള വ്യത്യാസമെന്തെന്നും ചിന്തിക്കും. ഹുദൂറിൽ നിന്ന് കേട്ടതെല്ലാം എനിക്ക് വളരെ നന്നായി തോന്നി. ജമാഅത്ത് സ്ഥാപിതമല്ലാത്ത എന്റെ രാജ്യത്തിലും ഇതര രാജ്യങ്ങളിലും അഹ്മദിയ്യാ മിഷണറിമാരെ അയക്കണമെന്നാണ് എന്റെ സന്ദേശം. അഹ്മദിയ്യത്ത് എന്താണെന്ന് അവർക്കും പറഞ്ഞു കൊടുക്കുക.

(തുടരും)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin